2014 ജൂലൈ, വില ₹40

# കൂട്

15

പ്രകൃതിയുടെ സ്പന്ദനം



## തിരുവാതിരയിൽ തിരുതകൃതി

## വയൽ മായുമ്പോൾ

9 772348 281403 15

www.koodumagazine.com

www.uppereeskerala.com
uppereeskerala

“ സ്നേഹതീരത്തിന്റെ
നാട്ടിൽ നിന്നും കൊതിയൂറും
വിഭവങ്ങളുമായി...



ഉപ്പേരീസ് ™
കേരള

P.O. Thalikulam, Thrissur, Kerala - 680569
Ph : +91 - 9544 36 44 46, 9544 96 444 6
email : uppereeskerala@gmail.com

കൂട്
പ്രകൃതിയുടെ സ്പന്ദനം
KOODU NATURE MAGAZINE

2014 ജൂലൈ
പുസ്തകം 2, ലക്കം 3, വില ₹40

പരിസ്ഥിതി, കൃഷി, ആരോഗ്യം തുടങ്ങിയ
മേഖലകളിൽ സമഗ്രമായ ഇടപെടൽ



കവർ സ്റ്റോറി
08 തീനാളം പൊങ്ങുംപോലെ ഇതളുകൾ തുറന്നുവിരിയുന്ന നെൽവയലുകൾ
ടി.പി. പത്മനാഭൻ

11 നെൽവയൽ നിയമവും ഡാറ്റാബാങ്കും
വി.എസ്. സുനിൽകുമാർ എം.എൽ.എ

16 വികസനം കൃഷിയിലൂടെ
എസ്. ഉഷ, തണൽ

18 നെൽവയൽ സംരക്ഷണ ആക്റ്റ്- പ്രധാന വകുപ്പുകൾ



20 വേനൽക്കിനാവുകൾ
കുഞ്ഞിരാമൻ പി.



23 കാട് ഇവിടെനിന്നും അകലെയല്ല
അഖിൽ എം.സ്.

26 ചിത്രവും ചിന്തയും
ഡോ. ഉണ്ണികൃഷ്ണൻ പുളിക്കൽ

28 വിരലൊടിച്ച് കുത്തിയാൽ പൊടിക്കുന്ന തിരുവാതിര
സിജോ പൊറത്തൂർ

30 യാത്രക്കുറിപ്പുകൾ - ഞങ്ങൾ കണ്ട പശ്ചിമഘട്ടം
ഗീതു നിഷാനി, കബിത നിഷാനി

32 പരുന്തുകളുടെ താഴ്‌വാരം
അനൂപ് എൻ.ആർ., ജിതിൻ എം.ഡി.

36 ഉഭയജീവിലോകം
സന്ദീപ് ദാസ്

38 ചിറകടികൾ
പ്രവീൺ ജെ.

39 സസ്യജാലകം
വി.സി. ബാലകൃഷ്ണൻ

40 മത്സ്യലോകം
അൻവർ അലി, ഡോ. രാജീവ് രാഘവൻ

42 സസ്തനികൾ
ഡോ. പി.ഒ. നമീർ

44 വനവൃക്ഷങ്ങൾ
ആർ. വിനോദ് കുമാർ

45 ഉരഗങ്ങൾ
ഡോ. മുഹമ്മദ് ജാഫർ പാലോട്ട്

46 ശലഭചിത്രങ്ങൾ
ബൈജു പാലുവള്ളി

47 ഇവിടെ ഇങ്ങനെ ഒരാൾ

48 പരിസ്ഥിതി വാർത്തകൾ

# പുതുതലമുറക്കിടയിലെ സ്വീകാര്യത

കൃഷി എന്ന സങ്കേതത്തിലെ അപകടം നിറഞ്ഞ വഴികളിലൂടെയാണിന്ന് നാം യാത്ര ചെയ്യുന്നത്. അതിൽത്തന്നെ ഏറ്റവും അപകടകരമായതാണ് ജനിതകവിളകളുടെ ഇന്ത്യയിലേക്കുള്ള കടന്നുകയറ്റം. അതും പോരാഞ്ഞ് കൃഷിസ്ഥലങ്ങളിൽ പരീക്ഷണം നടത്തുന്നത് സങ്കൽപ്പിക്കാനേ വയ്യ. നമ്മുടെ തനതായ വിളകളുടെ സമൂലനാശമായിരിക്കും അനന്തരഫലം.




പൊതുവേ കുറച്ചാളുകൾ മാത്രം ശ്രദ്ധിച്ചിട്ടുള്ള ഈയൊരു വിഷയത്തെ കവർസ്റ്റോറിയാക്കി ഇറക്കിയ ജൂൺലക്കം പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.

വന്ദനശിവയുടെ വാക്കുകൾ സമകാലിക കൃഷിഭൂമിയിലെ ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട വാക്കുകളാണ്. കേരളത്തിലെ കൃഷിക്കാർക്ക് അത്ര പരിചിതമല്ലാത്ത നവധാന്യയെക്കുറിച്ചും കൂടുതൽ അറിയാനായതിൽ വളരെ സന്തോഷിക്കുന്നു. അവരുടെ പ്രവർത്തനങ്ങൾ കേരളത്തിലേക്കു കൂടി വ്യാപിപ്പിക്കാൻ കൂട് വന്ദനശിവയോട് അഭ്യർത്ഥിക്കണം. സേവ് അവർ റൈസ് ക്യാമ്പെയിനുമായി തിരുവനന്തപുരത്തുള്ള തണൽ ഒഴിച്ചാൽ കേരളത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ കാര്യമായിട്ടില്ല എന്നു തന്നെ പറയാം.

കാലികപ്രാധാന്യമുള്ള ഇത്തരം വിഷയങ്ങൾ അവതരിപ്പിക്കുന്നതിൽ കൂട് കാണിക്കുന്ന ഈ പ്രബുദ്ധത തന്നെയാണ് കൂടിന്റെ പുതുതലമുറക്കിടയിലെ സ്വീകാര്യതക്കു കാരണം. എല്ലാ ആശംസകളും പിന്തുണയും.

**റഫീക്**, *മാനന്തവാടി, വയനാട്*

അടുത്തിടെ വായിച്ച അഭിമുഖങ്ങളിൽ വളരെ ഹൃദ്യമായിരുന്നു ചെറുവയൽ രാമേട്ടനുമായുള്ളത്. അദ്ദേഹം ചെറിയ ജീവിതം കൊണ്ട് വലിയ കാര്യങ്ങളാണ് ചെയ്തു കാണിക്കുന്നത്. ശരിക്കും വിത്തുകളുടെ രാമൻ തന്നെ. ഈ അഭിമുഖം വായിച്ചാൽ തീർച്ചയായും കൃഷിചെയ്യാനുള്ള ഒരു താല്പര്യം എല്ലാവരിലും ഉണ്ടാകും. മാത്രമല്ല ആ എളിയ ജീവിതത്തോട് വല്ലാത്ത ബഹുമാനവും തോന്നും. ആർഭാടങ്ങളുടെ ആഡംബരങ്ങളിൽ നീന്തിത്തുടിക്കുന്നവർ ഇങ്ങനെയുള്ള മഹാന്മാരെ മാതൃകയാക്കണം.

വിത്തുകളുടെ കുത്തകമുതലാളിമാരായ മൊൺസാന്റോയും മറ്റു കമ്പനികളും വിത്തുരാമന്മാരെ ഭയപ്പെടുന്നതിൽ തീരെ അത്ഭുതമില്ല. ഇങ്ങനെയുള്ള സവിശേഷവ്യക്തിത്വങ്ങൾ ഇനിയും കൂടിന്റെ താളുകളെ അലങ്കരിക്കണം. അഭിവാദ്യങ്ങൾ.

*വാസുദേവൻ തുണ്ടത്തിൽ, ചേലേരി, കണ്ണൂർ*

രാമേട്ടനാണ് താരം. തകർപ്പൻ ഇന്റർവ്യൂ ആയിരുന്നു രാമേട്ടന്റെ. ഫോൺ നമ്പർകൂടി കൊടുത്തിരുന്നതു നന്നായി. ഞങ്ങളുടെ അടുത്തുള്ള സ്കൂളിലെ കുട്ടികളെ രാമേട്ടന്റെ വീടും പാടവുമൊക്കെ ഒന്നു കൊണ്ടുപോയി കാണിക്കണമെന്ന് വലിയ ആഗ്രഹം. കുട്ടികൾക്ക് പ്രതീക്ഷയായി ഇങ്ങനത്തെ പുണ്യാത്മാക്കൾ ഇപ്പോഴുമുണ്ടല്ലോ ഭാഗ്യം.

*അജു ജോൺ, താമരശ്ശേരിൽ, മരട്, എറണാകുളം*

കൂടിന്റെ വാർഷികം കോഴിക്കോട് വച്ചു നടന്നിട്ടും അറിഞ്ഞില്ലല്ലോ. കൂടിന്റെ ഇനി വരുന്ന ചടങ്ങുകൾ വായനക്കാരെ നേരത്തേ തന്നെ അറിയിക്കാൻ ശ്രമിക്കുമല്ലോ. എം.ടി.യും മറ്റും പങ്കെടുത്ത വാർഷികം ഗംഭീരമായി എന്ന് വായിച്ചപ്പോഴാണ് അറിഞ്ഞത്. എ ഡേ വിത്ത് ബട്ടർഫ്ളൈസും നഷ്ടമായി. കൂടുതൽ നല്ല പ്രവർത്തനങ്ങൾക്ക് ആശംസകൾ.

*വസുന്ധര, സ്മൃതി, വടകര, കോഴിക്കോട്*

ഈയിടെയായി കൂടിൽ ചിത്രങ്ങളുടെ അതിപ്രസരമുണ്ടോ എന്ന് സംശയം. ഇത് എന്റെ മാത്രം അഭിപ്രായമല്ല. കൂടിന്റെ അഭ്യുദയ കാംക്ഷികളായ ചിലരുടെകൂടിയാണ്. മുഖ്യധാരാ മാധ്യമങ്ങൾ തിരിഞ്ഞുനോക്കാത്ത കാലികമായ ഒട്ടനവധി പ്രശ്നങ്ങൾ കൂടിലൂടെ ജനങ്ങളിലേക്കെത്തണമെന്നുള്ള താല്പര്യമുണ്ട്. അതിനായി ചിത്രങ്ങൾ കുറച്ച് കൂടുതൽ പരിസ്ഥിതിവിഷയങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കുമല്ലോ. പരിസ്ഥിതി വാർത്തകളിൽ പ്രാദേശികമായ വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കാനും ശ്രദ്ധിക്കുമല്ലോ. കൂടാതെ, കുട്ടികൾക്കായുള്ള പംക്തികൾ തുടങ്ങണമെന്ന് തുടക്കം മുതലേ ഞങ്ങൾ ആവശ്യപ്പെടുന്നതാണ്, ഒരു വർഷം കഴിഞ്ഞിട്ടും ഇത് പരിഗണിച്ചിട്ടില്ല.

*സദാശിവൻ പൊയിലിൽ, കടയ്ക്കാവൂർ, തിരുവനന്തപുരം*

**നിങ്ങളുടെ പ്രതികരണങ്ങൾ ഞങ്ങളെ അറിയിക്കുക**

കൂട് മാസിക, കൊരട്ടി പി.ഒ.
തൃശ്ശൂർ 680308
koodumasika@gmail.com
facebook.com/KooduMagazine

## വായിക്കേണ്ട വരികൾ

"പശ്ചിമഘട്ടത്തിലെ ആളുകൾ, സമതലത്തിലെ ആളുകൾ എന്നു പറഞ്ഞ് വലിയ രീതിയിലുള്ള വിഭാഗീയതയുണ്ടായിട്ടുണ്ട്. അങ്ങനെ മുറിഞ്ഞുപോയ ഒരിടത്തു നിന്നുകൊണ്ട് പശ്ചിമഘട്ടം എന്നല്ല ഒന്നും സംരക്ഷിക്കാൻ പറ്റില്ല. അത് വിളക്കിച്ചേർക്കേണ്ടത് ആവശ്യമായിരുന്നു. പശ്ചിമഘട്ടത്തിൽ ബന്ധങ്ങളുണ്ടാക്കിയെടുക്കുക. കൂട്ടായ സംരക്ഷണപ്രവർത്തനങ്ങളിൽ ഇടപെടാൻ പറ്റുന്ന ബന്ധങ്ങൾ ഉണ്ടാകുക. അത് നമുക്ക് സാധിച്ചിട്ടുണ്ട്.

കെ. സഹദേവൻ,
(മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2014 ജൂൺ 29)



## കവർ ചിത്രം

പുള്ളിപ്പുലി (Leopard)

കടുവ കഴിഞ്ഞാൽ മാർജ്ജാരവംശത്തിലെ ഏറ്റവും പ്രധാനിയാണ് പുള്ളിപ്പുലി. ഏതു സാഹചര്യങ്ങളോടും ചേർന്നുപോകാൻ ഇവയ്ക്ക് അപാരമായ കഴിവുണ്ട്. 70 ഡിഗ്രി ചൂടുള്ള ആഫ്രിക്കൻ മരുഭൂമി മുതൽ -35 ഡിഗ്രി കൊടുംതണുപ്പുള്ള റഷ്യയിൽ വരെ ഇവയുടെ സാന്നിദ്ധ്യമുണ്ട്. പിടിക്കുന്ന ഇരകളെ മരത്തിനു മുകളിൽ കൊണ്ടുപോയാണ് സാധാരണയായി ഭക്ഷിക്കുക. കൂടുതലും ചെറിയ ഇരകളെ വേട്ടയാടാൻ ഇഷ്ടപ്പെടുന്നു. കെനിയയിലെ മസായ്മാരയിൽ നിന്നാണ് ഈ ചിത്രം പകർത്തിയത്.

Photo/Mohan Thomas
Cover Design/Acko

# ഈ വയലുകൾ നാളെയുടെ പ്രതീക്ഷ

നാളെയുടെ ആവശ്യങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് ഒരു പുനർവിചിന്തനം നടത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. എന്തിനൊക്കെയാണ് മുൻഗണന നൽകേണ്ടതെന്നുള്ള ചർച്ചകളും സജീവമാകേണ്ടതുണ്ട്. എന്തായാലും അത് ആഡംബര ഫ്ളാറ്റുകളോ വില്ലകളോ ഷോപ്പിങ്ങ് കേന്ദ്രങ്ങളോ വാഹനങ്ങളോ ആകാൻ തരമില്ല. മറിച്ച് അത് നമുക്കീ ഭൂഗോളത്തിൽ ജീവൻ നിലനിർത്താൻ ഏറ്റവും അത്യന്താപേക്ഷിതമായ വായു, വെള്ളം, ഭക്ഷണം എന്നിവയായിരിക്കും എന്നതിനും സംശയമില്ല. അതുതന്നെ ശുദ്ധമായ വായു, മലിനമാകാത്ത വെള്ളം, വിഷമില്ലാത്ത ഭക്ഷണം എന്നുകൂടി തിരുത്തി വായിക്കണം. പക്ഷേ, നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഇന്നത്തെ അവസ്ഥ പരിഗണിച്ചാൽ നാളേക്കുവേണ്ടിയുള്ള (ഇന്നേക്കും) ഈ അവശ്യവസ്തുക്കളുടെ ലഭ്യത എങ്ങനെയാണ് ഉറപ്പാക്കാനാവുക?

അരിഭക്ഷണത്തെ കൂടുതലായും ആശ്രയിക്കുന്ന കേരളത്തിൽ മധ്യവർഗ്ഗ മലയാളി എങ്ങനെയുള്ള ചോറുണ്ണണമെന്ന് തീരുമാനിക്കുന്നത് ആന്ധ്രയിലെ കർഷകരാണ്, എന്തു വിലകൊടുക്കണമെന്ന് തീരുമാനിക്കുന്നത് ഇടയിൽ നിൽക്കുന്ന കച്ചവടക്കാരും. ഭക്ഷ്യസുരക്ഷയെന്ന പേരിൽ ദരിദ്രകേരളം റേഷൻകടകളുടെയും മാവേലിസ്റ്റോറുകളുടെയും മുന്നിൽ ക്യൂ നിൽക്കുകയാണ്. നമ്മൾ കഴിക്കുന്ന ഭക്ഷണം ഉത്പാദിപ്പിക്കാൻ കേരളീയരെ സ്വയംപര്യാപ്തരാക്കുകയാണ് ഏതൊരു ഭരണകൂടവും ആദ്യം ചെയ്യേണ്ടത്. ഈയൊരു തലത്തിൽ നിന്നുകൊണ്ടുവേണം നാൽപ്പതു കൊല്ലത്തിനുള്ളിൽ നാലിലൊന്നായി കുറഞ്ഞുപോയ നമ്മുടെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഇപ്പോഴത്തെ ദുരവസ്ഥയെ വിലയിരുത്താൻ. ഇനിയും നികത്തിയാൽ നമ്മുടെ കുഞ്ഞുങ്ങളുടെ അല്ലെങ്കിൽ അവരുടെ പിൻതലമുറയുടെ ഭാവിയെടുത്താവും നമ്മൾ ചൂതാടുക എന്ന ബോധ്യത്തിലാണ് 2008-ൽ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് നിലവിൽ വന്നത്. പക്ഷേ, 'വികസനം' എന്ന ഒറ്റവാക്കിൽ ഏവരുടെയും കണ്ണിൽ പൊടിയിടാനാവുന്നുണ്ട് ഭരണകൂടങ്ങൾക്ക്. തികച്ചും ന്യൂനപക്ഷമായ ധനികരുടെ വികസനമോഹങ്ങൾക്ക് മുന്നിൽ എന്നും നഷ്ടപ്പെടേണ്ടി വന്നിട്ടുള്ളത് കൃഷിയും കർഷകരുമാണ് എന്ന കാര്യം വിസ്മരിച്ചുകൂടാ. പശ്ചിമഘട്ടത്തിലെ ക്വാറികൾ സമതലങ്ങളിലെ ആഡംബരവസതികൾക്കും അംബരചുംബികളായ ഫ്ളാറ്റുകൾക്കും വേണ്ടി നിർത്താതെ മലതുരന്നുകൊണ്ടിരിക്കുമ്പോൾ, നാളേക്കുവേണ്ട വെള്ളവും ഭക്ഷണവും ഉറപ്പാക്കുന്ന വയലേലകളാണ് ഈ കോൺക്രീറ്റ് കാടുകൾക്കു വേണ്ടി നികത്തപ്പെടുന്നത്. അതിൽത്തന്നെ കൂടുതലും പ്രവാസികൾ ഒരു നിക്ഷേപം എന്ന നിലയിൽ വാങ്ങി പൂട്ടിയിടാനുള്ളതും.

അട്ടിമറിക്കപ്പെടുന്ന ഈ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ്, നമുക്കു രക്ഷപ്പെടാനുള്ള അവസാന അവസരമാണ് നഷ്ടപ്പെടുത്തുന്നത്. 'വെറ്റ്ലാന്റ്' എന്നാൽ 'വേസ്റ്റ് ലാന്റ്' എന്ന പൊതുസമൂഹത്തിന്റെ സമീപനം മാറണം. ചുറ്റുമുള്ള കിണറുകളിലും മറ്റു ജലസ്രോതസ്സുകളിലുമെല്ലാം ജലസുരക്ഷ ഉറപ്പാക്കുന്നതിന് തണ്ണീർത്തടങ്ങൾ എത്രമാത്രം ഉപകരിക്കുന്നു എന്ന് നമ്മൾ തിരിച്ചറിയണം. ലക്ഷക്കണക്കിന് ഏക്കറിൽ ജൈവകൃഷി ചെയ്യുന്ന ആന്ധ്രയുടെയും മറ്റും മാതൃക നമ്മൾ പിൻതുടരണം. പുതുതലമുറയിലെ യുവാക്കൾ കൃഷിയിലേക്ക് ആകൃഷ്ടരായി വരുന്നുണ്ടെങ്കിലും വ്യാപകമായി കൃഷിയിലേക്ക് ജനങ്ങളെ ആകർഷിക്കാനുള്ള വ്യക്തമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. നിറുത്തിവച്ചിരിക്കുന്ന ഡാറ്റാബാങ്കിന്റെ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കേണ്ടിയിരിക്കുന്നു. മാത്രമല്ല ഉദ്യോഗസ്ഥവൃന്ദം ഈ നിയമത്തെ ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്ന് ഭരണകൂടങ്ങൾ ഉറപ്പുവരുത്തുകയും വേണം. ഇതിനെല്ലാം പുറമേ 'ലാഭം' എന്ന ഒറ്റ വാക്കിന്റെ പ്രലോഭനത്തിൽ കുടുങ്ങിക്കിടക്കാതെ നിയന്ത്രണമില്ലാതെ വ്യവസായങ്ങൾ വയലുകൾക്ക് മേലേ വികസിക്കുന്നതിന് കടിഞ്ഞാണിടണം. സർക്കാരിന്റെ പൊതു ആവശ്യങ്ങൾ എന്ന പേരിൽ വരുന്ന പലതും സ്വകാര്യ റിയൽ എസ്റ്റേറ്റ് ലോബികൾക്ക് ബിസിനസ് കൊഴുപ്പിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യമൊരുക്കലാണ് എന്നു നാം തിരിച്ചറിയണം.

> നമുക്കു രക്ഷപ്പെടാനുള്ള അവസാന അവസരമാണ് നഷ്ടപ്പെടുത്തുന്നത്. 'വെറ്റ്ലാന്റ്' എന്നാൽ 'വേസ്റ്റ് ലാന്റ്' എന്ന പൊതുസമൂഹത്തിന്റെ സമീപനം മാറണം. ജലസുരക്ഷ ഉറപ്പാക്കുന്നതിന് തണ്ണീർത്തടങ്ങൾ എത്രമാത്രം ഉപകരിക്കുന്നു എന്ന് നമ്മൾ തിരിച്ചറിയണം.

പ്രതീക്ഷകളിലേക്കാണ് നമ്മൾ വിത്തെറിയേണ്ടത്. ഒന്നും പൂർണ്ണമായും നഷ്ടപ്പെട്ടിട്ടില്ല. പക്ഷേ, കൃത്യമായ നിയമങ്ങളും ശക്തമായ അതിന്റെ നിർവ്വഹണവും ഇനിയും ഉറപ്പാക്കിയില്ലെങ്കിൽ ആ പ്രതീക്ഷകൾ പതിരായിപ്പോവുമെന്ന് ഉറപ്പാണ്. നികത്തപ്പെടുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും നമ്മളുടെ കുഞ്ഞുമക്കളുടെ ഭാവിയിലേക്കാണ് ഇരുൾ വീശുന്നത്.

**എഡിറ്റർ**

എഡിറ്റർ
**മുരളീധരൻ വി.**
അസോസിയേറ്റ് എഡിറ്റർ
**സി. താജുദ്ദീൻ**
എഡിറ്റർ ഓഫ് ഫോട്ടോഗ്രാഫി
**ഡോ. ഉണ്ണികൃഷ്ണൻ പുളിക്കൽ**
**ദിലീപ് അന്തിക്കാട്**
സബ് എഡിറ്റർ
**സന്ദീപ് ദാസ്**
ആർട്ട് ഡയറക്ടർ
**അക്കോ**
ഡിസൈനർ
**ജോ തയ്യിൽ**

ടെക്നിക്കൽ സപ്പോർട്ട്
**അബു ബിലാൽ**
**സിവീഷ് ശിവരാമൻ**
ഓൺലൈൻ സപ്പോർട്ട്
**സലാഡ്സ് മീഡിയ**
ഉപദേശക സമിതി
**പ്രൊഫ. ഇ. കുഞ്ഞികൃഷ്ണൻ**
**ഡോ. പി.എസ്. ഈസ**
**ഡോ. പി.ഒ. നമീർ**
**ഡോ. മുഹമ്മദ് ജാഫർ പാലോട്ട്**
**പ്രവീൺ ജെ**
**സുഹാസ് കേച്ചേരി**

പ്രതിനിധികൾ
ഖത്തർ: എം. പി. രാധാകൃഷ്ണൻ
യു.ഏ.ഇ: സേതുമാധവൻ
ഫൈസൽബാവ
ബഹ്റൈൻ: പ്രേംജിത്ത് നാരായണൻ
സുനിൽ ഓണംകുളം

Volume 2, Issue 3
**Kootu Prakrithiyude Spandanam**
July 2014

Printed and Published by Muraleedharan V., Veluthamessery, Cheruvaloor P.O., Thrissur 680308, on behalf of Muraleedharan V., and Printed at Nirmala HiPrint, Ayyanthole, Thrissur and published at Koratty PO, Thrissur District, Kerala 680308

കൂട് മാസിക കൊരട്ടി പി.ഒ. തൃശ്ശൂർ 680308
+ 91 9495504602
koodumasika@gmail.com
koodumagazine.com

കൂടിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ ആശയങ്ങളും അഭിപ്രായങ്ങളും ലേഖകരുടേത് മാത്രം. പരസ്യങ്ങളിലെ അവകാശവാദങ്ങൾക്ക് കൂട് മാസിക ഉത്തരവാദിയായിരിക്കില്ല.



ഫോട്ടോഗ്രാഫർ: **പ്രവീൺ പി. മോഹൻദാസ്**
മനം കുളിർപ്പിക്കുന്ന മഴമേഘങ്ങൾ കാലവർഷത്തിനു വീഥിയൊരുക്കി. പശ്ചിമഘട്ടം എത്രമാത്രം സഹായമാണ് നമ്മുടെ കൃഷിക്കും ആവാസവ്യവസ്ഥക്കും നൽകുന്നതെന്ന് ഈ മഴമേഘങ്ങൾ വീണ്ടും ഓർമ്മിപ്പിക്കുന്നു. ഈ ഹരിതമേലാപ്പിനും ജീവനിലേക്ക് തൊട്ടുനിർത്തുന്ന ഈ നനവിനും നമ്മളെന്നും കടപ്പെട്ടിരിക്കുന്നു. മഴയുടെ ഭൂമിയിലേക്കുള്ള വിരുന്ന്, മംഗളാദേവിയിൽ നിന്നും.

**Camera:** Canon EOS 5D Mark II **Lens:** EF70-200mm f/4L IS **Focal Length:** 70mm, **Exposure:** Shutter 1/400 sec Aperture f/8 ISO 400





# “തീനാളം പൊങ്ങും പോലെ ഇതളുകൾ തുറന്നുവിരിയുന്ന നെൽവയലുകൾ...”

ടി.പി. പത്മനാഭൻ

“മഴൈ വളന്തരും പിണ്ടനെല്ലിൻ” (വർഷഗുണം കൊണ്ടുണ്ടായ നെൽപൊലിമയുടെ) ഊരായാണ് നെൽവയൽ-തണ്ണീർത്തടങ്ങളെ സംഘകാലകൃതികളിൽ വിശേഷിപ്പിച്ചിരുന്നത്. രണ്ടായിരം വർഷത്തോളം പഴക്കമുള്ള തമിഴ് സംഘകാലകൃതികളിൽ ഭൂമിക്ക് ജീവനുണ്ടെന്നു കല്പിച്ച് അതിലെ ഭൂദൃശ്യങ്ങളെ (Land Scapes) അഞ്ചു തിണകളായി വിഭജിച്ചിരുന്നു. ഓരോ തിണക്കും ഒരു ദേവത, ഒരു വൃക്ഷം, ഒരു ഭാവം (മനോവികാരം) എന്നിവ നൽകിയിരുന്നു. നെൽവയൽ-തണ്ണീർത്തടമെന്നത് മരുതം തിണയാണ്. തോട്ടുകരയിലും വയൽക്കരയിലും കാണുന്ന നീർമരുതാണ് മരുതത്തിന്റെ സ്ഥാനീകസസ്യം. മഴയെ ആശ്രയിച്ചുള്ള കൃഷിരീതി



Photo/Sravanthi Kethireddy

ആയതിനാൽ ഇന്ദ്രനാണ് മരുതത്തിന്റെ ദേവത. മഴയുടെ ഏറ്റക്കുറച്ചിലുകൾ മരുതനിലത്തിലുണ്ടാക്കുന്ന പ്രശ്നങ്ങൾ കൊണ്ടാകാം അവിശ്വസ്തതമൂലമുള്ള വെറുപ്പ് മരുതത്തിന്റെ ഭാവമായത്.

അകനാനൂറിൽ മരുതത്തെ വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ് - തീനാളം പൊങ്ങുന്നതുപോലെ ഇതളുകൾ തുറന്നുവിരിയുന്ന നെൽവയലുകൾ. നെല്ല് വറുക്കുമ്പോൾ തെറിച്ചുവീഴുന്ന മലരുപോലുള്ള അനേകം ചെറുമീനുകൾ ആ വയലുകളിൽ തുള്ളിവീഴുന്നു. അവയെ കൊത്തിത്തിന്നാൻ താമര ഇലകളിൽ മെല്ലെ മെല്ലെ പറന്നിറങ്ങുന്ന ചിച്ചിലക്കുരുവികൾ. വയലിൽ കന്നുപൂട്ടുന്നവർ ആനന്ദത്തോടുകൂടി പാടുന്ന ഉഴവുപാട്ടിന്റെ മുഴങ്ങുന്ന ധ്വനി. വയൽവരമ്പുകളിലൂടെ ഇറങ്ങി വയലിലെ ചേറ് കലക്കി ആമ്പലിന്റെ ഇലക്കുകീഴിൽ ഒതുങ്ങിക്കിടക്കുന്ന ആമ, താൻ അടിവെച്ച് ചെല്ലുന്നത് അറിഞ്ഞെങ്കിലോ എന്നു കരുതി മെല്ലെ മെല്ലെ കാൽ വെച്ച് വാളമീനിനെ പിടിക്കാൻ ശ്രമിക്കുന്ന വലിയ നീർപ്പക്ഷികൾ, മയിലെള്ള് മരത്തണലിലെ വെളുത്ത മണ്ണിനെ വെൺനെല്ല് പോലെ കൂട്ടിവെച്ച് മൃദുലമായ മരക്കമ്പുകൾ ഉലക്കയാക്കി കുത്തിക്കളിക്കുന്ന പെൺകിടാങ്ങളെ അല്ലലശേഷമില്ലാതെ ഉറങ്ങിയതുപോലെ നടിച്ച് തൊട്ടടുത്ത നീർമരുത് മരത്തിലിരുന്ന് വീക്ഷിക്കുന്ന മീൻകൊത്തി.

**ഭൂമിയിൽ മനുഷ്യന്റെ ഇടപെടലിന്റെ ഫലമായുണ്ടാക്കുന്ന ലാഭനഷ്ടങ്ങളെ അടിസ്ഥാനമാക്കി പാഴ്ഭൂമി, കൃഷിഭൂമി, ചതുപ്പ് എന്നിങ്ങനെ വിഭജിക്കുന്നത് ആധുനിക ഭൂമാനേജ്മെന്റ് തന്ത്രങ്ങളുടെ ഭാഗമാണ്.**

തീജ്വാല പൊങ്ങുന്നതുപോലുള്ള താമരപ്പൂക്കളുടെ ഇടക്ക് വിളഞ്ഞു നിൽക്കുന്ന സുവർണ്ണ നെൽക്കതിരുകൾ അരിഞ്ഞ് ഒരിടത്ത് കൂട്ടുന്ന കർഷകർ. അതിക്രമിച്ചെത്തുന്ന പശുക്കളെ പാടവരമ്പിൽ വളരുന്ന വള്ളികൾ മുറിച്ചെടുത്ത് കയറാക്കി പിടിച്ചുകെട്ടുന്ന കാവൽക്കാർ, വാളമീനിനെ വലയിട്ടു പിടിച്ച് ചെന്നെല്ലിനു വേണ്ടി തെരുവിൽ വിൽക്കുന്ന പാണർ, വിശാലമായ കറ്റക്കളത്തിൽ കാളകളെവിട്ടു മെതിപ്പിച്ചശേഷം ഊക്കോടെ വീശുന്നകാറ്റിൽ പതിര് പാറ്റിക്കളഞ്ഞ് നെല്ല് പൊലിപ്പിച്ചെടുക്കുന്നവർ, ഭക്ഷണത്തിനു വേണ്ടതെടുത്ത് അവശേഷിച്ചവ വല്ലങ്ങളിൽ സംഭരിക്കുന്നവർ, മരുതനിലത്തു നിന്ന് ചൂണ്ടയിട്ടു പിടിച്ച വലിയ വയറോടു കൂടിയതും ഉടുക്കിന്റെ കണ്ണൊത്തതുമായ കൊഴുത്ത ബ്രാൽ മീനിനെ വിറ്റു കള്ളു കുടിച്ച് കൂത്താടി ഉറങ്ങിപ്പോകുന്നവർ, അവരെ ചോറും പുളിങ്കറിയുമായി കാത്തിരിക്കുന്ന സ്ത്രീകൾ...... ഇങ്ങനെ പോകുന്നു മരുതനില ജീവിത വർണ്ണന.

ഭൂമിയിലെ സമസ്തവും ഋതുവ്യത്യാസങ്ങളോടും ദിനരാത്രങ്ങളോടും കാലാവസ്ഥയോടും യോജിപ്പിച്ച് അവിടെ വാഴുന്ന മനുഷ്യന്റെ വികാരവും തൊഴിലും സംസ്കാരവുമായി വിളക്കിച്ചേർത്തിരിക്കുന്ന ഒരു ജൈവ വിഭജനമാണ് തിണ സങ്കല്പത്തിലുള്ളത്. ഉയരത്തിന്റെ അടിസ്ഥാനത്തിൽ മീറ്റർ സ്കെയിൽ ഉപയോഗിച്ച് അളന്ന് മലനാട്, ഇടനാട്, തീരദേശം എന്ന് വിഭജിക്കുന്ന യാന്ത്രികതയിൽ നിന്ന് തികച്ചും വ്യത്യസ്തമാണത്.

ഭൂമിയിൽ മനുഷ്യന്റെ ഇടപെടലിന്റെ ഫലമായുണ്ടാകുന്ന ലാഭനഷ്ടങ്ങളെ അടിസ്ഥാനമാക്കി പാഴ്ഭൂമി, കൃഷിഭൂമി, ചതുപ്പ് എന്നിങ്ങനെ വിഭജിക്കുന്നത് ആധുനിക ഭൂമാനേജ്മെന്റ് തന്ത്രങ്ങളുടെ ഭാഗമാണ്. നെൽവയൽ-തണ്ണീർത്തട ആവാസവ്യവസ്ഥ ലോകത്തിലെ ഏറ്റവും ഉത്പാദനക്ഷമമായ ജീവാഭയവ്യവസ്ഥയാണ്. ഇത്തരം ഭൂമികളുടെ ഉത്പാദന-സേവനമൂല്യം അളന്നു തിട്ടപ്പെടുത്തി മൂല്യം കണക്കാക്കുന്ന രീതികൾ ഇപ്പോഴുണ്ട്. ഭരണ-വികസന കുതന്ത്രങ്ങളിൽപ്പെട്ട് അപ്രത്യക്ഷമാകുന്ന ആവാസവ്യവസ്ഥകളെ സംരക്ഷിക്കാൻ ഇത്തരം മൂല്യനിർണ്ണയവും അളവുകോലുകളും ആവശ്യമാണത്രെ. ധാന്യം, മത്സ്യം, പഴം, പച്ചക്കറി, കിഴങ്ങ് എന്നിവയുടെ ഉത്പാദനം, ഗാർഹിക-കാർഷിക-വ്യാവസായിക ആവശ്യങ്ങൾക്കുള്ള ജലസംഭരണം, കന്നുകാലിത്തീറ്റ, വിറക്, നാരുകൾ, ഔഷധസസ്യങ്ങൾ തുടങ്ങിയവയുടെ ലഭ്യത എന്നിവ 'മരുത'നിലത്തിന്റെ നേരിട്ടറിയാവുന്ന ഗുണങ്ങളാണ്. അതിന്റെ സേവനങ്ങളിൽ, കാലാവസ്ഥാനിയന്ത്രണം, തദ്ദേശീയമായ സൂക്ഷ്മകാലാവസ്ഥയിലുള്ള സ്വാധീനം, ഹരിതഗൃഹവാതകങ്ങളുടെ സ്വീകരണം, വെള്ളപ്പൊക്കം, കൊടുങ്കാറ്റ് എന്നിവയുടെ നിയന്ത്രണം, മണ്ണ്-ജലസംരക്ഷണ പരിപാലനം, മാലിന്യം വലിച്ചെടുക്കൽ, ജലശുദ്ധീകരണം എന്നിവ ഉൾപ്പെടുന്നു.

ഒട്ടനവധി സസ്യജന്തുജാലങ്ങൾക്ക് ആവാസമൊരുക്കിക്കൊണ്ട് മൂലകങ്ങളുടെ ചാക്രികത, വിത്തു വിതരണം, ഉത്പാദനം എന്നിവ നിർവ്വഹിക്കുന്നതോടൊപ്പം സാംസ്കാരിക മൂല്യങ്ങളും അവസാനധർമ്മ മൂല്യനിർണ്ണയത്തിന് അളവുകോലാക്കുന്നുണ്ട്. അങ്ങനെ കണക്കാക്കിയാൽ ഉൾനാടൻ നെൽവയൽ-തണ്ണീർത്തട ആവാസവ്യവസ്ഥയുടെ മൂല്യം പ്രതിവർഷം ഹെക്റ്ററിന് 22,24,350 രൂപയും തീരദേശവ്യവസ്ഥയുടേത് ഹെക്ടറിന് 1,07,67,450 രൂപയുമാണത്രെ. ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി വിഭാഗം തയ്യാറാക്കിയ കണക്കാണിത്.

ആ അടിസ്ഥാനത്തിൽ കേരളത്തിന് നെൽവയൽ-തണ്ണീർത്തടങ്ങൾ ഒരു വർഷം നൽകുന്ന സേവനവും വിഭവവും 1,22,868 കോടി രൂപ വിലമതിക്കും. അതിനർത്ഥം ഇന്ന് കേരളത്തിലുള്ള 1,60,590 ഹെക്ടർ തണ്ണീർത്തടവും 2,34,000 ഹെക്ടർ നെൽവയലും നിലനിർത്തിയാൽതന്നെ നമുക്ക് ഓരോ വർഷവും 1,22,868 കോടി രൂപയുടെ സേവനമൂല്യമാണ് ലഭിക്കുക. ലോകത്തിലെ മറ്റു തണ്ണീർത്തടങ്ങളുടെ കൂടി ശരാശരിവെച്ചുകൊണ്ടാണ് ഈ മൂല്യനിർണ്ണയം. ലോകശരാശരിയേക്കാൾ രണ്ടു മൂന്നിരട്ടി സേവന മൂല്യമാണ് നമ്മുടെ നാട്ടിലെ തണ്ണീർത്തടങ്ങൾ നൽകുന്നത്. അതായത് 2,45,736 കോടി രൂപ മുതൽ 3,68,604 കോടി രൂപ! ഒരു താരതമ്യത്തിന് വേണ്ടി 2012-13-ലെ കേരളസർക്കാരിന്റെ ബജറ്റ് തുക 68,923.92 കോടി രൂപയാണെന്നും ഓർക്കുക (കണക്കുകൾ, കേരള പരിസ്ഥിതി ഐക്യവേദിയുടെ 2012-ലെ ഗൈഡ്ലൈൻസ് ഫോർ ഗ്രീൻ ഡവലപ്മെന്റ് ഓഫ് കേരളയിൽ നിന്നും).

നിലവിലുള്ള നെൽവയൽ-തണ്ണീർത്തടങ്ങൾ നഷ്ടമാക്കിയാലോ? ബജറ്റ് തുക എത്രമടങ്ങ് വർദ്ധിപ്പിക്കേണ്ടിവരും-കുടിവെള്ളത്തിന്, ഭക്ഷ്യഇറക്കുമതിക്ക്, ഗാർഹിക-വ്യാവസായികാവശ്യങ്ങൾക്കുള്ള ജലത്തിന്. കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കുന്നതുതന്നെ നെൽവയൽ-തണ്ണീർത്തട ആവാസവ്യവസ്ഥകൾ കൂടിയാണ്. ഇവയില്ലാതെ, നിലനിർത്താതെ കേരളത്തിന്റെ വികസനം സാധ്യമല്ല. പക്ഷേ, ഈ സമ്പന്നമായ ആവാസവ്യവസ്ഥയിൽ സർക്കാർ നേതൃത്വത്തിൽ എന്തിനൊക്കെയാണ് ഇപ്പോൾ വിത്തിറക്കുന്നത്? വിമാനത്താവളങ്ങൾ, സർവ്വകലാശാലാ ആസ്ഥാനങ്ങൾ, ഐ.ടി. വ്യവസായങ്ങൾ, വ്യാപാരസമുച്ചയങ്ങൾ, മെഡിക്കൽ കോളേജുകളെ വെല്ലുന്ന ആശുപത്രി സമുച്ചയങ്ങൾ, വ്യാപാരമാളുകൾ, ഫ്ളാറ്റുകൾ, വില്ലകൾ, കൺവെൻഷൻ ഹാളുകൾ, ടൂറിസ്റ്റ് റിസോർട്ടുകൾ!

## തണ്ണീർത്തടങ്ങളുടെ നാശം

അതിസമ്പന്നമായ ഈയൊരു ആവാസവ്യവസ്ഥ എത്ര വേഗത്തിലാണ് നശിപ്പിച്ചുകൊണ്ടിരിക്കുന്നത്? 2004-ൽ നിന്നു 2014-ലെത്തുമ്പോൾ

**കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനാവശ്യമായ സമഗ്രമായ ഒരു നയം ഇന്നില്ല. അത് ഉണ്ടാകണം. ഓരോ പഞ്ചായത്തിലേയും തണ്ണീർത്തടങ്ങളുടെ ഒരു രേഖ അതിനായി ആദ്യമായുണ്ടാക്കണം.**

50 ശതമാനം തണ്ണീർത്തടങ്ങളും നശിച്ചു കഴിഞ്ഞു. 1975-ൽ നെൽവയലുകളുടെ വിസ്തൃതി എട്ടുലക്ഷം ഹെക്ടറായിരുന്നു. 2014- ലെത്തുമ്പോൾ 1.97 ലക്ഷം ഹെക്ടർ നെൽവയലുകളേ കേരളത്തിൽ അവശേഷിച്ചിട്ടുള്ളൂ. ഭീതിദമല്ലേ ഈ അവസ്ഥ. 40 ലക്ഷം ടണ്ണിലധികം നെല്ല് ആവശ്യമുള്ളിടത്ത് ഇപ്പോഴത്തെ ഉത്പാദനം കേവലം ആറു ലക്ഷം ടൺ മാത്രമാണ്. ഭക്ഷ്യസുരക്ഷയെക്കുറിച്ച് പറയുന്ന സമയത്തുതന്നെ നെൽവയലുകൾ നികത്താൻ അനുവാദം നൽകുകയും ചെയ്യുന്നു.

ഇതിനൊപ്പംതന്നെ ഭീകരമായി മാറിയത് കാർഷികവിപ്ലവം മണ്ണിലും വെള്ളത്തിലും ചേർത്ത കളനാശിനികളും കീടനാശിനികളും രാസവളങ്ങളും ഉണ്ടാക്കിയ ജനിതകവൈകല്യമടക്കമുള്ള ആരോഗ്യപ്രശ്നമാണ്. ഈയൊരു പശ്ചാത്തലത്തിലാണ് 2008-ൽ നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് കേരളനിയമസഭ പാസാക്കുന്നത്.

2008-ലെ ഈ ആക്ട് നിലവിൽ വന്നശേഷം നെൽകൃഷി ചെയ്ത ഭൂമി, മറ്റുവിളകൾക്കായി താൽക്കാലികമായി മാറ്റപ്പെട്ട ഭൂമി, കൃഷി ചെയ്യാതെ തരിശായിട്ടിരിക്കുന്ന ഭൂമി എന്നിവ കണ്ടെത്തി നെൽകൃഷിക്ക് ഉപയുക്തമാകത്തക്കവിധം സംരക്ഷിക്കാനുള്ള നടപടികൾ എടുക്കാതെ നിയമമുണ്ടാക്കുന്ന 2008-ന് മുമ്പ് നികത്തപ്പെട്ടത് എന്ന നിലയിൽ "വികസന-നിർമ്മാണ" പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ സമ്മതം നൽകണമെന്ന ശുപാർശകൾ സർക്കാരിനു ലഭിച്ചുകഴിഞ്ഞു. ഇതിൽ കൊടിയ ചതിയുണ്ട്.

## അവസാനിക്കാത്ത പട്ടയമേള ഒരു പാഠമാകണം

കേരളത്തിന്റെ പശ്ചിമഘട്ട വനമേഖലകളിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി എത്രയോ കാലമായി കയ്യേറി വെട്ടിച്ചുട്ട് കള്ളപട്ടയങ്ങളിലൂടെയും ചെമ്പുപട്ടയങ്ങളിലൂടെയും മറ്റൊട്ടനവധി തന്ത്രങ്ങളുപയോഗിച്ചും സ്വന്തമെന്നപോലെയാക്കി കൃഷിയും കെട്ടിട നിർമ്മാണവും റിസോർട്ടും ടൂറിസവും പൊടിപൊടിക്കുകയാണ്. കയ്യേറിയവർക്കൊക്കെ രാഷ്ട്രീയ പിന്തുണയുമുണ്ട്. പലരും ബാങ്കുകളിൽ നിന്ന് ഇത്തരം ഭൂമി ഈട് നൽകി കടവും വാങ്ങിയിട്ടുണ്ട്. 1977-ന് മുമ്പ് കയ്യേറിയ ഇത്തരം ഭൂമിക്ക് പട്ടയം നൽകാൻ 1980-ൽ കേരള നിയമസഭ ഐകകണ്ഠ്യേന നിയമമുണ്ടാക്കി. ഈ വർഷമടക്കം 1980 മുതൽ പട്ടയവിതരണമാമാങ്കങ്ങൾ അരങ്ങേറുന്നുമുണ്ട്. ഇന്നും കൊടുത്തു തീർന്നിട്ടില്ല പട്ടയങ്ങൾ. ഇന്ന് കയ്യേറിയാലും അത് 1977-ന് മുമ്പാക്കാനുള്ള രാസവിദ്യകളൊക്കെ സർക്കാരിന്റെ വിവിധ വകുപ്പുകളും രാഷ്ട്രീയ പാർട്ടികളും ചേർന്ന് തയ്യാറാക്കിക്കൊള്ളും. ഈയൊരവസ്ഥ നെൽവയൽ-തണ്ണീർത്തടങ്ങൾക്കും സംഭവിക്കാൻ പോവുകയാണ്. "2008-ന് മുമ്പ് നികത്തപ്പെട്ടത്" എന്ന് തെളിയിക്കാനുള്ള വിദ്യ റിസോർട്ടുകാർക്കും, ഫ്ളാറ്റു നിർമ്മാതാക്കൾക്കും നാമാരും ഉപദേശിച്ചുകൊടുക്കേണ്ടതുമില്ല. അതിനാൽ നിലവിലുള്ള തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിച്ച് അതിന്റെ സ്വാഭാവിക ഉപയോഗത്തിൽ നിലനിർത്താനാവശ്യമായ കർശനമായ വ്യവസ്ഥകൾ ഉണ്ടാക്കുകയാണ് വേണ്ടത്.

കേരളത്തിലെ തണ്ണീർത്തടങ്ങളുടെ സംരക്ഷണത്തിനാവശ്യമായ സമഗ്രമായ ഒരു നയം ഇന്നില്ല. അത് ഉണ്ടാകണം. ഓരോ പഞ്ചായത്തിലേയും തണ്ണീർത്തടങ്ങളുടെ ഒരു രേഖ അതിനായി ആദ്യമായുണ്ടാക്കണം. തണ്ണീർത്തടങ്ങളുടെ നാശത്തിലേക്ക് നയിക്കുന്ന പഞ്ചായത്ത് തലത്തിൽ നടക്കുന്ന തൊഴിലുറപ്പുപോലുള്ള പദ്ധതികൾ അവയുടെ സംരക്ഷണത്തിനും പോഷണത്തിനും ഉതകുംവിധം ക്രമീകരിക്കണം.

സംസ്ഥാനത്ത് നിലവിലുള്ള നെൽവയലുകളിൽ കൃഷി ചെയ്യുന്നതും, തരിശിട്ടതും, ഭാഗികമായി നികത്തിയതുമായവയുടെ അളവ് കണക്കാക്കണം. 2008-ന് മുൻപുള്ള പത്തു വർഷത്തെ ഭൂമിയുടെ സ്ഥിതി ഇതിനായി രേഖപ്പെടുത്തണം. അതിൽ റബ്ബർ, വാഴ, കപ്പ എന്നിവക്കായി മാറ്റിമറിച്ചവ പൂർവ്വസ്ഥിതിയിലാക്കണം. നെൽവയലിൽ നെൽകൃഷി ചെയ്യാത്തവർക്ക് ഒരു ആനുകൂല്യവും നൽകരുത്. മറിച്ച് തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിച്ച് പരമ്പരാഗതമായ ഉപയോഗം നടത്തുന്നവർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകണം. വനപാലകരെപ്പോലെ തണ്ണീർത്തട-നെൽവയൽ പാലകരുണ്ടാകണം. അവരാണ് ആഹാരമുണ്ടാക്കുന്നത്, കുടിവെള്ളം സംരക്ഷിക്കുന്നത്. അവരെ പോറ്റാനുള്ള ഉത്തരവാദിത്തം സമൂഹത്തിനുണ്ട്, സർക്കാരിനുണ്ട്. ●

*അവലംബം: 1. അകനാനൂറ് 2. Guidelines for Green development of Kerala (കേരള പരിസ്ഥിതി ഐക്യവേദി) 3. സൂചീമുഖി മാസിക വിവിധ ലക്കങ്ങൾ*

# നെൽവയൽ നിയമവും ഡാറ്റാബാങ്കും

വി.എസ്. സുനിൽകുമാർ എം.എൽ.എ.

ആശങ്കപ്പെടേണ്ടത്രയും കുറവു വരാൻ പോകുന്നതും ഭാവിതലമുറകൾ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കാൻ പോകുന്നതും മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണത്തിനും വെള്ളത്തിനുമായിരിക്കും എന്നതിന് തർക്കമില്ല. അല്ലാതെ വമ്പൻ കെട്ടിടങ്ങൾക്കോ ആഡംബരവാഹനങ്ങൾക്കോ ഒന്നുമായിരിക്കില്ല. ഇതിന് അനുബന്ധമെന്നോണം, തുടർച്ചയായിട്ടുള്ള നമ്മുടെ സാമ്പത്തിക അവലോകന റിപ്പോർട്ട് പരിശോധിച്ചാൽ നെൽവയലിന്റെ വിസ്തൃതി കുറഞ്ഞു കുറഞ്ഞു വരികയാണ് എന്ന് വ്യക്തമായും മനസ്സിലാക്കാം. നിലവിലുണ്ടായിരുന്ന കേരള ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവനുസരിച്ചാണ് നെൽവയൽ നികത്തലും അനുബന്ധകാര്യങ്ങളുമൊക്കെ നിർവ്വഹിക്കപ്പെട്ടിരുന്നത്. വളരെ ദുർബ്ബലമായ, പല്ലും നഖവുമില്ലാത്തൊരു ഓർഡർ മാത്രമാണ് അത്, നിയമമല്ല. അങ്ങനെയാണ് ഇവിടെ ഇനി ബാക്കിയുള്ള നെൽവയലുകളെയും, തോടുകൾ, കായലുകൾ, കടലോരങ്ങൾ, കണ്ടൽപ്രദേശങ്ങൾ എന്നിവയെയും സംരക്ഷിക്കാൻ കർക്കശമായൊരു നിയമത്തിന്റെ ആവശ്യകത ബോധ്യപ്പെടുകയും 2008-ൽ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് നിലവിൽ വരികയും ചെയ്തത്. ഇത്രയും സമഗ്രമായൊരു നിയമം കേരളത്തിൽ അധികമുണ്ടായിട്ടില്ല. ഈ നിയമം കൊണ്ടുവരുന്നതിനു മുൻപുണ്ടായിരുന്ന സ്ഥിതിയെന്തായിരുന്നു എന്നുവച്ചാൽ, പത്തുലക്ഷത്തോളം ഹെക്ടർ നെൽകൃഷിയുണ്ടായിരുന്നത് രണ്ടുലക്ഷത്തോളമായി ചുരുങ്ങിയിരിക്കുകയായിരുന്നു. ഇനിയൊരിഞ്ചു ഭൂമി പോലും നികത്താൻ അനുവദിച്ചുകൂടാ എന്നുള്ളൊരു കാര്യം മുന്നിൽ



Photo/G B Kiran

കണ്ടാണ് ഇടതുപക്ഷ സർക്കാർ, നിയമസഭയിൽ അതിവിപുലമായ ചർച്ചകൾക്കുശേഷം ഏകകണ്ഠമായി പാസാക്കിയ ഈ നിയമം കൊണ്ടുവന്നത്.

## ഡാറ്റാബാങ്ക്

ഈ നിയമത്തിന്റെ ഏറ്റവും പ്രധാന പ്രത്യേകത ഡാറ്റാബാങ്ക് എന്ന സംവിധാനമാണ്. പ്രധാനമായും പഞ്ചായത്ത്, കൃഷി വകുപ്പ്, റവന്യൂ വകുപ്പ് എന്നീ മൂന്നു വിഭാഗങ്ങളെ ഉൾപ്പെടുത്തി കൃഷി ഓഫീസറുടെ ചുമതലയിലുള്ള ഒരു കമ്മിറ്റി നിലവിലുള്ള ഭൂമിയുടെ ഘടനയെന്താണെന്ന് പരിശോധിക്കുന്നു. ഓരോ സ്ഥലവും ബി.ടി.ആറിൽ (ബേസിക് ടാക്സ് രജിസ്റ്റർ) എങ്ങനെ കിടക്കുന്നു, ഇപ്പോൾ അതിന്റെ അവസ്ഥയെന്താണ്, അതിനെന്തെങ്കിലും മാറ്റം വന്നിട്ടുണ്ടെങ്കിൽ അത് എത്ര കൊല്ലംകൊണ്ടു വന്നതാണ്, ഈ മാറ്റം വന്നത് നിയമപ്രകാരമാണോ അല്ലയോ തുടങ്ങിയ കാര്യങ്ങൾ വച്ച് ഒരു ഫോർമാറ്റ് ഉണ്ടാക്കി ആ ഫോർമാറ്റിന്റെ അടിസ്ഥാനത്തിൽ ഓരോ ഭൂമിയും പരിശോധിച്ച് ആ ഭൂമിയെ സംബന്ധിച്ചുള്ള (2008-ലെ അവസ്ഥ വച്ചുള്ള) സ്ഥിതിയെന്താണെന്ന് ഡാറ്റാബാങ്കിൽ രേഖപ്പെടുത്തുന്നു. ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്ന ഡാറ്റാബാങ്കാണ് ഈ നിയമത്തിന്റെ ഏറ്റവും

**നിലവിലുള്ള ഈ നിയമപ്രകാരം ഒരു ഭൂമി നികത്തുന്നതു തടയുകയും കോടതിയിൽ പോകേണ്ടി വരികയും ചെയ്താൽ കോടതി ആദ്യം ചോദിക്കുന്നത് ഡാറ്റാബാങ്ക് എവിടെയെന്നാണ്. ഡാറ്റാബാങ്കില്ലാത്തതുകൊണ്ട് പല കേസുകളും തള്ളിപ്പോയിട്ടുണ്ട്.**

അടിസ്ഥാനമായത്. നിയമനിർമ്മാണത്തിന്റെ അടിത്തറയായ ആ ഡാറ്റാബാങ്കാണ് അടിയന്തിരമായി ഉണ്ടാക്കേണ്ടിയിരുന്നത്. പക്ഷേ, ഇതുണ്ടാക്കുന്ന കാര്യത്തിൽ അന്ന് വീഴ്ച പറ്റിയിട്ടുണ്ട് അഥവാ കാലതാമസം വന്നിട്ടുണ്ട്. മൂന്നു ഡിപ്പാർട്ടുമെന്റുകൾ ഇതിൽ പങ്കാളികളാവേണ്ടതുണ്ടായിരുന്നു. ഡാറ്റാബാങ്കുകൾ ഉണ്ടാക്കിയാൽ അതിന്റെ കരട് നോട്ടിഫിക്കേഷൻ ആദ്യം പഞ്ചായത്തുകൾ പ്രസിദ്ധീകരിക്കണം. ആ കരട് നോട്ടിഫിക്കേഷനുകളെല്ലാം ഒരുമിച്ചുചേർത്ത് ഫൈനൽ നോട്ടിഫിക്കേഷനായി ഇറക്കേണ്ടത് പഞ്ചായത്തുകൾ തന്നെയാണ്. പക്ഷേ, പഞ്ചായത്തുകൾക്ക് ഈ നോട്ടിഫിക്കേഷൻ ഇറക്കുവാനാവശ്യമായിട്ടുള്ള ഫണ്ട് അന്നനുവദിച്ചിട്ടുണ്ടായിരുന്നില്ല. ഈ നിയമത്തിന്റെ വലിയൊരു അപാകതയായിരുന്നു അത്. ആ നിയമത്തിന്റെ ധനകാര്യ മെമ്മോറാണ്ടത്തിൽ അത് ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല എന്നതാവാം ഫണ്ട് അനുവദിക്കാൻ കഴിയാഞ്ഞതിന്റെ കാരണം. ഉണ്ടാക്കിയ ഡാറ്റാബാങ്കുകളിലാവട്ടെ ഉദ്യോഗസ്ഥർ ഫിസിക്കലായിട്ടു പരിശോധിക്കുന്നതിനു പകരം ബി.ടി. ആർ. രജിസ്റ്റർ വച്ചാണ് പരിശോധിച്ചത്. അങ്ങനെവന്നപ്പോൾ ഈ ഡാറ്റാബാങ്കിനെക്കുറിച്ച് ധാരാളം പരാതികളുണ്ടായി. എങ്കിലും അന്ന് അറുപതു ശതമാനത്തോളം ഡാറ്റാബാങ്കുകളുടെ കരട് തയ്യാറാക്കാൻ കഴിഞ്ഞിരുന്നു. ഇപ്പോഴത്തെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമസഭയിലെ ഒരു ചോദ്യത്തിനു മറുപടിയായി, എൺപതു ശതമാനത്തിന്റെയും


Photo/Praveen P. Mohandas

കരടുരേഖ പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞുവെന്നും, ബാക്കി ഇരുപതു ശതമാനത്തിന്റെ പണികൾ മൂന്നുമാസത്തിനുള്ളിൽ തീർക്കാൻ കഴിയുമെന്നും രേഖാമൂലം ഉറപ്പു കിട്ടിയിരുന്നതാണ്. അതായത് ഡാറ്റാബാങ്കുകൾ എല്ലാം തന്നെ തയ്യാറായിക്കൊണ്ടിരിക്കുകയായിരുന്നു. നിലവിലുള്ള ഈ നിയമപ്രകാരം ഒരു ഭൂമി നികത്തുന്നതു തടയുകയും കോടതിയിൽ പോകേണ്ടി വരികയും ചെയ്താൽ കോടതി ആദ്യം ചോദിക്കുന്നത് ഡാറ്റാബാങ്ക് എവിടെയെന്നാണ്. ഡാറ്റാബാങ്കില്ലാത്തതുകൊണ്ട് പല കേസുകളും തള്ളിപ്പോയിട്ടുണ്ട്. നിയമത്തിന് അതിന്റെ ശക്തി മുഴുവൻ പ്രകടിപ്പിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. നിലവിലുള്ള കരട് ഡാറ്റാബാങ്ക് ഇപ്പോൾ സസ്പെന്റ് ചെയ്യപ്പെട്ടിരിക്കുകയാണ്. എന്നിട്ട് പുതിയൊരു സമിതിയുണ്ടാക്കി ആ സമിതിയെക്കൊണ്ട് ഡാറ്റാബാങ്കുണ്ടാക്കാൻ തീരുമാനിച്ചിരിക്കുന്നു. അതായത് അതുവരെ എടുത്ത പണി മുഴുവൻ പാഴാവുകയും അതു മുഴുവൻ വീണ്ടും ചെയ്യേണ്ടി വരുന്ന അവസ്ഥയിലേക്കെത്തുകയും ചെയ്തു. ഇപ്പോൾ കേരളത്തിലെ ഈ നിയമത്തിന്റെ അവസ്ഥയെന്താണെന്നു വച്ചാൽ ഡാറ്റാബാങ്ക് വന്നിട്ടുമില്ല, നിയമം നടപ്പിലാവുകയും ചെയ്തു. നിയമം നടപ്പിലാക്കുന്നതിനു വേണ്ട അടിസ്ഥാനരേഖ പബ്ലിഷ് ചെയ്യാൻ പറ്റിയിട്ടില്ല എന്ന ന്യൂനതയാണ് ഇപ്പോഴുള്ളത്. നിലവിലുള്ള ഡാറ്റാബാങ്കിൽത്തന്നെ ഒരുപാട് അപാകതകളുണ്ട്. അങ്ങനെവന്നപ്പോൾ ഈ നിയമം നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥന്മാർ അതു നടപ്പിലാക്കാതിരിക്കാനുള്ള ഒരവസരമായി ഇതിനെ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

## നിയമഭേദഗതികൾ

സെക്ഷൻ 13 പ്രകാരം, രൂപാന്തരപ്പെടുത്തിയ



നെൽവയൽ പൂർവ്വസ്ഥിതിയിൽ കൊണ്ടുവരുന്നതിന് കളക്ടർക്ക് അധികാരം നൽകിയിട്ടുണ്ട്. നെൽവയലിന്റെയും തണ്ണീർത്തടത്തിന്റെയും നിർവ്വചനങ്ങൾ രണ്ടാണ്. നെൽവയലിൽ നിന്ന് മണ്ണ് എടുപ്പിക്കുന്നതിനാണ് കളക്ടർക്ക് അധികാരമുള്ളത്. ഉദാഹരണത്തിന് ഞങ്ങൾ തൃശ്ശൂർ ചണ്ടിപ്പുലിപ്പാടത്തുനിന്ന് മണ്ണെടുപ്പിച്ചപ്പോൾ നെൽവയലിൽ നിന്ന് മണ്ണെടുത്തു എന്നതിനു പകരം കളക്ടർ നൽകിയ റിപ്പോർട്ടിൽ വെറ്റ്ലാന്റിൽ നിന്നും മണ്ണെടുത്തു എന്നായിരുന്നു പരാമർശിച്ചത്. അത് കോടതിയിൽ പോയപ്പോൾ കളക്ടർക്ക് അതിനുള്ള അധികാരമില്ല എന്നുവന്നു. അത് അന്ന് ഞങ്ങളുടെ ശ്രദ്ധയിൽപ്പെട്ടപ്പോൾ 'നെൽവയൽ അഥവാ തണ്ണീർത്തടം' എന്ന് നിയമഭേദഗതി വരുത്തി നിയമത്തെ ഒന്നുകൂടി ശക്തിപ്പെടുത്തി.

നിയമത്തിന്റെ ഇംപ്ലിമെന്റ് ഓഫീസർ ആർ.ഡി.ഒ. (റവന്യൂ ഡിവിഷണൽ ഓഫീസർ) ആണ്. അപ്പോൾ എവിടെയെങ്കിലും അനധികൃതമായി നികത്തൽ നടക്കുന്നു എന്നറിഞ്ഞാൽ വില്ലേജ് ഓഫീസർ ആർ.ഡി.ഒ.ക്കു റിപ്പോർട്ട് ചെയ്ത് ആർ.ഡി.ഒ. വന്നതിനുശേഷം വേണം ഉപകരണങ്ങൾ പിടിച്ചെടുക്കാൻ. അങ്ങനെയുള്ള അവസരങ്ങളിൽ നിയമത്തെ ഒന്നുകൂടി ശക്തിപ്പെടുത്തുന്നതിനായി വില്ലേജ് ഓഫീസർക്കും നിയമവിരുദ്ധമായ നികത്തലിലേർപ്പെട്ടിരിക്കുന്ന ഉപകരണങ്ങൾ പിടിച്ചെടുക്കുന്നതിനുള്ള അധികാരം നൽകിക്കൊണ്ട് നിയമഭേദഗതി വരുത്തി.

ചുരുക്കത്തിൽ ഈ നിയമം കുറ്റമറ്റതാക്കുന്നതിനുള്ള പ്രവർത്തനങ്ങളെല്ലാം നടന്നിട്ടുണ്ട്. ആ നിയമം വച്ചുകൊണ്ടുതന്നെ പലയിടത്തുനിന്നും അടിച്ച മണ്ണ് എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഡാറ്റാബാങ്കില്ലെങ്കിലും അത് നടപ്പാക്കുന്ന ഉദ്യോഗസ്ഥർ വിചാരിച്ചാൽ നടക്കുമെന്നതിന്റെ തെളിവാണ് തൃശ്ശൂർ ചണ്ടിപ്പുലിപ്പാടത്തുനിന്നും 6800 ലോഡ് മണ്ണ് തിരിച്ചെടുപ്പിക്കാൻ കഴിഞ്ഞത്. ഹൈക്കോടതിയിൽ നിന്നും ഉത്തരവൊക്കെ വാങ്ങിയാണ് അത് ചെയ്തത്. പക്ഷേ, ഇപ്പോൾ 450-ൽ അധികം കേസുകളും നികത്തുന്നവർക്കനുകൂലമായി വിധിവരാനുള്ള കാരണം ഈ ഡാറ്റാബാങ്കുകളുടെ അഭാവം തന്നെയാണ്. സർക്കാരാണെങ്കിൽ പുതിയ ഡാറ്റാബാങ്കുണ്ടാക്കാനെന്ന പേരിൽ ഇപ്പോഴുള്ളതെല്ലാം റദ്ദ് ചെയ്തിരിക്കുകയാണ്.

## നിയന്ത്രണങ്ങളും സാദ്ധ്യതകളും

പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണസമിതിയുടെ ശുപാർശപ്രകാരം സംസ്ഥാനതലസമിതി പരിശോധിച്ച് ആ പ്രദേശത്ത്, നെൽവയൽ അല്ലാത്ത മറ്റൊരു സ്ഥലം ലഭ്യമാണോ എന്നും നെൽവയൽ നികത്തുന്നതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായി പരിശോധന നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്. ഈ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ആവശ്യമെങ്കിൽ നിലം നികത്തുന്നതിന് സർക്കാരിന് അധികാരമുണ്ട്. വ്യക്തികളെ സംബന്ധിച്ചാണെങ്കിൽ, നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിനു വീടുവയ്ക്കുന്നതിനു വേണ്ടി പഞ്ചായത്തു പരിധിയിൽ പത്തുസെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചുസെന്റും

> **നെൽവയലിന്റെ ഉടമസ്ഥന് താമസിക്കുന്നതിനു വീടുവയ്ക്കുന്നതിനു വേണ്ടി പഞ്ചായത്തു പരിധിയിൽ പത്തുസെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചുസെന്റും നിലം നികത്തുന്നതിന് നിബന്ധനകളോടെ അനുവാദം നൽകാവുന്നതാണ്**

നിലം നികത്തുന്നതിന് നിബന്ധനകളോടെ അനുവാദം നൽകാവുന്നതാണ് (പക്ഷേ, റാംസാർ പ്രദേശമായ കോൾപ്പാടം ഇങ്ങനെ നികത്താനാവില്ല). അതായത് സർക്കാരിന്റെ വളരെ പ്രധാനപ്പെട്ട പൊതുവായ വികസന പ്രവർത്തനങ്ങൾക്കോ വ്യക്തികളുടെ വീടുവയ്ക്കുന്നതിനുള്ള അവകാശത്തിനോ ഈ നിയമം ഒരു തടസ്സമല്ല.

മറ്റൊരു പരാതിയുള്ളത്, കുറെ വർഷമായി നികന്നുകിടക്കുന്ന ഭൂമിയാണെങ്കിലും ബി.ടി.ആറിൽ നികന്നഭൂമിയല്ല പാടമായതുകൊണ്ട് അവിടെ നിർമ്മാണം നടത്താൻ പറ്റുന്നില്ല, അത് ഈ നിയമത്തിന്റെ ന്യൂനതയാണ് എന്നാണ്. എന്നാൽ ഈ പരാതി അടിസ്ഥാനരഹിതമാണ്. ഈ നിയമത്തിലെ ഡാറ്റാബാങ്ക് ഉണ്ടാക്കിക്കഴിഞ്ഞാൽ അതിൽ ഈ ഭൂമി ഇത്ര വർഷം മുൻപ് രൂപഭേദം വരുത്തിയതാണെന്ന് രേഖപ്പെടുത്തി ഉദ്യോഗസ്ഥന്മാർക്ക് നേരിട്ടു കണ്ട് ബോദ്ധ്യപ്പെട്ടാൽ ആ സ്ഥലം 'നികത്തിയ ഭൂമി' എന്നാക്കി ഡാറ്റാബാങ്കിലുൾപ്പെടുത്താം. ഇനി ഇങ്ങനെ ഡാറ്റാബാങ്കിൽ നികത്തിയ ഭൂമി എന്നുൾപ്പെടുത്തിയിട്ടില്ലെങ്കിൽ പോലും, കരടു രേഖ പ്രസിദ്ധീകരിക്കുന്ന ഘട്ടത്തിൽ ഉടമസ്ഥന്മാർക്ക് അതിൽ പരാതിപ്പെട്ടുകൊണ്ട് അതിൽ വീണ്ടും മാറ്റം വരുത്തിക്കാനുള്ള സംവിധാനം ഈ നിയമപ്രകാരം ഉണ്ടായിരുന്നു. ഈ നിയമം കൃത്യമായി നടപ്പാക്കുകയാണെങ്കിൽ, ഇപ്പോഴത്തെ അവസ്ഥയിൽ

നമ്മുടെ നാട്ടിലുള്ള കോൾപ്പാടങ്ങൾ, പുഞ്ചപ്പാടങ്ങൾ, തോടുകൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ, പാടശേഖരങ്ങൾ, തുടങ്ങി ശരിയാംവണ്ണം ഇപ്പോൾ കൃഷി ചെയ്യാൻ കഴിയാവുന്നതും, കൃഷി ചെയ്തുകൊണ്ടിരിക്കുന്നതും, വേണമെന്നുവിചാരിച്ചാൽ കൃഷി ചെയ്യാവുന്നതുമായ ഭൂമികളെല്ലാം പരിപൂർണ്ണമായിട്ട് സംരക്ഷിക്കപ്പെടുകയും കാലങ്ങളായിട്ട് ബി.ടി.ആറിൽ നിലമെന്ന പേരിലറിയപ്പെടുകയും എന്നാൽ യഥാർത്ഥത്തിൽ നികത്തിതെങ്ങൊക്കെയായി പുരയിടമായി നിൽക്കുന്ന ഭൂമിയെ റാറ്റിഫൈ ചെയ്ത് കരഭൂമിയാക്കി കൊടുക്കുകയും ചെയ്യുന്ന സംവിധാനമാണ് ഡാറ്റാബാങ്കുവഴി ഉണ്ടാക്കിയിട്ടുള്ളത്. ഈ നിയമപ്രകാരം ബി.ടി.ആറിലുള്ള, രൂപമാറ്റം വരുത്തിയ പല ഭൂമികളിലും നിർമ്മാണം നടത്താൻ കഴിയില്ല എന്ന ന്യൂനതയുണ്ട് എന്നു പറയുന്നത് ഈ നിയമത്തെ അട്ടിമറിക്കാൻ വേണ്ടി പറയുന്ന പ്രചാരണമാണ്. ഈ നിയമത്തിന്റെ എല്ലാം സൂക്ഷ്മാംശങ്ങളും നിയമസഭ ചർച്ച ചെയ്ത് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കിയിട്ടുള്ളതാണ്. ഈ നിയമം വളരെയധികം കൃത്യതയുള്ളതാണ്. വേണമെങ്കിൽ, പ്രായോഗികമായി എന്തെങ്കിലും ചെറിയ ബുദ്ധിമുട്ടുകളുണ്ടെങ്കിൽ, നേരത്തേ സൂചിപ്പിച്ചതുപോലുള്ള നിയമഭേദഗതികൾ വരുത്താവുന്ന കാര്യമേയുള്ളൂ.

## അട്ടിമറിക്കപ്പെടുന്ന നിയമം

ഇപ്പോൾ വ്യവസായമേഖലയുമായി ബന്ധപ്പെട്ട ലോബി ഈ നിയമത്തെ അട്ടിമറിക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും പ്രധാന ഉദാഹരണം, ആറന്മുള വിമാനത്താവളത്തിന്റെ വിഷയമാണ്. അതുപോലുള്ള പല പദ്ധതികൾക്കും തണ്ണീർത്തടങ്ങൾ നികത്താനും മറ്റും ഈ നിയമം തടസ്സമായി

**നെൽവയൽ -തണ്ണീർത്തടനിയമം കൊണ്ടുവന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്താണോ അതിനു വിരുദ്ധമായിട്ടുള്ളൊരു നീക്കമാണ് കേരളത്തിലിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.**

നിൽക്കുകയാണ്. അതുകൊണ്ട് വ്യാവസായി കോദ്ദേശ്യവുമായി ബന്ധപ്പെട്ട് ഒരു യോഗം വിളിച്ചുകൂട്ടി, ഈ നിയമത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ ചോദ്യം ചെയ്യുമാറ് ഒരു കമ്മിറ്റിയുണ്ടാക്കി, വ്യാവസായിക ഉപയോഗത്തിനു വേണ്ടി ഈ നിയമത്തിൽ ഭേദഗതി വരുത്താനും, കൃഷി വകുപ്പിന്റെ അനുമതിയില്ലാതെ ഏകപക്ഷീയമായി സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു നീക്കമുണ്ടായി. ആ നീക്കത്തിന്റെ ഭാഗമായിട്ടാണ് നിലവിലുള്ള ഡാറ്റാബാങ്ക് സസ്പെന്റ് ചെയ്തത്. ഇത് റദ്ദാക്കിയെന്നുമാത്രമല്ല, പുതിയ ഡാറ്റാബാങ്ക് ഉണ്ടാക്കാനായി ശ്രമിക്കുമ്പോൾ, 2008-നു ശേഷം അനധികൃതമായി നികത്തിയ ഭൂമിയും നികത്തുഭൂമിയായിട്ടു റാറ്റിഫൈ ചെയ്തുകൊടുക്കാൻ ശ്രമിക്കുകയാണ്. ഇപ്പോൾ നികത്തിക്കൊണ്ടിരിക്കുന്ന ഭൂമിയും, ഡാറ്റാബാങ്ക് നിലനിൽക്കാത്ത കാരണത്താൽ, മുൻപ് നികത്തിയതാണെന്ന് രേഖയുണ്ടാക്കി നിയമപ്രകാരമാണെന്ന് വരുത്താനുള്ള ശ്രമമാണ്. നെൽവയൽ-തണ്ണീർത്തടനിയമം കൊണ്ടുവന്നതിന്റെ യഥാർത്ഥ ഉദ്ദേശ്യം എന്താണോ അതിനു വിരുദ്ധമായിട്ടുള്ളൊരു നീക്കമാണ് കേരളത്തിലിപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

## കേരളത്തിലെ കൃഷിയുടെ ഭാവി

കേരളത്തിലെ കാർഷികമേഖലയ്ക്ക് ഭക്ഷ്യസുരക്ഷയുടെ കാര്യത്തിൽ വലിയ പ്രസക്തിയാണുള്ളത്. പക്ഷേ, ഇവിടെ സർക്കാർ കൊണ്ടുവരുന്ന പല രീതികളും വളരെ പ്രതിലോമകരമാണ്. ഉദാഹരണത്തിന്, നെൽകൃഷിയുടെ വിസ്തൃതി വളരെയധികം കുറഞ്ഞു. പക്ഷേ, സമഗ്ര

Photo/Praveen P. Mohandas



മായ നെൽകൃഷിവികസനത്തിനുവേണ്ട ഒരു പദ്ധതിയും പ്രത്യക്ഷത്തിലോ പരോക്ഷമായോ ആവിഷ്കരിക്കുന്നില്ല. അതിനേറ്റവും ആവശ്യമായത് ജലസേചന മാനേജ്മെന്റാണ്. നെൽകൃഷി എന്നത് ജലത്തിന്റെ ലഭ്യതയെയും ക്രമീകരണത്തെയും ആശ്രയിച്ചിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ ഓർഗനൈസ്ഡ് ആയി കൃഷി നടക്കുന്ന കോൾമേഖലയിലൊഴിച്ച് ഉൾപ്രദേശങ്ങളിലെ പണ്ടു കൃഷിയുണ്ടായിരുന്ന തുണ്ടംതുണ്ടമായിട്ടുള്ള ചെറുഭൂമികൾ നികത്തിപ്പോയതിനെത്തുടർന്ന് അതിലെ വെള്ളത്തിന്റെ ഗമനനിർഗ്ഗമന സംവിധാനങ്ങൾ തകരാറിലായിപ്പോയതിനുശേഷം, ഈ സ്ഥലങ്ങളിലൊന്നും കൃഷി നടത്താൻ പറ്റാതെ കിടക്കുന്നുണ്ട്. ഓരോ പഞ്ചായത്തെടുത്തു പരിശോധിച്ചാലും അമ്പതും നൂറും മുതൽ രണ്ടായിരം ഏക്കറുകൾ വരെ തരിശിട്ടിരിക്കുന്ന സ്ഥലങ്ങളുണ്ട്. ഈ പഞ്ചായത്തുകളെല്ലാം ഏതെന്ന് കണ്ടെത്തി അവിടേയ്ക്കുവേണ്ട ജലസേചനപദ്ധതികൾ കൊണ്ടുവരാൻ സർക്കാർ ഒരു ചില്ലിക്കാശുപോലും ചെലവാക്കുന്നില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനുവേണ്ടി ഒരു നയാപൈസ ചെലവാക്കുന്നില്ല. നമ്മുടെ തോടുകളോ കനാലുകളോ സംരക്ഷിക്കാനുള്ള ഒരു പദ്ധതിയും നമുക്കില്ല. അതേസമയം, വളരെ വിശാലമായ കൃഷിസ്ഥലങ്ങളുള്ള നമ്മുടെ അയൽ സംസ്ഥാനങ്ങളിലാകട്ടെ അവയെ സംരക്ഷിക്കാൻ വളരെ ശക്തമായ നിയമങ്ങളുണ്ട്. അതുകൊണ്ട്, തരിശായിക്കിടക്കുന്ന ഈ സ്ഥലങ്ങൾ കൃഷി ചെയ്യാൻ പറ്റാതെ 'വൈസ് യൂസ് ഓഫ് വെറ്റ്ലാന്റ്' എന്ന ആശയത്തിനു വിരുദ്ധമായി ഇത് കാടുകയറി ജനങ്ങൾക്ക് പരിപൂർണ്ണ പ്രയോജനമില്ലാത്ത രീതിയിലേക്കിതു മാറുകയാണ്. അങ്ങനെയാവുമ്പോൾ ജനം ചിന്തിക്കുന്നത്, ഇതു വെറുതെ പണിയാതെ കിടക്കുന്ന നിലമല്ലേ, ഇതുകൊണ്ടെന്താ പ്രയോജനം എന്നാണ്. ഇതിന്റെ പരിസ്ഥിതി പ്രാധാന്യം ജനങ്ങളെ സംബന്ധിച്ച് അറിയില്ല. ഭക്ഷ്യസുരക്ഷ എന്നതിനപ്പുറം കുടിവെള്ളം നൽകുന്ന, അതായത് ഭൂഗർഭ ജലത്തിന്റെ റീചാർജിങ്ങും വെള്ളപ്പൊക്കനിയന്ത്രണവുമടക്കം അവ നൽകുന്ന പാരിസ്ഥിതികസേവനങ്ങൾ ഏറ്റവും പ്രധാനപ്പെട്ടതാണ്. അതേസമയം, സജീവമായൊരു കൃഷിയിലേക്ക് ഈ സ്ഥലങ്ങളെ കൊണ്ടുവരികയാണെങ്കിൽ ജനങ്ങൾ സ്വാഭാവികമായും അതിനെ സംരക്ഷിക്കാൻ തയ്യാറാവും. കോൾപ്പാടങ്ങൾക്കു പുറമേ ഏകദേശം അതിന്റെ നാലിലൊന്നോ അല്ലെങ്കിൽ പകുതിയോളമോ വരുന്ന കേരളത്തിലെ ഉൾപ്രദേശങ്ങളിലെ നെൽകൃഷിയെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമം സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകണം. അങ്ങനെവന്നാൽ കൃഷിയിടങ്ങളുടെ വിസ്തൃതിയും, ഉത്പാദനവും ഇപ്പോഴുള്ളതിനേക്കാളും വർദ്ധിക്കും.



**കേരളത്തിലെ രണ്ട് കാർഷിക ഉത്പന്നങ്ങളിലായിരുന്നു ഏറ്റവും കൂടുതൽ ഗവേഷണവും വികസനവും ഉണ്ടാവേണ്ടിയിരുന്നത്, നെല്ലും തെങ്ങും. പക്ഷേ, വാസ്തവത്തിൽ കേന്ദ്രീകരിച്ചത് നാണ്യവിളകളിലാണ്.**

മറ്റൊരു കരക്കൃഷിയായ തെങ്ങ് നമുക്ക് നഷ്ടപ്പെട്ടുപോയി. അതു നഷ്ടപ്പെടാനുള്ള പ്രധാന കാരണം അതിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ (value added products) ഉണ്ടാക്കുന്ന കാര്യത്തിൽ കേരളം തികഞ്ഞ പരാജയമായിരുന്നു എന്നതാണ്. വെളിച്ചെണ്ണയുണ്ടാക്കുക എന്നതല്ലാതെ അതിന്റെ അപ്പുറത്തേക്ക് ചിന്തിച്ചിട്ടേയില്ല. ഇപ്പോൾ അന്താരാഷ്ട്ര നിലവാരത്തിൽ കരിക്കിൻ വെള്ളവും മറ്റു പല ഉത്പന്നങ്ങളും ഉണ്ടാക്കുന്ന കമ്പനികൾ നിലവിൽ വന്നിട്ടുണ്ട്. പക്ഷേ, അപ്പോഴേക്കും തെങ്ങുകളധികവും കേടാവുകയും എണ്ണം കുറയുകയും ചെയ്തു. കേരളത്തിലെ രണ്ട് കാർഷിക ഉത്പന്നങ്ങളിലായിരുന്നു ഏറ്റവും കൂടുതൽ ഗവേഷണവും വികസനവും ഉണ്ടാവേണ്ടിയിരുന്നത്, നെല്ലും തെങ്ങും. പക്ഷേ, വാസ്തവത്തിൽ കേന്ദ്രീകരിച്ചത് നാണ്യവിളകളിലാണ്. കേന്ദ്രസർക്കാർ ധാരാളം ഫണ്ട് അതിൽ കേന്ദ്രീകരിച്ചപ്പോൾ സ്റ്റേറ്റ് സ്റ്റേറ്റിന്റെ ഉത്തരവാദിത്തം ചെയ്തില്ല. നെല്ലിന്റെ കാര്യത്തിൽ സ്റ്റേറ്റ് ശ്രദ്ധിച്ചത് റേഷനരി വാങ്ങേണ്ട കാര്യത്തിൽ മാത്രമാണ്. ഇവിടെ സ്വന്തമായി ഉത്പാദനമുണ്ടാക്കാനുള്ള കാര്യമൊന്നും സ്റ്റേറ്റ് ചെയ്തില്ല. അങ്ങനെ വന്നപ്പോൾ നെല്ലിന്റെ ഉത്പാദനം കുറയുകയാണ് ചെയ്തത്, കാരണം നമുക്ക് റേഷനരി കിട്ടിക്കൊണ്ടേയിരിക്കുന്നു. ഉത്പാദനത്തകർച്ച നെല്ലിന്റെ കാര്യത്തിൽ അതിഭീകരമായിരുന്നെങ്കിലും റബ്ബർ കൃഷിയുടെ വിസ്തൃതി പതിനൊന്നു മടങ്ങ് വർദ്ധിച്ചു എന്നത് പ്രത്യേകം ശ്രദ്ധിക്കണം. നാണ്യവിളകൾക്ക് കേന്ദ്രഗവൺമെന്റിന്റെ പ്രോത്സാഹനത്തിന്റേയും ഒപ്പം തന്നെ കാർഷികവിളകൾക്കുനേരെയുള്ള സ്റ്റേറ്റിന്റെ നിരുത്തരവാദിത്തത്തിന്റേയും തെളിവാണത്.

## ജനപ്രതിനിധികളുടെ പങ്ക്

ജനപ്രതിനിധികൾക്ക് ഈ വിഷയത്തിൽ ഒരുപാട് ചെയ്യാൻ കഴിയുമെങ്കിലും പ്രധാന പരിമിതിയെന്തെന്നാൽ, അവർക്ക് സ്വന്തമായ ഒരു പദ്ധതി നടപ്പിലാക്കുക എന്നത് അസാദ്ധ്യം തന്നെയാണ്. അവർക്ക് പലപ്പോഴും സർക്കാർ ആവിഷ്കൃത പദ്ധതികളുടെ പുറകിൽ നിൽക്കാനേ സാധിക്കുന്നുള്ളൂ. സ്വന്തമായി ഒരു പദ്ധതി കൊണ്ടുവരാൻ ശ്രമിച്ചാൽത്തന്നെ, അത് അവസാനം സർക്കാരിന്റെ പദ്ധതിയായി മാറും. അപ്പോൾ അവരുടെ താല്പര്യങ്ങളും കൂടി അതിലുൾപ്പെടും. അവരുടെ കയ്യിലുള്ള പ്രൊജക്റ്റുകൾക്കനുസൃതമായി നമ്മുടെ ആശയങ്ങളെ രൂപഭേദം വരുത്തും. ഇതിൽ പലതും ഫണ്ട് ചെയ്യുന്നത് വേൾഡ് ബാങ്കും, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും, ഐ.എം.എഫുമൊക്കെയാണ്. അപ്പോൾ ഇവയൊക്കെ പ്രാവർത്തികമാക്കുമ്പോൾ ഇവരുടെ താല്പര്യങ്ങൾക്കനുസൃതമായേ നടക്കൂ.

## നിർദ്ദേശങ്ങൾ

ഈ നിയമം നടപ്പിലാക്കാൻ ആത്മാർത്ഥമായും താല്പര്യമുണ്ടെങ്കിൽ സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ ഇവയാണ്:

1) റദ്ദാക്കിയ ഡാറ്റാബാങ്ക് പുനഃസ്ഥാപിച്ച്, അതിലെ ന്യൂനതകൾ പരിഹരിച്ച് പൂർണ്ണമായ രീതിയിൽ പ്രസിദ്ധീകരിക്കുക.
2) കുറ്റമറ്റരീതിയിൽ ഇതിന്റെ റൂൾ നിർമ്മിക്കുക.
3) ഇതിന്റെ ഡാറ്റാബാങ്കിന്റെ നോട്ടിഫിക്കേഷനാവശ്യമായ പണം പഞ്ചായത്തുകൾക്കനുവദിച്ചുകൊണ്ട് ബജറ്റ് അലോക്കേഷൻ ഉണ്ടാക്കുക.

ഈ മൂന്നുകാര്യങ്ങളും ചെയ്തുകഴിഞ്ഞാൽ ഈ നിയമം ഏറ്റവും കൃത്യമായി നടപ്പാക്കാൻ കഴിയും.

കേരളത്തിൽ കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങൾക്കുള്ളിൽത്തന്നെ 20,000 ഹെക്ടറിലധികം ഭൂമിയാണ് രൂപമാറ്റം വരുത്തിയത്. ഇപ്പോൾ വില്ലേജ് ഓഫീസറോ, തഹസിൽദാരോ, മറ്റുദ്യോഗസ്ഥന്മാരോ ആരും തന്നെ ഡാറ്റാബാങ്കെന്ന അടിസ്ഥാനപരമായ ഒന്നില്ലാത്തതുകൊണ്ട് ഈ നിയമം പരിപൂർണ്ണമായി ഉപയോഗിക്കുന്നില്ല. കേരള ലാന്റ് യൂട്ടിലൈസേഷൻ ഉത്തരവ് എന്നു പറയുന്ന ഉത്തരവാണെങ്കിൽ ഇപ്പോൾ നിലവിലില്ലതാനും. കഴുതയിൽ നിന്നു പോരികയും ചെയ്തു കുതിരയിൽ എത്തിയുമില്ല എന്ന അവസ്ഥയിലാണ് ഇപ്പോളിവിടെ ഈ നിയമത്തിന്റെ സ്ഥിതി.

സെൻട്രൽ വെറ്റ്ലാന്റ് ആക്റ്റിനെക്കൂടി അടിസ്ഥാനപ്പെടുത്തിയാണ് ഈ നിയമം രൂപപ്പെടുത്തിയിരിക്കുന്നത്. അതായത് കേന്ദ്ര-സംസ്ഥാന നിയമങ്ങളുടെ പരിധിയിൽ വരുന്നതാണ് നമ്മുടെ സംസ്ഥാനത്തുള്ള അവശേഷിക്കുന്ന തണ്ണീർത്തടങ്ങളും പാടങ്ങളും നദീതടങ്ങളും പൊതുകുളങ്ങളും സ്വകാര്യ കുളങ്ങളും തോടുകളും കായലോരങ്ങളും കടൽത്തീരങ്ങളും എല്ലാം തന്നെ. ഈ നെൽവയൽ-തണ്ണീർത്തടനിയമം അട്ടിമറിക്കപ്പെട്ടുകഴിഞ്ഞാൽ, വൻതോതിലുള്ള നിലം നികത്തലുകളും രൂപമാറ്റം വരുത്തലുകളും നടക്കുകയും നമ്മുടെ സംസ്ഥാനത്ത് വളരെ വലിയ പാരിസ്ഥിതികപ്രത്യാഘാതമുണ്ടാവുകയും ചെയ്യും എന്ന് ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തിരിച്ചറിയുകതന്നെ വേണം. ●

"നമ്മുടെ മണ്ണിൽ എത്ര ഉറപ്പോടെ നമുക്ക്
നിൽക്കാൻ കഴിയുന്നുവോ അത്രയും ഉറപ്പുണ്ടാകും
നമ്മുടെ കുട്ടികളുടെ ഹൃദയത്തുടിപ്പുകൾക്ക്"

- പോളി കൗട്ചാക്ക്, ഉനാലാക്ലീറ്റ്, അലാസ്ക



Photo/Shaji Manshad

# വികസനം കൃഷിയിലൂടെ



എസ്. ഉഷ, തണൽ

ഇക്കഴിഞ്ഞ ദിവസം തൃശ്ശൂരിൽനിന്ന് തിരുവനന്തപുരത്തേക്ക് തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ കൂടെ യാത്ര ചെയ്തിരുന്ന ഒരു സ്ത്രീ പല കാര്യങ്ങളും സംസാരിച്ച കൂട്ടത്തിൽ അവരുടെ അച്ഛന്റെ കൃഷിസ്ഥലം ഒരു വികസന പാർക്കിനായി ഏറ്റെടുത്തതിനെക്കുറിച്ച് പറയുകയുണ്ടായി. ആലുവക്കടുത്താണ് വീട്. അവരുടെ അച്ഛൻ നല്ലൊരു കർഷകനായിരുന്നു. സ്വന്തം ആവശ്യത്തിനു മാത്രമല്ല, നെല്ലും പച്ചക്കറികളും ഏത്തക്കായുമെല്ലാം അവർക്ക് വിൽക്കാനുമുണ്ടായിരുന്നു. സ്ഥിരം പണിക്കാരും പശുക്കളും ഉണ്ടായിരുന്നു. മറ്റു കർഷകരെല്ലാം സ്ഥലം കൊടുത്തതിനുശേഷം ഒരു ഗതിയും ഇല്ലാതായപ്പോഴാണ് ഇവരുടെ അച്ഛൻ തന്റെ കൃഷിസ്ഥലം കൈമാറിയത്, ഏറെ വിഷമത്തോടെ. ഇന്ന് ആ സ്ഥലം തരിശിട്ടിരിക്കുകയാണ്. അത് കാണുമ്പോൾ വല്ലാത്ത ദുഃഖം തോന്നുകയാണെന്ന് അവർ പറഞ്ഞു. തരിശിട്ടിരിക്കുന്ന കൃഷിസ്ഥലങ്ങൾ ഭൂമിയില്ലാത്തവർക്ക് കൃഷി ചെയ്യാൻ നൽകിയിരുന്നെങ്കിൽ എന്തുമാത്രം ഭക്ഷണം നാട്ടിൽ ഉണ്ടാക്കാമായിരുന്നു? എത്രപേർക്ക് ഭക്ഷണം നാട്ടിൽ ഉണ്ടാക്കാമായിരുന്നു? എത്രപേർക്ക് തൊഴിൽ കൊടുക്കാമായിരുന്നു? ഇതായിരുന്നു അവരുടെ ചോദ്യം. അവരൊരു സാമ്പത്തിക വിദഗ്ധയല്ല. പരിസ്ഥിതി പ്രവർത്തകയുമല്ല. എന്നാലും പരിസ്ഥിതിയെക്കുറിച്ചും വികസനത്തെക്കുറിച്ചും തൊഴിലിനെക്കുറിച്ചും ഒക്കെ അവർക്ക് നല്ലൊരു ധാരണയുണ്ടെന്ന് കുറച്ചു നേരത്തെ സംഭാഷണത്തിൽനിന്ന് മനസ്സിലായി.

കടിഞ്ഞാൺ വിട്ടൊരു കുതിരയെപ്പോലെയായിട്ടുണ്ട് കേരളത്തിൽ വികസനമെന്ന് കൂടെയിരുന്ന മറ്റൊരാൾ സൂചിപ്പിച്ചു. എന്താണ് വികസനമെന്നോ, എവിടേക്കാണ് പോകുന്നതെന്നോ അറിയുന്നില്ല. കുന്നുകളും വയലുകളും പുഴകളും തണ്ണീർതടങ്ങളും കൃഷിയിടങ്ങളും വീടുകളുമെല്ലാം ചവിട്ടിമെതിച്ചുകൊണ്ട് വികസനത്തിന്റെ ഈ കുതിര പായുകയാണ്. ഒരു യുദ്ധക്കളം പോലെയായിരിക്കുകയാണ് നാട്. ഇത് കേരളത്തിന്റെ ഒരു പൊതുബോധമാണ് എന്ന് കരുതാം.

വികസനത്തിന്റെ പദ്ധതികളിലൂടെ ലഭിക്കുന്ന സാമ്പത്തിക വളർച്ചയേക്കാൾ കൂടുതലാണ് പ്രകൃതിയുടെ നാശത്തിലൂടെ രാജ്യങ്ങൾക്കുണ്ടാകുന്ന നഷ്ടമെന്ന് ലോകബാങ്കിലെ സാമ്പത്തിക വിദഗ്ധർ പോലും പറയാൻ തുടങ്ങിയിരിക്കുന്നു. ഇക്കഴിഞ്ഞ വർഷത്തെ ലോകബാങ്ക് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത് പരിസ്ഥിതി നാശംമൂലം ഇന്ത്യക്കുണ്ടാ

കുന്ന ചെലവ് 3.75 ട്രില്യൺ രൂപയാണെന്നാണ്. ഇത് ഇന്ത്യയുടെ ജിഡിപിയുടെ 5-7% വരുമത്രേ. കേരളത്തിൽ കഴിഞ്ഞ പത്തു വർഷം കൊണ്ടുണ്ടായ പരിസ്ഥിതിനാശം സാമ്പത്തികമായി വിലയിരുത്തിയാൽ എത്ര കോടികളാകും? സംസ്ഥാനത്തിനു നഷ്ടപ്പെട്ട ഭക്ഷണവും വെള്ളവും തൊഴിലും എത്രയായിരിക്കും? 100 വർഷം മുൻപോട്ട് ചിന്തിക്കാൻ കഴിഞ്ഞില്ലെങ്കിലും പത്ത് വർഷത്തേക്കെങ്കിലും ഇതുകൊണ്ടുണ്ടായ നഷ്ടം കണക്കാക്കേണ്ടതില്ലേ? നിർഭാഗ്യവശാൽ നമ്മുടെ ഭരണകർത്താക്കളും സാങ്കേതികവിദഗ്ധരും ഒക്കെത്തന്നെ കാലത്തിനു പിറകെയാണ് നടക്കുന്നതെന്ന് തോന്നും. അവരുടെ വികസന കാഴ്ചപ്പാടുകൾ അപ്രകാരമാണ്.

ലോകത്തെ സാമാന്യജനങ്ങൾ മുഴുവൻ ഇന്ന് ആശങ്കപ്പെടുന്നത് ഊർജ്ജത്തെക്കുറിച്ചോ തൊഴിലിനെക്കുറിച്ചോ സാമ്പത്തിക വളർച്ചയെ കുറിച്ചോ അല്ല. വെള്ളത്തെ കുറിച്ചും ഭക്ഷണത്തെ കുറിച്ചുമാണ്. ക്ഷയിക്കുന്ന ആരോഗ്യത്തെക്കുറിച്ചാണ്. നിലനിൽപ്പിനെ കുറിച്ചാണ്. അതുകൊണ്ടുതന്നെ പുഴകളും തണ്ണീർത്തടങ്ങളും നീർവയലുകളുമെല്ലാം സംരക്ഷിക്കപ്പെടണം എന്ന ആവശ്യം ലോകത്താകെ ഉയർന്നുവരികയാണ്. മാധ്യമങ്ങൾ പ്രചരിപ്പി

**ലോകത്തെ സാമാന്യജനങ്ങൾ മുഴുവൻ ഇന്ന് ആശങ്കപ്പെടുന്നത് ഊർജ്ജത്തെക്കുറിച്ചോ തൊഴിലിനെക്കുറിച്ചോ സാമ്പത്തിക വളർച്ചയെ കുറിച്ചോ അല്ല. വെള്ളത്തെ കുറിച്ചും ഭക്ഷണത്തെ കുറിച്ചുമാണ്.**

ക്കുന്ന സാമ്പത്തിക വികസന ചിത്രങ്ങൾ ലോകത്തെ ധനികരായ കുറച്ചുപേർക്കുവേണ്ടി മാത്രം ഊതി വീർപ്പിച്ച് കൊട്ടിഘോഷിക്കുന്ന കാര്യങ്ങളാണ്. ഒരുപക്ഷേ, കേരളത്തിലെ ജനങ്ങളുടെ ആശങ്ക പരിഗണിച്ചതുകൊണ്ടാകാം ഒരു നിയമം ഉണ്ടാക്കാൻ കേരള സർക്കാർ തയ്യാറായത്. നെൽപ്പാടങ്ങളും നെൽകൃഷിയും സംരക്ഷിക്കാനുള്ള ശ്രമത്തിലേർപ്പെട്ട ഒട്ടേറെ സംഘടനകളും വ്യക്തികളും ശാസ്ത്രജ്ഞരും സാമൂഹ്യ-പാരിസ്ഥിതിക പ്രവർത്തകരും ഈ കൊച്ചുകേരളത്തിലുണ്ട്. 2008-ൽ നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം നിയമസഭയിൽ പാസായപ്പോൾ അവർ ആശ്വസിച്ചു. ബാക്കിയുള്ള കുറച്ച് നീർത്തടങ്ങളെങ്കിലും ബാക്കിയാകുമല്ലോയെന്ന്.

എന്നാൽ, ചെറിയൊരു വിഭാഗം ആളുകൾ ഈ നിയമത്തെ എതിർക്കുന്നുണ്ട്. ഇതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്നുണ്ട്. അനധികൃതമായി നിലം നികത്തുന്നുണ്ട്. ഈ നിയമം കേരളത്തിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്നു എന്നു പറയുന്നവരുണ്ട്. ഇവർ ഒന്നുകിൽ ഇത്തരം വികസന പദ്ധതികളിലൂടെ ലാഭം പ്രതീക്ഷിക്കുന്നവരോ (ഉത്പന്നത്തിലൂടെയല്ല. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ പണമുണ്ടാക്കുക) അതല്ലെങ്കിൽ വികസനത്തെക്കുറിച്ച് പഴഞ്ചൻ ആശയങ്ങൾ സൂക്ഷിക്കുന്നവരോ ആണ്.

കേരളത്തിന്റെ അഭിമാനമായി, വികസനത്തിന്റെ ഒരു നാഴികക്കല്ലായി കരുതപ്പെടുന്ന ഒരു പദ്ധതിയാണ് തിരുവനന്തപുരത്തെ ടെക്നോപാർക്ക്. കുറേ ചെറുപ്പക്കാർക്ക് ഇത് തൊഴിൽ കൊടുത്തു. എന്നാൽ ഇതിന് ചുറ്റുമുള്ള പ്രദേ



# കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ആക്റ്റ്-പ്രധാന വകുപ്പുകൾ

സെക്ഷൻ 1 (3) (xviii) - 'തണ്ണീർത്തടം' എന്നാൽ മണ്ണ് ജലപൂരിതമാക്കിക്കൊണ്ട്, കരപ്രദേശത്തിനും ജലാശയങ്ങൾക്കും ഇടയിൽ സ്ഥിതിചെയ്യുന്നതും, ജലനിരപ്പ് സാധാരണഗതിയിൽ ഉപരിതലം വരെയോ അതിനോടടുത്തോ ആയിരിക്കുകയോ ആഴംകുറഞ്ഞ ജലത്താൽ മൂടിക്കിടക്കുകയോ അഥവാ മന്ദഗതിയിൽ ചലിക്കുകയോ കെട്ടിക്കിടക്കുകയോ ചെയ്യുന്ന ജലത്തിന്റെ സാന്നിദ്ധ്യംകൊണ്ട് സവിശേഷമാകുകയോ ചെയ്യുന്ന സ്ഥലം എന്നർത്ഥമാകുന്നതും അതിൽ കായലുകൾ, അഴിമുഖങ്ങൾ, ചേറ്റു പ്രദേശങ്ങൾ, കടലോരക്കായലുകൾ, കണ്ടൽക്കാടുകൾ, ചതുപ്പുനിലങ്ങൾ, ഓരുള്ള ചതുപ്പുനിലങ്ങൾ, ചതുപ്പിലെ കാടുകൾ എന്നിവ ഉൾപ്പെടുന്നതും, നെൽവയലുകളും നദികളും ഉൾപ്പെടാത്തതുമാകുന്നു.

## സെക്ഷൻ 3 (1)

**നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്യുന്നതിനുള്ള വിലക്ക്** - ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതിയിലും അന്നുമുതൽക്കും ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ അധിവാസിയോ കൈവശക്കാരനോ, ആ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ, പ്രസ്തുത നെൽവയൽ പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള യാതൊരു പ്രവർത്തിയും ചെയ്യാൻ പാടുള്ളതല്ല.

## സെക്ഷൻ 8 (3)

പൊതു ആവശ്യത്തിനായി നിലം നികത്തുന്നതിനോ പരിവർത്തനപ്പെടുത്തുന്നതിനോ പ്രാദേശികതല നിരീക്ഷണസമിതി ശുപാർശ ചെയ്തിട്ടുള്ള ഓരോ അപേക്ഷയും, സംസ്ഥാനതല സമിതി പരിശോധിച്ച് ആ പ്രദേശത്ത്, നെൽവയൽ അല്ലാത്ത മറ്റൊരു സ്ഥലം ലഭ്യമാണോ എന്നും നെൽവയൽ നികത്തുന്നതുമൂലം ഉണ്ടാകാവുന്ന പാരിസ്ഥിതിക വ്യതിയാനങ്ങളെ സംബന്ധിച്ചും വിശദമായി പരിശോധന നടത്തി സർക്കാരിന് റിപ്പോർട്ട് നൽകേണ്ടതാണ്.

## സെക്ഷൻ 9 (8)

(1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രാദേശികതല നിരീക്ഷണസമിതി - (i) അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ, പാരിസ്ഥിതിക വ്യവസ്ഥയേയും ചേർന്ന് കിടക്കുന്ന നെൽവയലിലെ കൃഷിയേയും പ്രതികൂലമായി ബാധിക്കുകയില്ലാ എന്നും; (ii) നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിന് പറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ല എന്നും (iii) കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും (iv) പ്രസ്തുത നെൽവയൽ, മറ്റ് നെൽവയലുകളാൽ ചുറ്റപ്പെട്ട



Photo/Jayaraj T P

സ്ഥിതി ചെയ്യുന്നതല്ല എന്നും – ശുപാർശ ചെയ്താൽ അല്ലാതെ അപ്രകാരമുള്ള യാതൊരു അപേക്ഷയും ജില്ലാതല അധികൃതസമിതി പരിഗണിക്കുവാൻ പാടുള്ളതല്ല.

### സെക്ഷൻ 11

**തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനുള്ള വിലക്ക്** – ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലും അന്നുമുതൽക്കും സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ അതേപോലെ കാത്തുസൂക്ഷിക്കേണ്ടതും അപ്രകാരമുള്ള തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനും അവയിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിനും പൂർണ്ണ നിരോധനം ഉണ്ടായിരിക്കുന്നതുമാണ്. എന്നാൽ ഈ വകുപ്പിൽ പറയുന്ന യാതൊന്നും തന്നെ പ്രസ്തുത തണ്ണീർത്തടത്തിന്റെ പരിസ്ഥിതിഘടന നിലനിർത്തുന്നതിനുവേണ്ടി എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് ബാധകമാകുന്നതല്ല.

### സെക്ഷൻ 13

**ജില്ലാ കളക്ടറുടെ അധികാരം** – ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കളക്ടർക്ക്, ഈ ആക്റ്റ് പ്രകാരം എടുത്ത പ്രോസിക്യൂഷൻ നടപടിക്ക് ഭംഗം വരാതെ, ഈ ആക്റ്റിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് രൂപാന്തരപ്പെടുത്തിയ ഏതെങ്കിലും നെൽവയൽ പൂർവ്വ അവസ്ഥയിൽ കൊണ്ടുവരുന്നതിലേക്കായി, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള നടപടി കൈക്കൊള്ളാവുന്നതും, ഇതിലേക്കായി ചെലവഴിക്കേണ്ടിവന്ന തുക, അതത് സംഗതി പോലെ, പ്രസ്തുത നെൽവയലിന്റെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ, അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയശേഷം, ഈടാക്കാവുന്നതാണ്. ●

ശങ്ങളിലെ ജനങ്ങൾക്കിപ്പോൾ കുടിവെള്ളമില്ലാതായിക്കഴിഞ്ഞു. ഇവിടെ കിണറുകളിലെ ജലനിരപ്പ് താഴുകയോ അല്ലെങ്കിൽ വെള്ളത്തിന്റെ സ്വഭാവം മാറുകയോ ചെയ്തിരിക്കുന്നു. ഭൂമി വിട്ടുകൊടുത്തവർ വലിയൊരു പ്രതിസന്ധിയിലായിരിക്കുകയാണ്.

ഐ.ടി. വ്യവസായത്തെ ആരും എതിർക്കുന്നില്ല. എന്നാൽ യാതൊരു ശാസ്ത്രീയ പഠനങ്ങളുമില്ലാതെ തണ്ണീർത്തടങ്ങൾ നികത്തി ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്താലുള്ള ഭവിഷ്യത്താണിവിടെ സൂചിപ്പിച്ചത്. ഈ പദ്ധതികൾ തണ്ണീർത്തടങ്ങൾ നശിപ്പിക്കാതെ, കുന്നുകളിടിക്കാതെ ചെയ്യാൻ കഴിയില്ലേ? ഏറ്റവും ചെറിയ യൂണിറ്റുകൾവഴി അവയ്ക്കുചുറ്റും വികേന്ദ്രീകൃതമായി ഒരു ശൃംഖല സ്ഥാപിച്ച് വികസിപ്പിച്ചെടുക്കാവുന്ന ഒരു വ്യവസായമാണ് ഐ.ടിയെന്ന് ഇതിൽ പ്രവർത്തിക്കുന്ന പല വിദഗ്ധരും അഭിപ്രായപ്പെടുന്നുണ്ട്. ഇത് ഇപ്പോൾ ചെയ്യുന്നതുപോലെ കേന്ദ്രീകരിച്ച ഐ.ടി. പാർക്കുകളാക്കേണ്ടെന്നും ആളുകളെ ഒരു സ്ഥലത്തേക്ക് കേന്ദ്രീകരിക്കേണ്ടെന്നും അവർ പറയുന്നു. സാങ്കേതികവിദ്യകൾ വികസിക്കുമ്പോൾ, അവയ്ക്ക് നിലനിൽപ്പിന്റെ അടിസ്ഥാനമായ ഭൂമിയെ സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനെ എങ്ങിനെയാണ് വികസനമെന്ന് പറയുക?

**സാങ്കേതികവിദ്യകൾ വികസിക്കുമ്പോൾ, അവയ്ക്ക് നിലനിൽപ്പിന്റെ അടിസ്ഥാനമായ ഭൂമിയെ സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനെ എങ്ങിനെയാണ് വികസനമെന്ന് പറയുക?**

വയൽ തരിശിട്ടിരിക്കുകയല്ലേ? നെൽകൃഷി ചെയ്യുന്നത് നഷ്ടമല്ലേ? ഈ ഭൂമി മറ്റാവശ്യങ്ങൾക്ക് മാറ്റിക്കൂടേ? ഈ ചോദ്യങ്ങൾക്കുത്തരം പറയാൻ കഴിയുക നികത്തിയ നെൽപ്പാടങ്ങൾക്കരികിൽ ജീവിക്കുന്നവർക്കായിരിക്കും. അവരുടെ ജലലഭ്യതയിൽ വന്നമാറ്റം, മറ്റു കൃഷികൾക്കുണ്ടായ നാശം, ജൈവ വൈവിധ്യത്തിൽ വന്ന കുറവ്, അവരുടെ സാമൂഹ്യബന്ധങ്ങളിൽ വന്ന മാറ്റം, കുട്ടികളുടെ സ്വഭാവത്തിലും ശീലങ്ങളിലും വന്ന വ്യത്യാസം... ഇങ്ങനെ ഒട്ടനവധി കാര്യങ്ങൾ അവർക്ക് പറയാനുണ്ടാകും. വികസനത്തിന്റെ കണക്കുകളും കാര്യങ്ങളും നിരത്തുമ്പോൾ ഈ നഷ്ടം ഒരിക്കലും കണക്കാക്കാറില്ല. അതൊക്കെ എങ്ങിനെയെങ്കിലും ശരിയാക്കിക്കോളും. മനുഷ്യർ 'അഡ്ജസ്റ്റ്' ചെയ്തോളും. അങ്ങിനെ ചെയ്തുചെയ്താണല്ലോ മനുഷ്യർ ഇതുവരെ പുരോഗമിച്ചത്. ചെറിയ ചില വിട്ടുവീഴ്ചകൾ നമ്മൾ ചെയ്യേണ്ടതായി വരും. ഇതാണ് പൊതു നിലപാട്.

എന്താണീ വിട്ടുവീഴ്ച? പാലിനേക്കാൾ വില കൊടുത്ത് വെള്ളം വാങ്ങുക. യാതൊരു പോഷക ഗുണവുമില്ലാത്ത, കീടനാശിനികളുടെ സാന്നിദ്ധ്യമുള്ള അരിയും, പച്ചക്കറികളും, പഴങ്ങളും വലിയ വില കൊടുത്ത് വാങ്ങി കഴിക്കുക. ഗ്രാമങ്ങളിൽ ചെറുപ്പക്കാരില്ലാതാകുക. രോഗങ്ങൾ വർദ്ധിക്കുക. സുരക്ഷിതത്വമില്ലാതാകുക....

നെൽവയലും തണ്ണീർത്തടങ്ങളും സംരക്ഷിക്കപ്പെട്ടാൽ എല്ലാവർക്കും തൊഴിൽ കൊടുക്കാൻ കഴിയുമോ? തീർച്ചയായും ഇല്ല. എന്നാൽ എല്ലാവർക്കും വെള്ളം കൊടുക്കാൻ കഴിയും. കുറേയെങ്കിലും നല്ല ഭക്ഷണം ഉത്പാദിപ്പിക്കാൻ കഴിയും. ഇത്തരം ആവാസ വ്യവസ്ഥകൾ നശിപ്പിക്കാതെ ഇക്കാലത്തിനു യോജിച്ച വ്യവസായങ്ങൾ എങ്ങനെ കൊണ്ടുവരാമെന്ന് ചിന്തിക്കാൻ കഴിയും. ഇവയെല്ലാം നശിപ്പിച്ച് ഉയരുന്ന വ്യവസായ പാർക്കുകളും നിർമ്മാണ മേഖലകളുമെല്ലാംതന്നെ കുറച്ചാളുകൾക്കേ തൊഴിൽ കൊടുക്കുന്നുള്ളൂ എന്ന കാര്യവും നമ്മൾ വിസ്മരിച്ചുകൂടാ.

ദേശീയതലത്തിൽതന്നെ കേരളത്തിന് ഖ്യാതി നേടിക്കൊടുത്ത സർക്കാർ പദ്ധതിയാണ് കുടുംബശ്രീ മിഷൻ. മറ്റ് ആധുനിക വ്യവസായങ്ങളിലൊന്നുംതന്നെ (ഇക്കോ ടൂറിസം ഉൾപ്പെടെ) ജോലി ലഭിക്കാതെ ദരിദ്രരായ സ്ത്രീകളുടെ ഈ കൂട്ടായ്മ ഇന്ന് ഒരു ലക്ഷം എക്കറിൽ പാട്ടകൃഷി ചെയ്യുന്നുണ്ട്. ഒരുവശത്ത് ഉടമസ്ഥർ ഭൂമി തരിശിടുമ്പോൾ തന്നെ ഈ സ്ത്രീ സംഘങ്ങൾക്ക് ഭൂമി ദീർഘകാലത്തേക്ക് ലഭിക്കാനുള്ള ക്രമീകരണങ്ങളൊന്നുംതന്നെ സർക്കാരിന് ചെയ്യാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഒരു വ്യവസായ സംരംഭത്തിന് ഭൂമി കൊടുക്കാൻ സർക്കാർ ഉത്സുകരാണ്. ഈ സ്ത്രീകൾ കാണിച്ചു തരുന്നതെന്താണ്? സമൂഹത്തിലെ ഏറ്റവും അർഹതയുള്ള ഒരു വിഭാഗത്തിന് വികസനമുണ്ടാവുകയാണ്. സാമ്പത്തികവും മറ്റു വിധത്തിലും സ്ത്രീകൾക്ക് വികസനമുണ്ടാകുമ്പോൾ മൊത്തം കുടുംബത്തിനാണതിന്റെ ഗുണം. ഈ ഗുണം കുടുംബത്തിൽനിന്ന് സമൂഹത്തിലേക്കും വളരും. ഇതിന്റെ മുഴുവൻ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കുടുംബശ്രീക്ക് കഴിയുന്നതേയുള്ളൂ. എന്നാൽ ഒരു വയൽ നികന്നുപോകുന്നതോടെ ഈ വലിയൊരു സാദ്ധ്യത ഇല്ലാതാകുകയാണ്. അക്ഷയ വികസന സങ്കല്പമാകെ തകിടം മറിയുകയാണ്.

വിദ്യാസമ്പന്നരായ ചെറുപ്പക്കാരടക്കം പലർക്കും കൃഷി ഇന്നൊരു ആവേശമായി മാറിക്കൊണ്ടിരിക്കുകയാണ്. തൊഴിൽ പ്രദാനം ചെയ്യുന്ന വലിയൊരു മേഖലയായിതന്നെ നാളെയിതു മാറാം, കൃഷിയുടെ മുഴുവൻ ശൃംഖലയും വളർത്തിയെടുത്താൽ. വിത്തു തൊട്ട് കാർഷികോത്പന്നങ്ങളും മൂല്യവർദ്ധിത ഉത് പന്നങ്ങളും അനുബന്ധ വ്യവസായങ്ങളും എല്ലാം തന്നെ കേരളത്തിനനുയോജ്യമായ വികസനത്തിന്റെ ഒരു വഴി ഈ ചെറുപ്പക്കാരുടെ മുൻപിൽ തുറന്നു കൊടുക്കുകയാണ്. വ്യവസായങ്ങളിലെ കഠിന ജോലികളും മുഷിപ്പിക്കുന്ന ജീവിതചര്യകളും കഴിഞ്ഞ് കുറച്ചു സമയം ഇത്തരം മേഖലയിലേക്കിറങ്ങാൻ താൽപര്യപ്പെടുന്നവരും ഏറെയുണ്ടിന്ന്.

കാലത്തിനു മുൻപേ നടക്കുന്ന ഭരണാധികാരികൾ ഇല്ലാതായതാണ് ഈ നാടിന്റെ ഇന്നത്തെ ശാപം. ഇല്ലായിരുന്നെങ്കിൽ ജൈവിവൈവിധ്യത്തെയും കൃഷിയെയും അടിസ്ഥാനപ്പെടുത്തിയ, ആരോഗ്യത്തെയും ശാസ്ത്രത്തെയും വളർത്തുന്ന, കലകളെയും സംസ്കാരത്തെയും പോഷിപ്പിക്കുന്ന മറ്റൊരു വികസന സങ്കല്പത്തിലേക്ക് അവർ വന്നേനെ. ഈ ഭൂമിയെ, ഇവിടത്തെ ജലത്തെ, അന്നത്തെ മുടിക്കാതെ രാജ്യത്തിനു തന്നെ മാതൃകയായ ഒരു വികസനപാത അവർ തെരഞ്ഞെടുത്തേനെ. കാരുണ്യ ലോട്ടറിയും ക്യാൻസർ പെൻഷനും രണ്ട് രൂപ അരിയും നൽകി ജനങ്ങളെ പ്രീതിപ്പെടുത്തുന്നതിനു പകരം സ്വന്തംകാലിൽ അഭിമാനത്തോടെ നിൽക്കാൻ അവരെ പഠിപ്പിച്ചേനെ. ഇത്തരത്തിൽ ചിന്തിക്കുന്ന വിരലിലെണ്ണാവുന്ന ചില രാഷ്ട്രീയ പാർട്ടികൾക്കകത്ത് വളർന്നു വരുന്നുണ്ട് എന്ന തോന്നൽ മാത്രമാണ് ഏക ആശ്വാസം. ●

# വേനൽക്കിനാവുകൾ

കുഞ്ഞിരാമൻ പി.

വേനൽക്കാലത്തുച്ചനേരം. ഒരു യാത്ര കഴിഞ്ഞ് തിരിച്ചെത്തിയതാണ്. ഉടലുരുകുന്ന വെയിൽച്ചൂടിനെ മനസ്സാ ശപിച്ച് വയർ നിറയെ വെള്ളവും കുടിച്ച് ഇത്തിരി നേരം ഇരുന്നതേയുള്ളൂ, ഓർക്കാപ്പുറത്ത് മഴയെത്തി. ചൂടും പരവേശവുമൊക്ക മിനുട്ടുകൾകൊണ്ട് മഴ മായ്ച്ചുകളഞ്ഞു. മഴയുടെ അനുഭൂതി നുകർന്നങ്ങനെയിരിക്കെ, ആലോചിച്ചുപോയി, ഇങ്ങനെയൊക്കെയായിരുന്നോ വേനൽക്കാലം.

കാലവർഷവും തുലാമഴയും പെയ്തൊഴിഞ്ഞ് തുലാപ്പത്തോടെ മാനം തെളിയും. തുലാപ്പത്ത് കഴിഞ്ഞാൽ മരപ്പൊത്തിലും കിടക്കാമെന്നാണ് പ്രമാണം. സന്ധ്യയോടെ പൊഴിയുന്ന മഞ്ഞിനൊപ്പം പാലപ്പൂവിന്റെ സുഗന്ധം വഴിഞ്ഞൊഴുകും. മച്ചകങ്ങളിലും കൊട്ടിലകങ്ങളിലും കാവുകളിലും കുടിയിരുത്തിയ കുലദൈവങ്ങളെയും ഭഗവതിമാരെയും പുത്തരിയൂട്ടുന്നത് തുലാപ്പത്തിനാണ്. തുലാമാസത്തിലെ കറുത്തവാവ് ദിവസം പിതൃബലിക്ക് വിശേഷപ്പെട്ടതാണ്. അന്ന് ബലിതീർത്ഥങ്ങൾ ബലികർമ്മത്തിനെത്തിയവരെക്കൊണ്ട് നിറഞ്ഞു കവിയും. കേരളീയന്റെ കല്പവൃക്ഷമായ തെങ്ങു നടുന്നതും തുലാമാസത്തിലെ കറുത്തവാവു ദിവസമാണ്.





മഴപോലെ മഞ്ഞു പെയ്യുന്ന വൃശ്ചികം, ധനു മാസങ്ങളിലാണ് കശുമാവുകൾ പൂവിടുന്നത്. പുഴയോരങ്ങളിൽ വരിവരിയായി കാവൽ നിൽക്കുന്ന കൈതകൾ പൂക്കുന്നതും ഇക്കാലത്താണ്. കേതകിപ്പൂക്കളുടെ മനംമയക്കുന്ന സുഗന്ധം സായംസന്ധ്യകളെ പരിപൂരിതമാക്കും. വറുതിയുടെ നാളുകൾക്കറുതി വരുത്തി കടലിൽ അയലയും മത്തിയും പെരുകി കരയിൽ വന്നടിയും. കടപ്പുറങ്ങൾക്കിത് ഉത്സവകാലമായിരിക്കും. ഒന്നാംവിള കൊയ്തൊഴിഞ്ഞ പാടങ്ങളിൽ ഉഴുന്നും പയറും മുതിരയും മറ്റും വിതയ്ക്കുന്നത് വൃശ്ചികമാസത്തിലാണ്.

**വറുതിയുടെ നാളുകൾക്കറുതി വരുത്തി കടലിൽ അയലയും മത്തിയും പെരുകി കരയിൽ വന്നടിയും. ഒന്നാംവിള കൊയ്തൊഴിഞ്ഞ പാടങ്ങളിൽ ഉഴുന്നും പയറും മുതിരയും മറ്റും വിതയ്ക്കുന്നത് വൃശ്ചികമാസത്തിലാണ്.**

മകരമാസാരംഭത്തോടെ മാവും മരുതും പൂത്തുലയും. ഇലമൂടിപ്പൂവിരിഞ്ഞ മാന്തോപ്പുകളിൽ പൂന്തേൻ ചെറുമഴയായ് പെയ്തിറങ്ങും. മകരമഞ്ഞിനും കാറ്റിനും മാമ്പൂവിന്റെ മണമുണ്ടാവും. പാടങ്ങളിൽ വെള്ളരിയും കുമ്പളവും മറ്റു ശീതകാല പച്ചക്കറികളും നടുന്നത് മകരമാസത്തിലാണ്. ശീതം തഴയ്ക്കുന്ന ഹേമന്തകാലം മകരത്തോടൊപ്പം പിൻവാങ്ങും. കുംഭി വിയർക്കുന്ന കാലമാണ് കുംഭമാസം. മണ്ണിനും വിണ്ണിനും ചൂടേറുന്നതിനനുസരിച്ച് മധുരനീരും പോഷകങ്ങളുമടങ്ങിയ തരാതരം കനികൾ ഒന്നൊന്നായി പാകമായിത്തുടങ്ങും. പപ്പായയും കശുമാവും വാഴയും പേരയും നെല്ലിയും സപ്പോട്ടയുമൊക്കെ മത്സരിച്ച് കനികൾ കാഴ്ചവെക്കും. മധുരനാരങ്ങയുടെയും മുസംബിയുടെയും കാലം കൂടിയാണിത്. കടുക്കാച്ചി മാങ്ങയും കുംഭത്തിൽതന്നെ പഴുത്തു വീണുതുടങ്ങും. തേൻകനികളുണ്ട് മദിച്ച കുയിലും കുട്ടു

Photo/Jayaraj T P

റുവനും കിളികളും കാണാമറയത്തിരുന്ന് ഇലച്ചാർത്തിനെ സംഗീതസാന്ദ്രമാക്കും. ചെമ്പുകൊട്ടിക്കിളികൾ അതിരാവിലെയുണർന്ന് പാത്രങ്ങളുടെ പണിക്കുറ തീർക്കുന്ന പ്രവൃത്തി അനുസ്യൂതം തുടരും. മുറ്റത്തെ അശോകമരക്കൊമ്പിൽ വന്നിരുന്നൊരു വണ്ണാത്തിക്കിളി `മാച്ചിയെട് വീശിയടി ` യെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കും. നിർദ്ദേശം അനുസരിച്ച് മുറ്റം തൂത്തുവൃത്തിയാക്കിയില്ല എങ്കിൽ `പറച്ചി അടിയാറ്, പറച്ചി അടിയാറ് ` എന്നുള്ള ഭർത്സനം കേൾക്കേണ്ടിവരും. ചെറുപഴങ്ങൾ നൊട്ടിനുണഞ്ഞും പച്ചക്കുതിരയെയും പ്രാണികളെയും കൊക്കിലൊതുക്കിയും ചിലച്ചും കൊഞ്ചിയും പരസ്പരം പയ്യാരം പറഞ്ഞും ഓലേഞ്ഞാലിയും ആനറാഞ്ചിയും കാക്കത്തമ്പുരാട്ടിയും ഇരട്ടത്തലച്ചിയും അങ്ങിങ്ങ് പറന്നു നടക്കുന്നുണ്ടാവും. അതിരാണിക്കാട്ടിൽ മറഞ്ഞിരുന്നൊരു കാട്ടുമൈന ഓടക്കുഴൽ നാദമുതിർക്കും. ഈ സമയം അമ്പലക്കുളക്കരയിലെ ചെമ്പകമരക്കൊമ്പിൽ പൊന്മാൻ പ്രാണായാമം ചെയ്യുന്നുണ്ടാവും. മണ്ണിനടിയിൽ സുഷുപ്തിയിലായിരുന്ന ചേനയും കാച്ചിലും കൂവയുമൊക്കെ ഉറക്കമുണർന്ന് പതുക്കെ തിരിനീട്ടിത്തുടങ്ങും. മണ്ണിനടിയിലൊളിച്ചിരുന്ന ലില്ലികൾ ധൃതിയിൽ വർണ്ണപ്പൂക്കൾ കാഴ്ചവെച്ച് മണ്ണിലേക്കു തന്നെ മടങ്ങും. മഴക്കാലത്ത് വെള്ളക്കെട്ടായി മാറാറുള്ള പാടങ്ങളിൽ വിത്തു വിതയ്ക്കുന്നത് കുംഭമാസത്തിലാണ്. നേർത്ത നനവിലും മുളച്ചുവരുവാനും കൊടിയ വേനൽച്ചൂടിനെയും വെള്ളക്കെട്ടിനെയും പ്രതിരോധിക്കുവാനും ശേഷിയുള്ള വിത്തിനങ്ങളാണ് ഈ പൊടി വിതയ്ക്കായി തിരഞ്ഞെടുക്കുക.

മീനമാസത്തിൽ ചൂട് പരകോടിയിലെത്തും. കന്നുപൂട്ടി കട്ടയുടച്ചുവെച്ച പാടങ്ങളിൽ വെയിൽ മരീചികകൾ തീർക്കും. കരിഞ്ഞുണങ്ങുന്ന അവസാനത്തെ പുൽനാമ്പിനൊപ്പം കീടങ്ങളും ചത്തൊടുങ്ങും. ഗ്രീഷ്മത്തിന്റെ ഉച്ചസ്ഥായിയിൽ ആണ് വടക്കേ മലബാറിൽ പൂരോത്സവം കൊണ്ടാടുക. മീനമാസത്തിലെ കാർത്തികനാൾ മുതൽ വസന്തോത്സവത്തിന്റെ ഭാഗമായി കന്യകമാർ കാമദേവനെ പൂവിട്ടു പൂജിച്ചുതുടങ്ങും. ചാണകത്തിലും കളിമണ്ണിലും കാമന്റെ രൂപമെനഞ്ഞെടുത്ത് പൂക്കൾകൊണ്ടലങ്കരിച്ച് വെക്കും. കാമനെ അലങ്കരിക്കുവാനായി മുരിക്കിലും പ്ലാശിലും ചെമ്പകത്തിലും നരയൻവള്ളിയിലും എരുക്കിലും അതിരാണിയിലും ഒക്കെ കുലകുലയായി പൂക്കൾ വിരിഞ്ഞിട്ടുണ്ടാവും. വേനലിന്റെ ആലസ്യത്തിലും തെച്ചിയും ചെമ്പരത്തിയും പൂക്കൾ കാഴ്ചവെക്കും. കണ്ടൽക്കാടുകൾ പൂത്തുലയുന്നതും പൂരോത്സവക്കാലത്താണ്. കാവുകളിൽ പൂരക്കളിയും പൂരംകുളിയും അരങ്ങേറും. പൂരംനാളിൽ കാമനെ മുറ്റത്തെ പ്ലാവിൻചുവട്ടിലേക്ക് യാത്രയാക്കുന്നതോടെ പൂരോത്സവത്തിന് തിരശ്ശീലവീഴും.

`ചക്കയ്ക്കുപ്പില്ല, കള്ളൻ ചക്കേട്ടു, കണ്ടാൽ മിണ്ടണ്ട, കൊണ്ടോയ് തിന്നോട്ടെ` എന്നൊക്കെ കാണാമറയത്തുനിന്നും പാടിപ്പറഞ്ഞ് വിഷുപ്പക്ഷി പറന്നുവരും. മേടവിഷുവിന്റെ കൊടിക്കൂറകളുയർത്തി നാടാകെ കണിക്കൊന്നകൾ പൂത്തുലയും. നെയ്യപ്പം ചുട്ടും പടക്കംപൊട്ടിച്ചും സമൃദ്ധിയുടെ കണിയൊരുക്കിയും വിഷുക്കൈനീട്ടം കൊടുത്തും സ്വീകരിച്ചും മേടവിഷുവും പുതുവർഷപ്പിറയും നാടും നാട്ടാരും ആഘോഷിക്കും. കന്നുകാലികൾക്കുമുണ്ടാവും വിഷുക്കണിയും വെള്ളരിയും തേൻവരിക്കയും ഉണ്ണിയപ്പവും ഒക്കെചേർന്ന വിഷുസദ്യ. മേടം ഒന്നിന് ഉദയത്തിന് തന്നെ കർഷകർ മണ്ണിൽ കരിക്കിൻവെള്ളംകൊണ്ട് നനവു പകർന്ന് ഏതാനും നെൻമണികൾ വിതയ്ക്കും. ഇതിന് കൈവിത്തിടുക എന്നാണ് പറയുക.

ഓരോരോ മാവും കായ്ച്ചതോരോരോ മധുരങ്ങൾ എന്നവിധം വ്യത്യസ്ത രുചിയും മണവും മധുരവും നിറച്ചുവെച്ച തേൻകനികൾ പറവയെന്നോ പൈതലെന്നോ വിവേചനമില്ലാതെ സമ്മാനിച്ച് മുത്തശ്ശിമാവുകൾ ചാരിതാർത്ഥ്യമടയും. കേരളത്തിന്റെ സ്വന്തം പ്ലാവുകളുമുണ്ടാവും കൂട്ടത്തിൽ, കായായും കനിയായും വേനൽ മുഴുക്കെയും ശേഷവും. തെങ്ങിളനീരിന്റെയും പനനൊങ്കിന്റെയും കാലമാണ് ഓരോ വേനലും. കാവായ കാവൊക്കെ പൂത്തുലയുന്നതും അവിടെയൊക്കെ ഉത്സവങ്ങൾ അരങ്ങേറുന്നതും വേനലിൽതന്നെ. തെയ്യവും തിറയും പറയെടുപ്പും കെട്ടുകാഴ്ചയും തേരോട്ടവും കാഴ്ചവരവും ഒക്കെക്കൊണ്ട് നാടായ നാടൊക്കെ ഉത്സവലഹരിയിൽ ആറാടും. മേളപ്പെരുക്കംകൊണ്ടും വെടിപടഹങ്ങൾകൊണ്ടും കലാപരിപാടികൾകൊണ്ടും രാവിനെ പകലാക്കി മാറ്റും, ഓരോ ഉത്സവപ്പറമ്പും. പള്ളിപ്പെരുന്നാളും ഉറൂസും ആണ്ടുനേർച്ചകളും അരങ്ങേറുന്നതും ഇക്കാലത്തുതന്നെ.


Photo/Jayaraj T P

വേനൽച്ചൂടിൽ വറ്റിത്തീരാറായ പുഴകളിലും നീരിടങ്ങളിലും മത്സ്യങ്ങളുടെ പുളപ്പായിരിക്കും. നീർപ്പക്ഷികൾക്കും ദേശാടനക്കിളികൾക്കും വേനൽ സമൃദ്ധിയുടെ കാലംതന്നെ. വേനലറുതിക്കു മുമ്പു തന്നെ പക്ഷികൾ പുത്തൻ വിവാഹവസ്ത്രങ്ങളണിയും. ഇണകളെ കണ്ടെത്തി കൂടൊരുക്കി മുട്ടയിട്ട് കുഞ്ഞുങ്ങൾ വിരിഞ്ഞ് പറക്കമുറ്റുമ്പോഴേക്കും ഇടവപ്പാതിയുടെ കേളികൊട്ട് തുടങ്ങിയിട്ടുണ്ടാവും.

മേടപ്പത്തിന് മുമ്പായി ഇടിമിന്നലിന്റെയും കാറ്റിന്റെയും അകമ്പടിയോടെ വേനൽമഴ വരും. വരണ്ടുണങ്ങിയ മണ്ണിൽ നിന്നും ഉർവ്വരതയുടെ ഹൃദ്യമായ മണമുയരും. അടുത്ത നാളുകളിൽ മഴപ്പാറ്റകളുടെയും മഴവണ്ടുകളുടെയും മേളമായിരിക്കും. ഭേകസംഗീതംകൊണ്ട് രാത്രികൾ മുഖരിതമായിരിക്കും. മാമ്പഴങ്ങൾ തീരാറാവുമ്പോൾ കരിനീലനിറമുള്ള ഞാവൽപഴങ്ങൾ പരിപക്വമാവും. പുതുമഴ പെയ്തൊഴിഞ്ഞ ഇടവേളയിലാണ് വാളൻപുളിമരവും ചട്ടുകക്കള്ളിയും ചതുരക്കള്ളിയും പൂവിടുക. നീലനാരകവും മുല്ലയും ഇലഞ്ഞിയും ഒക്കെ പൂക്കുന്നതും ഇതേ കാലത്തുതന്നെ. മേടം പിൻവാങ്ങുന്നതോടെ

**രാവേറെച്ചെല്ലുവോളം മണൽത്തിട്ടയിലും, പാറപ്പുറത്തും കൂട്ടൂകാരോടൊപ്പം സൊറ പറഞ്ഞിരുന്ന്, വൈകിക്കിടന്ന് പാളവിശറികൊണ്ട് വീശിവീശി വിയർപ്പാറ്റി അറിയാതുറങ്ങിപ്പോയ യൗവ്വനത്തിന്റെ വേനൽക്കാലം, ജീവിതത്തിന്റെയും.**

മണ്ണിനും വിണ്ണിനും കുങ്കുമച്ഛവി പകർന്ന് ഗുൽമോഹർ മരങ്ങൾ (മെയ് ഫ്ളവർ) പൂവണിയും. വേനൽമഴയിൽ തളിരിട്ട തരുക്കളും ലതകളും കുറ്റിച്ചെടികളും കാലവർഷത്തിന്റെ കേളികൊട്ടിനായി കാതോർത്തു നിൽക്കും.

ഓർക്കുവാനുണ്ട്, മാങ്ങാച്ചുന മണക്കുന്ന നാട്ടുവഴികളിൽ അലഞ്ഞുനടന്ന്, മാന്തോപ്പുകളിൽ കേളികളാടി, ഇടയ്ക്കിടെ വീണുകിട്ടുന്ന മാമ്പഴങ്ങൾ കടിച്ചുതിന്ന്, കശുവണ്ടി പെറുക്കി വിറ്റ് കടലയും കപ്പലണ്ടിമിഠായിയും വാങ്ങിത്തിന്ന്, അമ്പലക്കുളത്തിൽ മദിച്ച് കുളിച്ച്, ഉത്സവപ്പറമ്പുകളിൽ മണ്ടിനടന്ന്, നിറമുള്ള സർബത്തും തണ്ണിമത്തനും മധുരനാരങ്ങയും വാങ്ങിക്കഴിച്ച് പൈദാഹമടക്കി, തോന്നുമ്പോൾ ഉണ്ട്, കൂട്ടുകാരോടൊത്ത് ആർത്തുല്ലസിച്ച് കളിച്ചുനടന്നിരുന്ന ബാല്യത്തിന്റെ വേനൽക്കാലം, ജീവിതത്തിന്റെ മാമ്പഴക്കാലം. പിന്നെ വയലിലെ കാവൽമാടത്തിൽ വയൽക്കാറ്റേറ്റ് ഉറങ്ങിപ്പോയ കൗമാരത്തിന്റെ വേനൽക്കാലം. രാവേറെച്ചെല്ലുവോളം മണൽത്തിട്ടയിലും, പാറപ്പുറത്തും കൂട്ടൂകാരോടൊപ്പം സൊറ പറഞ്ഞിരുന്ന്, വൈകിക്കിടന്ന് പാളവിശറികൊണ്ട് വീശിവീശി വിയർപ്പാറ്റി അറിയാതുറങ്ങിപ്പോയ യൗവ്വനത്തിന്റെ വേനൽക്കാലം, ജീവിതത്തിന്റെയും.

ഒടുവിലിതാ കർക്കിടകത്തിലും കർണ്ണികാരം പൂക്കുന്ന, പ്രകൃതിയുടെ കനിവുകൾ ഒന്നൊന്നായി വേണ്ടെന്നുവെച്ച് എസിയിലും ഫ്രിഡ്ജിലും ഐസ് കഷണങ്ങളിലും തണുപ്പിച്ച ഭക്ഷണത്തിലും അഭയമന്വേഷിക്കുന്ന വർത്തമാനകാലത്തിന്റെ വേനലും. ●

# കാട് ഇവിടെനിന്നും അകലെയല്ല



Photo/N A Naseer

**അഖിൽ എം.എസ്.**

കാട് ഇവിടെനിന്നും അകലെയല്ല. മുളങ്കൂട്ടങ്ങൾ ദൂരെനിന്നുതന്നെ കാണാം. കാട്ടിലേക്കു പോകുന്ന വഴിയിൽ കാട്ടുപാലകൾ പൂത്തുനിൽക്കുന്നുണ്ടാകും. അതിന്റെ പൂവുകൾ വഴിയിലാകെ വീണുകിടക്കും. ഒറ്റയടിപ്പാതകൾക്ക് ഇരുവശവും പുല്ലുകൾ ഒരാൾ പൊക്കത്തിൽ വളർന്നു നിൽപ്പുണ്ടാകും. പല രാത്രികളിലും ഈ പശ്ചിമഘട്ട മലനിരകളുടെ പ്രകൃതിയെ ഞാൻ നോക്കി നിന്നിരുന്നു.

പിന്നീടൊരിക്കൽ ഹെൻട്രി ഡേവിഡ് തോറോ കടന്നു വന്നു. പ്രകൃതിയിലേക്ക് താൻ നടത്തിയ തീർത്ഥയാത്ര വാൾഡനിലൂടെ അദ്ദേഹം പറഞ്ഞുവയ്ക്കുന്നു. വാൾഡൻ നദിക്കരയിൽ ഏകനായി താമസിച്ച കാലങ്ങൾ മുഴുവൻ ഹെൻട്രി ഡേവിഡ് തോറോ സ്വയം കണ്ടെത്തുകയായിരുന്നു. അദ്ദേഹം അനുഭവിച്ചുതീർത്ത ജീവിതം വാൾഡൻ എന്ന

**പ്ലാച്ചിമട മുതൽ ജനിതക വിത്തുകളുടെ വിപണി നിർമ്മിച്ച മോൺസാന്റോ കമ്പനിവരെ വാർത്തകളിൽ നിറഞ്ഞുനിന്നു. മനുഷ്യൻ മനുഷ്യനുമേലും പ്രകൃതിയുടെമേലും സൃഷ്ടിച്ച ചൂഷണത്തിന്റെ മുറിവുകൾ ഉണങ്ങാതെ എക്കാലവും മനുഷ്യവംശത്തെ പിന്തുടരുന്നു.**

പേരിൽ പിൽക്കാലത്ത് വിഖ്യാത ഗ്രന്ഥമായിമാറി. ഗാന്ധി, ടോൾസ്റ്റോയ്, ഹെമിംഗ്വേ, കെന്നഡി, മാർട്ടിൻ ലൂഥർ തുടങ്ങി ലോകം പിന്നീടുകണ്ട മഹാരഥന്മാർ തോറോയെ അംഗീകരിക്കുകയും അദ്ദേഹത്തിന്റെ കണ്ടെത്തലുകളെ സ്വീകരിക്കുകയും ചെയ്തു. തോറോയുടെ പ്രസക്തി അദ്ദേഹം പ്രകൃതിയിൽ നിന്നും സ്വയം കണ്ടെത്താൻ പഠിച്ചുവെന്നുള്ളതായിരുന്നു. പ്രകൃതി അദ്ദേഹത്തിന്റെ ആത്മാവിലേക്ക് ആഴത്തിൽ വേരോടുകയും അതിൽനിന്നും ആത്മജ്ഞാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും അതിജീവനത്തിന്റെയും പാതകൾ കണ്ടെത്തുകയും ചെയ്തു. വാൾഡൻ നദിയിലെ ഓളപ്പരപ്പിൽ സ്വച്ഛന്ദമായ പ്രകൃതിയുടെ നിശബ്ദതയിൽ തോറോ ഒന്നര വർഷം ഏകനായി ജീവിച്ചു. ആ കാലം മുഴുവൻ ജീവനെയും പ്രകൃതിയെയും നിരന്തരം നിരീക്ഷിക്കുകയായിരുന്നു അദ്ദേഹം.

വായിക്കാൻ തെരഞ്ഞെടുത്ത മറ്റൊരു പുസ്തകം സൈലന്റ് സ്പ്രിംഗ് ആയിരുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ ബൈബിൾ എന്ന് എക്കാലവും സ്മരിക്കപ്പെടുന്ന പുസ്തകത്തിൽ റേച്ചൽ കാഴ്സൻ ഡി.ഡി.റ്റി. എന്ന വിഷഹാരിയായ കീടനാശിനിയുടെ

വ്യാപകമായ ഉപയോഗം വരുത്തിവച്ച ദോഷങ്ങളെ ലോകത്തിനു മുന്നിൽ അവതരിപ്പിച്ചു. നിരന്തരം ബഹുരാഷ്ട്ര കീടനാശിനി നിർമ്മാണ കമ്പനികളോട് നിയമയുദ്ധത്തിൽ ഏർപ്പെട്ടും, ലോകം മുഴുവൻ സഞ്ചരിച്ച് ജനങ്ങളോടു സംവദിച്ചും അവർ തന്റെ കണ്ടെത്തലുകൾ പ്രചരിപ്പിച്ചു. ഒടുവിൽ ഡി.ഡി.റ്റി. എന്ന മാരകവിപത്തിനെ തുടച്ചെറിയാൻ അവർക്കു സാധിച്ചു. ആ വിജയം പിൽക്കാലത്ത് ലോകമെങ്ങും ഉയർന്ന പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങൾക്ക് ഊർജമായി മാറി.

തുടർന്നു പ്ലാച്ചിമട മുതൽ ജനിതക വിത്തുകളുടെ വിപണി നിർമ്മിച്ച മോൺസാന്റോ കമ്പനി വരെ വാർത്തകളിൽ നിറഞ്ഞുനിന്നു. മനുഷ്യൻ മനുഷ്യനുമേലും പിൽക്കാലത്ത് പ്രകൃതിയുടെ മേലും സൃഷ്ടിച്ച ചൂഷണത്തിന്റെ മുറിവുകൾ ഉണങ്ങാതെ എക്കാലവും മനുഷ്യവംശത്തെ പിന്തുടരുന്നു. കോളനികൾ സൃഷ്ടിച്ച കമ്പോളങ്ങൾ വനവിഭവ സമാഹരണങ്ങളിൽ ആദ്യം തന്നെ ചൂഷണത്തെ സ്ഥാപിച്ചു. വിഭവസമാഹരണം വൻതോതിൽ ജീവജാലങ്ങളുടെയും സ്വാഭാവിക പ്രകൃതിയുടെയും നാശത്തിനു വഴിതെളിച്ചു. അതിന്നും തുടരുന്നുവെന്നത് സങ്കൽപമല്ല യാഥാർത്ഥ്യം തന്നെയാണ്. കോളനിവല്ക്കരണം പിന്നീട് വ്യാവസായിക വിപ്ലവത്തിന് വഴി തെളിച്ചപ്പോഴും വികസനത്തിന്റെ

**സാംസ്കാരികമായി ഉയർന്ന ഒരു ജനസമൂഹം. എന്തുകൊണ്ട് പ്രകൃതിയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നില്ല. ഇവിടെയാണ് അടിസ്ഥാനപരമായ വിദ്യാഭ്യാസം ചോദ്യം ചെയ്യപ്പെടുന്നത്.**

പേരിൽ ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതിയെ ആരും പഠിക്കാൻ ശ്രമിച്ചില്ല. സ്വന്തം ജീവിതം കരുപ്പിടിപ്പിക്കാൻ ഓടി നടക്കുന്ന മനുഷ്യജീവിതങ്ങളാണ് നമുക്ക് ചുറ്റും. ഒട്ടും സമയം ആർക്കുമില്ല. ജോലിത്തിരക്ക്, പ്രാരാബ്ധങ്ങൾ. കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കാൻ തീരുമാനിച്ചതുമുതൽ കോഴിക്കോട് മുതൽ തിരുവനന്തപുരം വരെ അക്രമവും, ഹർത്താലുകളും രാഷ്ട്രീയ പിന്തുണയോടെ നടന്നു. വാർത്താമാധ്യമങ്ങൾ അതൊരു ആഘോഷമാക്കി. എന്നാൽ ആ റിപ്പോർട്ട് അതിന്റെ പൂർണരൂപത്തിൽ സാധാരണക്കാരായ മനുഷ്യർ മനസ്സിലാക്കിയോ എന്നത് തീർച്ചയില്ലാത്ത വസ്തുതയാണ്. ഈ വിഷയം മതത്തോടും രാഷ്ട്രീയത്തോടും ഇടകലർന്നതും ഒരു പ്രത്യേക ലക്ഷ്യത്തിനുവേണ്ടിയാണ്. അതാണ് മറ്റൊരാളാൽ നിയന്ത്രിക്കപ്പെടുന്ന മനുഷ്യന്റെ അവസ്ഥ. അവന്റെ ചിന്തയ്ക്കുമേൽ മതവും രാഷ്ട്രീയവും തടസ്സം നിൽക്കുന്നു. കർഷകഹാനിയാണ് എന്നു പറയപ്പെടുന്ന ഈ റിപ്പോർട്ട് യഥാർത്ഥ കർഷകനെ സംബന്ധിച്ച് ഒട്ടും ദോഷകരമല്ല എന്നതാണ് യാഥാർത്ഥ്യം. ഗാഡ്ഗിൽ റിപ്പോർട്ട് ഇതിലും മേന്മയുള്ളതായിരുന്നു എന്നത് മറ്റൊരു യാഥാർത്ഥ്യം. പശ്ചിമഘട്ടം പുകയുന്നു എന്നരീതിയിൽ വിവിധ വാർത്തകൾ പുറപ്പെടുവിച്ച മാധ്യമങ്ങൾക്ക് കസ്തൂരിരംഗൻ റിപ്പോർട്ട് തള്ളിയപ്പോഴും ജനപ്രതിനിധികളെ ക്ഷണിച്ചുവരുത്തി ചർച്ചചെയ്യാൻ കാണിച്ച മിടുക്ക് വാസ്തവത്തിൽ പശ്ചിമഘട്ട സംരക്ഷണത്തിന്റെ ആവശ്യകത ജനങ്ങളെ മനസ്സിലാക്കുന്നതിൽ കാണിക്കാമായിരുന്നു. എല്ലാ മാധ്യമസ്ഥാപനങ്ങളെയും തള്ളിക്കളയുന്നില്ല. ഓരോ മാധ്യമത്തിനും ശരിയുടെ ഭാഗം ജനങ്ങൾക്കു നൽകേണ്ട ബാധ്യതയുണ്ട്. നമ്മൾ നമ്മുടെ മനഃസാക്ഷിയേയും വ്യക്തിധർമ്മത്തെയും പറ്റി ചിന്തിച്ച് തല പുകയ്ക്കേണ്ട സമയമല്ല. കാരണം ഈ ദേശത്തെ അഥവാ കേരളത്തിലെ ജനങ്ങൾ, ഉയർന്നതെന്നു കരുതപ്പെടുന്ന അവരുടെ ബൗദ്ധികമായ നിലവാരത്തെ, ചിന്താശേഷിയെ വിലയിരുത്തേണ്ട സന്ദർഭമാണ് ഇത്.

പ്രകൃതി ആരുടെ സ്വത്താണ്? അടിസ്ഥാനപരമായ ചില ചോദ്യങ്ങൾക്കാണ് നമ്മൾ ഉത്തരം കണ്ടെത്തേണ്ടത്. സാംസ്കാരികമായി ഉയർന്ന



ഒരു ജനസമൂഹം. എന്തുകൊണ്ട് പ്രകൃതിയുടെ കാര്യത്തിൽ വിട്ടുവീഴ്ച ചെയ്യുന്നില്ല. ഇവിടെയാണ് അടിസ്ഥാനപരമായ വിദ്യാഭ്യാസം ചോദ്യം ചെയ്യപ്പെടുന്നത്. നമ്മൾ എന്താണ് പഠിച്ചത്? നമ്മുടെ നിലനിൽപ്പിന്റെ ആധാരം എന്താണ്? മാധവ് ഗാഡ്ഗിൽ എന്ന മനുഷ്യന്റെ അഭിപ്രായത്തെയും ആശയത്തെയും നിഷ്ക്കരുണം തള്ളാനും ബദലായി വന്ന റിപ്പോർട്ട് അതേ രീതിയിൽ സമരങ്ങളിലൂടെ തള്ളിക്കളയാനും ശ്രമിച്ച മനഃശാസ്ത്രം എന്താണ്? നമ്മൾ ആർക്കുവേണ്ടിയാണ് ഭരിക്കപ്പെടുന്നത്? കാലഘട്ടം ഈ ചോദ്യങ്ങൾക്ക് ഉത്തരം തരും എന്നു കരുതുന്നു. ഭരിക്കുന്നവനും ഭരിക്കപ്പെടുന്നവനും ഒരേ ആശയം ഉയർത്തുമ്പോൾ അവന്റെ പരിസ്ഥിതി ഒറ്റപ്പെടുന്നു. ഓരോ മനുഷ്യനും അവന്റെ വ്യക്തിതാൽപര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നു. അതുകൊണ്ടുതന്നെ സങ്കുചിതമായ ഈ ആശയം രാഷ്ട്രത്തെയോ സമൂഹത്തെയോ സ്വാധീനിക്കുന്നില്ല, അത് വ്യക്ത്യാധിഷ്ഠിതമാണ്. ഇതാണ് പ്രക്ഷോഭങ്ങളുടെ മനഃശാസ്ത്രം. വ്യക്തിതാൽപര്യങ്ങളെ ഹനിക്കുന്ന തീരുമാനങ്ങൾ പലപ്പോഴും അസഹിഷ്ണുത വിളിച്ചുവരുത്തുന്നു. പണത്തേക്കാൾ അധികാരമാണ് ജനങ്ങളുമായി ഭരണകൂടത്തെ ബന്ധിപ്പിച്ചു നിർത്തുന്നത്. അധികാരക്കൊതിയന്മാർ തങ്ങളുടെ നേട്ടങ്ങൾ കൊയ്യാൻ മിടുക്കന്മാരാണ്. ജനങ്ങളെ ഭീതിയിലാക്കി തങ്ങളുടെ വിളവ് കൊയ്യാൻ അവർക്ക് കഴിയുന്നു. വിഡ്ഢികളാക്കപ്പെട്ട ഒരു സമൂഹത്തിനെ ഉയർത്താൻ ശരിയായ പരിസ്ഥിതിവിദ്യാഭ്യാസം ആവശ്യമാണ്.

നമ്മൾ എവിടെ നിന്നാണ് തുടങ്ങേണ്ടത്? ഇവിടെ ആദ്യം പഠിക്കേണ്ടത് സ്വന്തം ചിന്തയെ സ്വതന്ത്രമാക്കാനാണ്. പിന്നെ പ്രകൃതി

നമുക്ക് നൽകുന്ന സൗഭാഗ്യം തിരിച്ചറിയുക എന്നതുമാണ്. നിരന്തരം അധികാരവർഗത്തോട് കലഹിച്ചു നേടുന്ന അവകാശങ്ങളുടെ മഹത്വം ഓരോ പൗരനും തിരിച്ചറിയണം. അധികാരികൾക്കും അത് ബോധ്യമാകണം. നദികളെ മലിനമാക്കുന്ന ഓരോരുത്തരും, മണ്ണിൽ മാലിന്യങ്ങൾ വലിച്ചെറിയുന്ന ഓരോരുത്തരും, മരങ്ങൾ മുറിച്ച് വിൽക്കുന്ന ഓരോരുത്തരും മനസ്സിലാക്കണം ഈ ഭൂമി നമ്മുടെതാണെന്ന്. നോട്ടുകെട്ടുകൾക്കായുള്ള വിദ്യാഭ്യാസമാണ്



Photo/N A Naseer

ഇവിടെ ഒരു ബദൽ പ്രശ്നം. തിരഞ്ഞെടുപ്പുകളും അഭിരുചികളും (preference and taste) സാമ്പത്തിക സമൂഹത്തിൽ കാതലായ മാറ്റം സൃഷ്ടിച്ചിരിക്കുന്നു.

വിദ്യാഭ്യാസം സാമ്പത്തിക ലക്ഷ്യങ്ങൾക്കായി വഴിപിരിഞ്ഞിരിക്കുന്നു. അതിനാൽ മൂല്യകേന്ദ്രീകൃത വിദ്യാഭ്യാസം പാതിവഴിയിൽ യാത്ര ഉപേക്ഷിച്ചു. നമുക്ക് ഒരു വിദ്യാലയത്തെ നിരീക്ഷിക്കാം. ഭൂമിയിൽ ഇന്റർലോക്ക് ചെയ്ത ഓടുകൾ നിരത്തിയിരിക്കുന്നു. മരുഭൂമിയിൽ വളരുന്ന വാടാത്ത പുഷ്പങ്ങൾ അലങ്കാരമായി ചെടിച്ചട്ടിയിൽ നിരത്തി വച്ചിരിക്കുന്നു, അതിനിടയിലാണ് ക്ലാസ്സ് മുറി. പ്ലേ സ്കൂളിന്റെ അന്തരീക്ഷമാണ് വിവരിച്ചത്. നമ്മുടെ കുട്ടികൾ എന്തായി വളരുന്നുവെന്നു ചിന്തിക്കുന്ന എത്ര മാതാപിതാക്കൾ നമുക്കിടയിലുണ്ട്? കയ്യിൽ മണ്ണ് പുരണ്ടാൽ ദേഷ്യം പിടിക്കുന്ന അമ്മ. മഴയെക്കുറിച്ച് ഭയപ്പെടുത്തിയ കഥ പറയുന്ന അച്ഛൻ. ഇതാണ് ഇന്നത്തെ കുട്ടിയുടെ പ്രകൃതി ബോധനം. ഇവിടെ നിന്നാണ് നമ്മൾ തുടങ്ങേണ്ടത്. മാറ്റം അനിവാര്യമാണെന്ന് തിരിച്ചറിയുക. അതാണ് ആത്യന്തികമായി ഇനിയുണ്ടാകേണ്ട ബോധം.

കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ പറമ്പുകളിലും തൊടികളിലും കാക്കപ്പൂവ്, ചെമ്പരത്തി, കൃഷ്ണ കിരീടം, നന്ദ്യാർവട്ടം, കനകാംബരം ഇങ്ങനെ എണ്ണിയാൽ തീർന്നുപോകാത്തത്ര പൂവുകളുണ്ടായിരുന്നു. അവയ്ക്ക് അവയുടേതു മാത്രമായ നിറവും ഗന്ധവും ഉണ്ടായിരുന്നു. എന്തിന്, ആ സസ്യശരീരങ്ങൾക്കു പോലും ഓരോ ശീലങ്ങളുണ്ടായിരുന്നു. കർക്കിടകപ്പച്ച അനുഭവിച്ചറിയണം. ആ കാലത്ത് പറമ്പിലൂടെ നടക്കണം. ചെടികളും, മരങ്ങളും, ചേമ്പിൻ കൂട്ടവും അപാരമായ പച്ചയിൽ പൂണ്ടിരിക്കും. ഒരു വലിയ പൂക്കാലത്തിനായി ഇവരൊക്കെ തയ്യാറെടുക്കുകയാണ്. മഴക്കാലത്ത് പക്ഷികളെ ഒന്ന് കാണാൻ കൂടി കിട്ടില്ല. പറമ്പിലെ പച്ചയിൽ കൃഷ്ണകിരീടങ്ങൾ ധാരാളമുണ്ടായിരുന്നു.

**ഓരോ മഴക്കാലത്തും ആവർത്തിക്കപ്പെടുന്ന പകർച്ചവ്യാധികളുടെ മൂലകാരണങ്ങളിൽ ഒന്ന് ഇതാണ്. മാലിന്യം കുന്നുകൂടുന്ന നഗരങ്ങളിൽ കാക്കകളും പരുന്തുകളും മാലിന്യങ്ങളിൽ ജൈവാവശിഷ്ടങ്ങൾ ഇല്ലാതാക്കുന്നതിന് വളരെ സഹായിക്കുന്നുണ്ട്.**

ചുവന്ന ചെമ്പരത്തിയും, അടുക്കു ചെമ്പരത്തികളും എല്ലാ വീട്ടിലും ഉണ്ടാവും. വളരെക്കാലം മുമ്പുവരെ അതങ്ങനെ തന്നെയായിരുന്നു. ചില വീടുകളിൽ ചെമ്പരത്തിയുടെ എത്രയോ വിവിധ തരങ്ങൾ ഉണ്ടായിരുന്നു. അവരൊക്കെ ഈ പൂവുകളെക്കുറിച്ചോർത്ത് അഭിമാനിക്കാറുണ്ടായിരുന്നു. ചിങ്ങം ആകുമ്പോഴേക്കും പുല്ലു മുതൽ മരങ്ങൾ വരെ പൂവിട്ടു തുടങ്ങും. അങ്ങനെ മനസ്സിനെ വിസ്മയിപ്പിച്ച പ്രകൃതിയുടെ ഒരു ഭാവം മാത്രമാണ് ഇന്ന് നമുക്ക് ഈ പഴയ ചിത്രങ്ങൾ. നമുക്ക് കൈമോശം വന്നതും ഇതത്രേ. സ്വാഭാവിക പ്രകൃതിയുടെ പരിവർത്തനം കാണിക്കാനാണ് മേൽപറഞ്ഞവ ഉദാഹരണമായി എടുത്തത്.

ലോകം അടുത്തിടെ ചർച്ച ചെയ്യപ്പെട്ട പാരിസ്ഥിതിക ദുരന്തങ്ങളിൽ ഒന്നായിരുന്നു ഇന്തോനേഷ്യയിലെ മഴക്കാടുകൾ എണ്ണപ്പന കൃഷിക്കായി വൻതോതിൽ വെട്ടിനശിപ്പിക്കുന്നത്. ആഗോളപരിസ്ഥിതി സംഘടനയായ ഗ്രീൻപീസ് അതിന്റെ ചിത്രങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അനേകം ജീവജാലങ്ങളുടെ ആവാസകേന്ദ്രമായിരുന്നു ഈ മഴക്കാടുകൾ. അവയുടെ നാശം, ഈ ദ്വീപുരാഷ്ട്രത്തിന് വൻ ആഘാതം ഉണ്ടാക്കുമെന്നത് തീർച്ചയാണ്. രണ്ടായിരത്തി നാലിലെ സുനാമിയും പിന്നീടുണ്ടായ ഭൂകമ്പവും വളരെയധികം നാശം വിതച്ച ഒരു രാജ്യമായിരുന്നു ഇന്തോനേഷ്യ. എന്നിട്ടും അവർ പാഠം പഠിക്കാൻ തയ്യാറായിട്ടില്ല. ഈ നിസ്സംഗത വഴിവയ്ക്കുന്നത് വൻ ആഘാതങ്ങൾക്കായിരിക്കും. ഇന്തോനേഷ്യയിൽ സംഭവിച്ചതുതന്നെയാണ് കേരളത്തിലും കഴിഞ്ഞ അര നൂറ്റാണ്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കുടിയേറ്റം മൂലം പരിസ്ഥിതി സങ്കീർണമായി ചുരുങ്ങി. കൃഷിക്കും തോട്ടവിളകൾക്കുമായി വനഭൂമി വൻതോതിൽ കയ്യേറി. അതുമൂലം വനങ്ങളുടെ ഒരു ഭാഗം കുടിയേറ്റക്കാർക്ക് അവകാശപ്പെട്ടതായി. ആദ്യകാലങ്ങളിൽ കൃഷിയോട് കാണിച്ച ആത്മാർത്ഥത ഗോത്ര വിധേയത്വം ആയിരുന്നെങ്കിൽ കൃഷിയും കർഷകനും അപ്രസക്തമാക്കപ്പെട്ട ഈ സമയത്തും അതേ പേരിൽ വൻകൊള്ളകൾ നടക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഗോത്രസങ്കല്പം കൃഷിയെ തന്റെ അതിജീവനമായി കണ്ടിരുന്നു. ദേവതാ ദേവന്മാരും അതോടൊത്തുള്ള ആചാരങ്ങളും ഇതിന് സാധുത നൽകുന്നുണ്ട്.

മനുഷ്യനിൽ നിന്നും അന്യമല്ലാത്ത പ്രകൃതിയിൽ പ്രകൃത്യാരാധന നിലവിൽ വന്നു. കാവുകളും കുളങ്ങളും തന്നെയെടുക്കാം. സർപ്പാരാധനയും വൃക്ഷാരാധനയും ആര്യൻ സങ്കൽപങ്ങൾക്കു മുമ്പുതന്നെ ദ്രാവിഡ ഗോത്രങ്ങൾ ആചരിച്ചിരുന്നു. കുടിയേറ്റം സൃഷ്ടിച്ച വിടവിലൂടെ പ്രകൃതിയും മനുഷ്യനും രണ്ടു തട്ടിലേയ്ക്ക് മാറി. ഭൂമി പണം കൊയ്യാൻ മാത്രമുള്ള വസ്തുവായി കണക്കാക്കാൻ തുടങ്ങിയതുമുതൽ ആ നാശം ആരംഭിക്കുകയായിരുന്നു. റബ്ബർ, തേയില കൃഷിക്കായി എത്രയോ വനം വെട്ടി നശിപ്പിക്കുകയുണ്ടായി. കൂടാതെ ജലചൂഷണം, കള്ളക്കടത്ത് എന്നിവയിലൂടെയും പ്രകൃതി, നാശം ഏറ്റുവാങ്ങി. അട്ടപ്പാടിയിലെയും പെരിയാറിലെയും സംഭവങ്ങൾ കേരളം നേരിട്ട് കണ്ടതാണ്. ആറന്മുള അശാസ്ത്രീയ വികസനവിപത്തിന്റെ പുതിയ ദൃഷ്ടാന്തമാണ്. വിമാനത്താവള പദ്ധതിക്കായി ആയിരക്കണക്കിന് ഏക്കർ നെൽപ്പാടമാണ് നികത്തപ്പെടുന്നത്. ഓരോ വയലിലൂടെയും ആയിരക്കണക്കിന് ലിറ്റർ ജലം ഓരോ മഴയിലും ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നു. ഏക്കർ കണക്കിന് ഭൂമി നികത്തപ്പെടുമ്പോൾ നമുക്ക് നഷ്ടമാകുന്ന ജലസമ്പത്തിനെപ്പറ്റി ആരും ചിന്തിക്കുന്നില്ല. ജലത്തെ ആശ്രയിച്ചു ജീവിക്കുന്ന അനേകം ജീവജാലങ്ങളും അതോടെ ഇല്ലാതാകും.

അടുത്തിടെ തവളകളുടെയും തുമ്പികളുടെയും നാശം വൻതോതിൽ കൊതുകുകളെ പെരുകാൻ സഹായിച്ചുവെന്ന പഠനറിപ്പോർട്ട് വന്നിരുന്നു. ഓരോ മഴക്കാലത്തും ആവർത്തിക്കപ്പെടുന്ന പകർച്ചവ്യാധികളുടെ മൂലകാരണങ്ങളിൽ ഒന്ന് ഇതാണ്. മാലിന്യം കുന്നുകൂടുന്ന നഗരങ്ങളിൽ കാക്കകളും പരുന്തുകളും മാലിന്യങ്ങളിൽ ജൈവാവശിഷ്ടങ്ങൾ ഇല്ലാതാക്കുന്നതിന് വളരെ സഹായിക്കുന്നുണ്ട്. അടുത്തകാലത്തായി മാലിന്യങ്ങളിലെ രാസവസ്തുസാന്നിധ്യം മൂലം നിരവധി പരുന്തുകൾ ചത്തുവീണു. രണ്ടായിരത്തി നാലിൽ കൊല്ലം കടൽതീരത്ത് വൻതോതിൽ മത്സ്യങ്ങൾ ചത്തടിയുകയുണ്ടായി. ഇതെല്ലാം കാണിക്കുന്നത് നമ്മുടെ ഭാവി ഒട്ടും ശോഭനമല്ല എന്നു തന്നെയാണ്. അതുകൊണ്ട്, നമുക്ക് തുടങ്ങേണ്ടത് പ്രകൃതിയോടുള്ള ആദരവിൽ നിന്നാകണം. കാരണം, പ്രകൃതിയിലെ ഓരോ അണുവും നമ്മുടെ ജീവനെപ്പോലെ തുല്യമായതും പ്രധാനപ്പെട്ടതുമാണ്. മനസ്സ് ഏകാഗ്രമാക്കി ഭൂമിയിൽ പാദങ്ങൾ തൊട്ടു നില്ക്കണം. വന്മരങ്ങളിലേക്കും മഹാനദികളിലേക്കും നോക്കി നില്ക്കുക. അവയുടെ മഹത്തായ ദർശനം മനുഷ്യമനസിനെ സാക്ഷാൽക്കാരത്തിൽ എത്തിക്കും. അതത്രേ ജീവിതത്തിന്റെ മധുരം. ●





# ദേവശില്പിയുടെ കയ്യൊപ്പ്

ഡോ. ഉണ്ണികൃഷ്ണൻ പുളിക്കൽ

പരന്നൊഴുകുന്ന ആകാശഗംഗയുടെ തീരത്ത് ചിത്രപ്പണികളുള്ള ശുഭ്രകംബളം വിരിച്ച് ദേവശില്പി ഇരുന്നു. പുൽനാമ്പുമുതൽ ശലഭങ്ങളും പറവകളും വരെയുള്ള ചരാചരങ്ങളുടെ രേഖാചിത്രങ്ങൾ വരച്ചുവച്ചു. അതിന് ജീവന്റെ ചായം തേച്ച്, സ്നേഹത്തിന്റെ മണം കൊടുത്ത്, നെറുകയിൽ തലോടി, ഒന്നൊന്നായി ഭൂമിയിലേക്കയച്ചു. ആകാശങ്ങളിൽ പറന്നും ജലാശയങ്ങളിൽ നീന്തിയും മണ്ണൊതുക്കുകളിൽ ഇഴഞ്ഞും ജീവന്റെ ചൈതന്യം അവർ ഭൂമിയിൽ നിറച്ചു. പൂവാംകുരുന്നികളും മുക്കുറ്റികളും പൂത്തുനിന്ന പുൽത്തകിടികളിൽ മാത്രം നിശ്ചലതയുടെ നിഴൽ വീഴുന്നതു കണ്ട ദേവൻ ചെറുശില്പമൊന്നു തീർത്ത്, ജീവനും സ്നേഹവും നിറച്ച്, നെറ്റിയിൽ കയ്യൊപ്പ് ചാർത്തി, മണ്ണിലേക്കു വിട്ടു. അന്വേഷിക്കുന്നവർക്കും അടുത്തു നോക്കുന്നവർക്കും മാത്രമായി കരുതിവെച്ചതാവട്ടെ നിന്റെ സൗന്ദര്യം എന്ന് വരവും കൊടുത്തു

ചെറുതിന്റെ വലിപ്പമാണ് മാക്രോ ഫോട്ടോഗ്രഫിയുടെ വിഷയം. അടുക്കും തോറും തെളിഞ്ഞുവരുന്ന അത്ഭുതങ്ങളാണ് അതിന്റെ ലക്ഷ്യം. ക്ഷമ, അന്വേഷിക്കാനുള്ള മനസ്സ്, അറിയാനുള്ള ആഗ്രഹം എന്നിവ ഉണ്ടെങ്കിൽ ജന്മം മുഴുവൻ തിരഞ്ഞാലും കണ്ടുതീരാത്ത വിഷയസമ്പത്താണ് നിങ്ങളെ കാത്തിരിക്കുന്നത്. ●

# “വിരലൊടിച്ച് കുത്തിയാൽ പൊടിക്കുന്ന തിരുവാതിര...”

**സിജോ പൊറത്തൂർ**

ഞാറ്റുവേലക്കിളികൾ പാട്ടുംമൂളിയെത്തി. മലയാളത്തിന്റെ പഴമനസ്സുകളിൽ അമൃത് പകർന്ന് 'നൂറുവെയിലും നൂറുമഴ'യുമായി മലയാളത്തിന്റെ സ്വന്തം തിരുവാതിര ഞാറ്റുവേല വിരുന്നെത്തി. അശ്വതി, ഭരണി മുതൽ രേവതിവരെയുള്ള 27 ഞാറ്റുവേലകളിൽ പ്രധാനമാണ് തിരുവാതിര, പുണർതം, പൂയ്യം, ആയില്യം ഞാറ്റുവേലകൾ. ഇവയിൽതന്നെ ഏറ്റവും പ്രധാനപ്പെട്ടത് തിരുവാതിരയും. 'തിരിമുറിയാ മഴ പെയ്യും തിരുവാതിരയെവിടെപ്പോയി, തിരുവാതിരയിൽ തിരുതകൃതി, തിരുവാതിരയിൽ നിറച്ചു നടണം നടുതലകൾ...' തുടങ്ങിയ പഴഞ്ചൊല്ലുകൾ തിരുവാതിര ഞാറ്റുവേലയുടെ പ്രാധാന്യം വിളിച്ചറിയിക്കുന്നു. കാർഷിക ചെലവുകൾ പരമാവധി കുറയ്ക്കാൻ ഞാറ്റുവേലകൾ നോക്കി കൃഷിചെയ്തിരുന്ന പൂർവ്വികർ നമുക്കുണ്ടായിരുന്നു. വലിയ പഠിപ്പോ പത്രാസോ ഇല്ലെങ്കിലും ഞാറ്റുവേല കലണ്ടർതന്നെ അവർക്കുണ്ടായിരുന്നു. അവരുടെ ജീവിതത്തെ ക്രമപ്പെടുത്തിയതും ജീവൻ നിലനിർത്തിയതും ഞാറ്റുവേലകളായിരുന്നു.

## എന്താണ് ഞാറ്റുവേല?

ഞായറിന്റെ (സൂര്യൻ) നിലയാണ് ഞാറ്റുവേല. സൂര്യൻ ഏതു നക്ഷത്രത്തിലാണോ നിൽക്കുന്നത് അതാണ് ഞാറ്റുവേല എന്നറിയപ്പെടുന്നത്. അതായത് സൂര്യന്റെ സ്ഥാനം തിരുവാതിര നക്ഷത്രത്തിലാണെങ്കിൽ അത് തിരുവാതിര ഞാറ്റുവേല. മറ്റു ഞാറ്റുവേലകളുടെ ശരാശരി ദൈർഘ്യം പതിമൂന്നര ദിവസമാണെങ്കിൽ തിരുവാതിരയുടേത് 15 ദിവസമാണ്. 27 ഞാറ്റുവേലകളിൽ 10 എണ്ണം നല്ല മഴ ലഭിക്കുന്നവയാണ്. ഞാറ്റുവേല രാത്രി പിറക്കണമെന്നാണ് പഴമക്കാർ പറഞ്ഞിരുന്നത്. 'രാത്രിയിൽ വരുന്ന മഴയും രാത്രിയിൽ വരുന്ന അതിഥിയും പോകില്ലെ'ന്ന് അവർക്ക് പഴഞ്ചൊല്ലുമുണ്ടായിരുന്നു. 'പകൽ പിറക്കുന്ന ഞാറ്റുവേലകളിൽ പിച്ചപ്പാളയെടുക്കാ'മെന്നും അവർക്കറിയാമായിരുന്നു. മഴ തീരെ കുറവായിരിക്കുമെന്നർത്ഥം.

> **ഏഴര ദിവസം മഴയും ഏഴര ദിവസം വെയിലുമായി തിരുവാതിര മലയാളത്തെ സമ്പന്നമാക്കുന്നു. മഴയും വെയിലും സമമായി കിട്ടുമെന്നതാണ് 'തിരുവാതിരയിൽ നൂറുമഴയും നൂറുവെയിലും' എന്ന പഴഞ്ചൊല്ലിന് ആധാരം.**

## എന്തുകൊണ്ട് തിരുവാതിര?

മലയാളി നെഞ്ചോടുചേർത്തുവച്ച ഞാറ്റുവേലയാണ് തിരുവാതിര. ശാസ്ത്രസാങ്കേതികവിദ്യ ഒട്ടുമേ വികസിക്കാത്ത കാലത്ത് മഴയുടെ വരവും പോക്കും കാറ്റിന്റെ ഗതിവിഗതികളും വിളയുടെ കാലക്രമവുമെല്ലാം നമ്മുടെ പൂർവ്വികർക്ക് നല്ല തീർച്ചയായിരുന്നു. തിരുവാതിര ഞാറ്റുവേലയിൽ ഒരു ദിവസം അമൃത് പെയ്യുമെന്നും ഒരു ദിവസം രക്തമഴ പെയ്യുമെന്നും പഴമക്കാർ പറഞ്ഞുവച്ചു. അമൃത് പെയ്യുന്നത് എന്നാണെന്ന് അറിയാത്തതിനാൽ ദിവസവും ഒരു കവിൾ മഴവെള്ളം കുടിക്കണമെന്നും അവർ നിഷ്കർഷിച്ചു. വൈദ്യന്മാർ മഴവെള്ളം ശേഖരിച്ചുവച്ചിരുന്നു; മരുന്നുണ്ടാക്കാൻ. അങ്ങനെ പഴയകാലത്തെ മരുന്നുകൾ മൃതസഞ്ജീവനിയായി. ഏഴര ദിവസം മഴയും ഏഴര ദിവസം വെയിലുമായി തിരുവാതിര മലയാളത്തെ സമ്പന്നമാക്കുന്നു. മഴയും വെയിലും സമമായി കിട്ടുമെന്നതാണ് 'തിരുവാതിരയിൽ നൂറുമഴയും നൂറുവെയിലും' എന്ന പഴഞ്ചൊല്ലിന് ആധാരം. തിരുവാതിരയിൽ വിതയ്ക്കുന്ന വിത്തുകൾ ചെറുകിളികളെ ആകർഷിക്കുമെന്നതിനാൽ കൃഷീവലന്മാർ ജാഗ്രത പുലർത്തിയിരുന്നു. അങ്ങനെ നമുക്ക് കിളിയാട്ടുപാട്ടുകളുമുണ്ടായി. ഏലംകെട്ട് എന്നൊരു രീതിയുണ്ടായിരുന്നു. വളരെ ലളിതമായ ജലസംഭരണ വിദ്യ. വെളുത്ത മുണ്ടിന്റെ നാലുവശവും കുറ്റികളിൽ ഉറപ്പിച്ച് മഴവെള്ളം ശേഖരിക്കുന്ന രീതിയാണത്. ഔഷധനിർമാണത്തിനാണ് ഇങ്ങനെ ശേഖരിക്കുന്ന വെള്ളം ഉപയോഗിച്ചിരുന്നത്. തിരുവാതിരയിൽ പെയ്യുന്ന മഴവെള്ളം കുടിക്കാൻ മത്സ്യങ്ങൾ ജലോപരിതലത്തിൽ വന്ന് വാ തുറന്നുനിൽക്കുമെന്ന് കടലിന്റെ മക്കളുടെ സാക്ഷ്യം. മനുഷ്യനും മൃഗങ്ങൾക്കും ദേഹരക്ഷ ചെയ്യുന്നതിന് ആയുർവ്വേദം


Photo/Praveen P Mohandas

വിധിച്ചിരിക്കുന്ന കാലം കൂടിയാണ് ഇത്.

## നടുതലകൾക്ക് നല്ലകാലം

'വിരലൊടിച്ച് കുത്തിയാൽ പൊടിക്കു'മെന്ന് തിരുവാതിരക്ക് മണ്ണിലധ്വാനിക്കുന്നവരുടെ സാക്ഷ്യപത്രം. നടുതലകൾ നട്ടുവളർത്താൻ ഏറ്റവും മികച്ചതാണ് തിരുവാതിര ഞാറ്റുവേല. തിരുവാതിരയിൽ എല്ലുമുറിയെ പണിയെടുത്താൽ അത്തത്തിന് ഇരുന്നുണ്ണാമെന്നതും അവരുടെ അനുഭവസാക്ഷ്യമാണ്. കുരുമുളകുവള്ളികൾ തിരിയിടുന്നത് തിരുവാതിരയിലാണ്. മഴത്തുള്ളികൾ ഇറ്റിറ്റുവീണാണ് കുരുമുളകിന്റെ പരാഗണം നടക്കുന്നത്. അതുകൊണ്ടാണ് തിരുവാതിര ഞാറ്റുവേല കുരുമുളകിന്റെ തോഴനെന്നു പറയുന്നത്. 'പുറത്ത് തിരിയിട്ടു, അകത്ത് മുട്ടയിട്ടു' എന്നൊരു ചൊല്ലുപോലുമുണ്ട്.

## ആഗോളവത്കരണകാലത്ത്

വാണിജ്യത്തിനെന്ന വ്യാജേന കേരളത്തിലെത്തിയ വിദേശശക്തികൾ കണ്ണുവച്ചത് കറുത്തപൊന്നിലായിരുന്നു. കുരുമുളകിന്റെ സുഗന്ധം അവരെ ഏതോ അത്ഭുതലോകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. പതുക്കെ പതുക്കെ അവർ വൻതോതിൽ കുരുമുളക് കടത്താൻ തുടങ്ങി. ഒടുക്കം കുരുമുളകുവള്ളികൾ കൂടി കൊണ്ടുപോകാൻ തുടങ്ങിയപ്പോൾ സാമൂതിരി രാജാവിന്റെ കൊട്ടാരത്തിലെ പ്രമാണിമാരിൽ ആരോ രാജാവിനോട് 'നമ്മുടെ കുരുമുളകുവള്ളികൾ അവർ കടത്തിക്കൊണ്ടുപോകുന്നു' എന്ന് ആവലാതി പറഞ്ഞപ്പോൾ, കുരുമുളകുവള്ളികളല്ലേ കൊണ്ടുപോകാൻ പറ്റൂ തിരുവാതിര ഞാറ്റുവേല കൊണ്ടുപോകാനാകില്ലല്ലോ എന്ന് രാജാവ് മറുപടി പറഞ്ഞത്രേ. കേരളത്തെ ഹരിതാഭമാക്കുന്നതിൽ തിരുവാതിര ഞാറ്റുവേലയ്ക്കുള്ള പങ്ക് അദ്വിതീയമാണ് എന്നതിന് ഇതിലും വലിയ തെളിവുവേണ്ട. കാലം പരിഷ്കാരങ്ങൾക്ക് വഴിമാറിയെങ്കിലും കേരളത്തിന്റെ നാട്ടിടവഴികളിൽ ഇപ്പോഴും തിരുവാതിര ഞാറ്റുവേലയുടെ ശേഷിപ്പുകളായ ആയുർവ്വേദ ഔഷധികളും പച്ചിലച്ചാർത്തുകളും കാണാനാകും. നമ്മുടേതെന്ന് നാം അവകാശപ്പെടുകയും ഊറ്റംകൊള്ളുകയും ചെയ്തതെല്ലാം ആഗോളകുത്തകകൾ കൈപ്പിടിയിൽ ഒതുക്കുന്ന ഈ കാലത്ത് ഞാറ്റുവേലകളെ ഗൃഹാതുരമായ ഓർമകളായി ഉള്ളിലൊതുക്കേണ്ടിവരുന്നത് മലയാളിയുടെ ശാപം.

ജീവിതരീതിയിൽ വന്ന മാറ്റവും ഒന്നിനും സമയമില്ലാതായതും മലയാളിയേയും ഞാറ്റുവേലകളെയും തമ്മിലകറ്റി. നാട്ടുനന്മയുടെ പകർച്ചകളെ തിരിച്ചുപിടിക്കാതെ, മണ്ണിനെ പുണരാതെ, പുഴകളെയും പച്ചപ്പിനെയും വരുംതലമുറയ്ക്കായി കരുതിവയ്ക്കാതെ നമുക്കില്ല ശാന്തി. അവസാനം ഈ പുഴകളും കിളികളും പൂമ്പാറ്റകളും പുല്ലും പുൽച്ചാടികളും മലകളും കുന്നുകളുമെല്ലാം ഇവിടെത്തന്നെയുണ്ടാകും. എന്നാൽ ഈ ഭൂമിയെ വാസയോഗ്യമല്ലാതാക്കിയ മനുഷ്യൻ ഈ നീല ഗൃഹത്തിൽ നിന്ന് പുറന്തള്ളപ്പെടും. തീർച്ച. ●

# ഞങ്ങൾ കണ്ട പശ്ചിമഘട്ടം

**അൻപതു ദിവസം നീണ്ടുനിന്ന പശ്ചിമഘട്ടസംവാദയാത്രയിൽ ആദ്യവസാനം പങ്കെടുക്കാനുള്ള ഭാഗ്യം ലഭിച്ച കുട്ടികളാണ് തൃശ്ശൂർ മോഡൽ ഗേൾസ് സ്കൂളിൽ പഠിക്കുന്ന ഗീതുവും കബിതയും. വിസ്മയിപ്പിക്കുന്ന പ്രകൃതിയെ ഉള്ളിലേക്കാവാഹിച്ച് നടന്നുതീർത്ത അവരുടെ യാത്രാനുഭവങ്ങൾ.**

**ഗീതു നിഷാനി**

പശ്ചിമഘട്ട സംവാദയാത്രയുടെ കാര്യം പറഞ്ഞത് സഹദേവനങ്കിളായിരുന്നു. അന്നുതൊട്ട് വേനലവധിക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു. 11-ാം തീയതി ഞങ്ങൾ ബേഡകത്തിലേക്ക് യാത്ര തിരിച്ചു. അവിടെ ഇല്യാസ് മാമൻ കാത്തുനിൽക്കുന്നുണ്ടായിരുന്നു. രാത്രി ഏറെ വൈകിയെങ്കിലും എനിക്കുറങ്ങാൻ കഴിഞ്ഞില്ല. സ്വപ്നങ്ങൾ മിന്നിമറയുകയായിരുന്നു മനസ്സിൽ. അമ്മപറയും നമ്മളെ ഉറക്കാതിരിക്കുന്നതാണ് നമ്മുടെ സ്വപ്നം അല്ലാതെ ഉറങ്ങുമ്പോൾ കാണുന്നതല്ലാ എന്ന്. യാത്രയെപ്പറ്റി കേട്ടപ്പോൾ തൊട്ട് ഞാൻ സ്വപ്നം കണ്ടുതുടങ്ങിയിരുന്നു. രാവിലെ വൈകിയാണുണർന്നത്. ഹരീഷ് മാമന്റെ വീടു നിറയെ വലിയ ബാഗുകളുമായി നിറയെ ആളുകൾ വന്നു നിറഞ്ഞിരുന്നു. അതിൽ നസീർ മാമൻ, ദയാബായി തുടങ്ങിയ പ്രശസ്തരും ഉണ്ടായിരുന്നു. നസീർ മാമനായിരുന്നു യാത്രയുടെ ക്യാപ്റ്റൻ. മാമന്റെ കൂടെ ഇതിനുമുമ്പ് പലതവണ കാട്ടിൽ പോയിട്ടുണ്ട്. ദയാബായിയുടെ കൂടെ കോഴിക്കോട് ഒരു പരിപാടിക്ക് പോയിട്ടുണ്ടായിരുന്നു. പിന്നെ കുറേ പേർ മുമ്പ് പരിചയമില്ലാത്തവരായിരുന്നു. എല്ലാവരുമായി പെട്ടെന്ന് കൂട്ടായി.

12-ാം തീയതി രാവിലെ തൊട്ട് പരിപാടികൾ തുടങ്ങി. ഊരാളി ടീമിലെ മാർട്ടിനങ്കിൽ കുട്ടികൾക്കായി പ്രത്യേക പരിപാടികൾ നടത്തി. ബേഡകത്തിലെ കുട്ടികളും പങ്കെടുത്തു. വൈകീട്ട് സംവാദയാത്രയുടെ ഉദ്ഘാടനം നടന്നു. കുറേ മാമൻമാർ പരിസ്ഥിതിപ്രശ്നങ്ങളെക്കുറിച്ചൊക്കെ പ്രസംഗിക്കുന്നുണ്ടായിരുന്നു. അതിനുശേഷം ഊരാളി ടീമിന്റെ പാട്ടുകൾ ഉണ്ടായി.

Photo/Youth Dialogue



പിന്നെ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഇനമായിരുന്നു-ആദിവാസി നൃത്തം. പിറ്റേന്ന് അതിരാവിലെ നടത്തം തുടങ്ങി. ഞങ്ങൾ പാട്ടുപാടി കൂട്ടംകൂട്ടമായി നടന്നു. ഒൻപതു മണിയായപ്പോൾ ഒരു പുഴയോരത്ത് വിശ്രമിച്ചു. ഞങ്ങൾ കുട്ടികൾ ഒരു സംഘമായിരുന്നു. അഷ്റഫ്, ശ്രേയ, കബിത, കിച്ചു, സൂര്യേച്ചി, കുഞ്ചു അങ്ങനെ. ഞങ്ങൾ പുഴയിലേക്ക് എടുത്തു ചാടി. വലിയവർ പുഴയോരത്ത് അടുപ്പുകൂട്ടി ഭക്ഷണം തയ്യാറാക്കി. വിശ്രമത്തിനുശേഷം യാത്ര തുടർന്നു. റോഡരികിലുള്ള കശുമാങ്ങയും, ചാമ്പയും, മാങ്ങയുമൊക്കെ പറിച്ചു തിന്ന്, ഇടയ്ക്ക് കാണുന്ന വീടുകളിലൊക്കെ കയറി വിശേഷങ്ങളൊക്കെ ചോദിച്ച്, കവലകളിൽ സംഘം ചേർന്ന്, പരിസ്ഥിതി ഗാനങ്ങൾ പാടി അങ്ങനെ എന്റെ സ്വപ്നയാത്ര മുന്നേറി. പ്രകൃതിസ്നേഹികളുടെ വീടുകളിലും ഗവ. സ്കൂളിലും ഞങ്ങൾ അന്തിയുറങ്ങി. ഒരുപാട് പുഴകളും, മലനിരകളും, ക്വാറികളും, ആദിവാസി കോളനികളും കണ്ടു. വയനാട്ടിലെ ചെറുവയൽ രാമൻ മാമന്റെ വളരെ പഴക്കമുള്ള പുല്ലു മേഞ്ഞ മനോഹരമായ വീടു കണ്ടു. മാമൻ വിത്തുകൾ സൂക്ഷിച്ച് മറ്റു കർഷകർക്ക് കൊടുക്കുന്ന വലിയൊരു മനുഷ്യനാണ്. ഞാൻ ഇനിയും വീട്ടുകാരോടൊത്ത് മാമന്റെ വീട്ടിൽ പോകാൻ തീരുമാനിച്ചിട്ടുണ്ട്. എനിക്ക് മാമനെ വലിയ ഇഷ്ടമായി.

**ഞാൻ സ്കൂളിൽ പോയപ്പോഴും എന്റെ മനസ്സിൽ നിറയെ പശ്ചിമഘട്ട യാത്രയിലെ ചർച്ചകളും, പാട്ടുകളും, പുഴയിലെ കുളിയും, തമാശകളും, കൂട്ടുകാരും നിറഞ്ഞ് നിൽക്കുകയാണ്.**

ഞങ്ങൾ ഇരുപതോളം പുഴകളിൽ കുളിച്ചു. എല്ലാ പുഴകളും മെലിഞ്ഞിരിക്കുന്നു. എനിക്ക് സങ്കടം തോന്നി. കുന്തിപ്പുഴയിലാണ് കുറച്ചെങ്കിലും വെള്ളം ഉള്ളത്. എഴുത്തുകാരനായ ബോബിയച്ചനെ യാത്രയിൽ നിന്ന് പരിചയപ്പെട്ടു. അച്ചനും ഞാനും പുഴയിൽ കുളിച്ചു. ഞങ്ങൾ കുറേ ഫോട്ടോകൾ എടുത്തു. അച്ചന്റെ പുസ്തകങ്ങൾ അമ്മ വായിക്കുന്നത് ഞാൻ കണ്ടിട്ടുണ്ടായിരുന്നു. ചെങ്ങറ, അരിപ്പ തുടങ്ങി ചില സമരസ്ഥലങ്ങളിലൊക്കെ തങ്ങി. അവരുടെ കുറേ പ്രശ്നങ്ങളൊക്കെ കേട്ടു. ചിലരൊക്കെ സങ്കടങ്ങൾ പറയുന്നുണ്ടായിരുന്നു. അവർ നല്ല ഭക്ഷണവും താമസിക്കാൻ സമരപ്പന്തലും തന്നു. ഞങ്ങൾ ചെങ്ങറയിൽ പോയ ദിവസം അവിടെയൊരു അമ്മൂമ്മ മരിച്ചിരുന്നു. അവരുടെ ശവമടക്കിൽ പങ്കെടുത്തു. കുഞ്ചു കുറേ കരഞ്ഞു. അവന് മരിച്ചുപോയ അവന്റെ അമ്മാവനെ ഓർമ്മവന്നു.

പത്തനംതിട്ട ജില്ലയില കലഞ്ഞൂർ ഭാഗത്ത് നിറയെ ക്വാറികളാണ്. ക്വാറിക്കെതിരെ ധീരനായി സമരം നയിക്കുന്ന സന്തോഷ് മാമനെ പരിചയപ്പെട്ടു. മാമൻ വലിയൊരു ക്വാറിക്കടുത്തുള്ള ഒരു കുഞ്ഞു വീട്ടിൽ കൊണ്ടുപോയി. അത് നടരാജമാമന്റെ വീടായിരുന്നു. മാമൻ തന്റെ ഒരേക്കർ സ്ഥലം വീടും സ്ഥലവും ഇല്ലാത്ത പത്തു പേർക്ക് ദാനമായി നൽകി ക്വാറി ഉടമകൾക്കെതിരെ സമരം ശക്തമാക്കിയിരിക്കയാണ്. ഈ യാത്രയിൽ ഞാൻ കണ്ട ഏറ്റവും വലിയ പരിസ്ഥിതി സ്നേഹി മാമനായിരുന്നു.

യാത്ര തിരുവനന്തപുരം ജില്ലയിലേക്ക് കടന്നതോടുകൂടി, ഞങ്ങൾക്ക് സങ്കടമായി തുടങ്ങി. യാത്ര അവസാനിക്കാറായിയെന്ന ചിന്ത എല്ലാവരിലും നിറഞ്ഞു. ഞങ്ങൾക്ക് പാലോട് ഗ്രാമത്തിൽ വലിയ സ്വീകരണം ഏർപ്പാട് ചെയ്തിരുന്നു. സാലി പാലോട്, കമറുദ്ദീൻ സാർ തുടങ്ങി ഒരുപാട് പ്രകൃതി സ്നേഹികൾ നിറഞ്ഞ നാടാണ് പാലോട്. അവിടെയാണ് ജൈവസമ്പന്നമായ പെരിങ്ങമല. സാലി സാറിന്റെ വീട്ടിൽ രാത്രി തങ്ങി. റംല ആന്റി ഞങ്ങൾക്ക് നല്ല ഭക്ഷണം തന്നു. പിറ്റേന്ന് ഞങ്ങൾ ആനന്ദിരാമചന്ദ്രൻ എന്ന എഴുത്തുകാരിയുടെ വീട്ടിൽ തങ്ങി. ആന്റി കൊടുത്ത സ്ഥലത്ത് ഞങ്ങൾ സുഗതകുമാരി ടീച്ചറോടോത്ത് കാവ് നട്ടു. അവിടെ മാളവിക ചേച്ചിയുമൊത്ത് മലകയറി. ചേച്ചി ഞങ്ങൾക്കൊപ്പം നല്ല കൂട്ടായി. പിറ്റേന്ന് യാത്ര അവസാന ദിവസത്തിലേക്ക് കടന്നു. ഞങ്ങൾ കാപ്പുകാട് എന്ന സ്ഥലത്തെത്തി. അവിടെയായിരുന്നു സമാപനം. ഞങ്ങൾ ഓരോരുത്തരായി യാത്രാനുഭവം നാട്ടുകാരുമായി പങ്കുവെച്ചു. രാത്രിയോടെ തന്നെ എല്ലാവരും പിരിഞ്ഞുപോയി. വലിയ കരച്ചിലും ബഹളവുമായിരുന്നു. ഞാൻ സ്കൂളിൽ പോയപ്പോഴും എന്റെ മനസ്സിൽ നിറയെ പശ്ചിമഘട്ട യാത്രയിലെ ചർച്ചകളും, പാട്ടുകളും, പുഴയിലെ കുളിയും, തമാശകളും, കൂട്ടുകാരും നിറഞ്ഞ് നിൽക്കുകയാണ്. ഒരിക്കലും മായാത്ത മനോഹരമായ ഓർമകളും അനുഭവങ്ങളുമാണ് പശ്ചിമഘട്ട സംവാദയാത്ര എനിക്ക് സമ്മാനിച്ചത്. സഹദേവൻ അങ്കിളിനോടും യൂത്ത് ഡയലോഗ് പ്രവർത്തകരോടും സീബ, യാമിനി ആന്റിയോടും മറ്റെല്ലാവരോടുമുള്ള പ്രത്യേകം സ്നേഹം ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു. ●

*ക്ലാസ്സ്-7, ഗവ. മോഡൽ ഗേൾസ് സ്കൂൾ, തൃശ്ശൂർ*




Photo/Youth Dialogue

# മനസ്സിൽ നിന്നു മായില്ല ഈ യാത്ര...

**കബിത നിഷാനി**

ഞാൻ കബിത നിഷാനി, അഞ്ചാം ക്ലാസ്സിൽ പഠിക്കുന്നു. വളരെയധികം സന്തോഷവും, ആലോചനയുമൊക്കെ തന്ന വലിയൊരു യാത്ര കഴിഞ്ഞു വന്നിട്ട് രണ്ടു ദിവസമാകുന്നു. കാസർകോട് മുതൽ തിരുവനന്തപുരം വരെ 50 ദിവസമെടുത്ത് ഒരു പദയാത്ര പോയി. പശ്ചിമഘട്ട മലനിരകളുടെ അടുത്തു കൂടെയാണ് യാത്ര പോയത് യാത്രയെപ്പറ്റി അമ്മയും അച്ഛനും പറഞ്ഞപ്പോൾ ആദ്യം വലിയ ഉത്സാഹമൊന്നും തോന്നിയിരുന്നില്ല. എന്നാൽ യാത്ര തുടങ്ങി കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ യാത്ര അവസാനിക്കുന്നതിനേപ്പറ്റി ആലോചിക്കുന്നതേ സങ്കടമായി തുടങ്ങി.

പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കാനും, കർഷകരുടെ പ്രശ്നങ്ങൾ നേരിട്ടറിയാനും കേൾക്കാനുമായിരുന്നു യാത്ര. യാത്രയിലെ അനുഭവങ്ങൾ വളരെ സുന്ദരമായിരുന്നു. ഒരുപാട് പുഴകളും മലനിരകളും, കാടുകളും, പക്ഷികളും എല്ലാം കണ്ടു. മലമുകളിലെ പാറകളൊക്കെ പൊട്ടിച്ചുകൊണ്ടേയിരുന്നു. പാറമടകളിൽ നിന്ന് വലിയ ശബ്ദങ്ങൾ, അടുത്തുള്ള വീടുകളുടെ ചുമരുകൾ വിണ്ട് കീറിയിരിക്കുന്നു. കുടിവെള്ളമില്ലാത്തതാണ് വലിയൊരു പ്രശ്നം.

ഞങ്ങൾ പകൽ നടക്കുകയും രാത്രിയാകുമ്പോൾ സ്കൂളിലോ മറ്റോ തങ്ങുകയും ചെയ്തു. എല്ലാവരും ചേർന്ന് ഭക്ഷണമുണ്ടാക്കി കഴിക്കും. ചിലപ്പോൾ നാട്ടുകാർ തരും. അത് പങ്കുവെച്ച് കഴിക്കും. ഒരുപാട് പുഴകളിൽ തിമിർത്ത് കുളിച്ചു. എല്ലാ പുഴകളിലും വെള്ളം തീരെ കുറഞ്ഞ് പുഴ മരിച്ചു തുടങ്ങിയിരിക്കുന്നു. സീതത്തോട് കാട്ടിലൂടെ എട്ടു കിലോമീറ്റർ മഴനനഞ്ഞ് മഴയിൽ നൃത്തം വെച്ച് നടന്നു.

> **ഒരുപാട് പുഴകളിൽ തിമിർത്ത് കുളിച്ചു. എല്ലാ പുഴകളിലും വെള്ളം തീരെ കുറഞ്ഞ് പുഴ മരിച്ചു തുടങ്ങിയിരിക്കുന്നു.**

കൂട്ടത്തിൽ സലീഷ് ചേട്ടൻ, റംസിനചേച്ചി, ഷെഫിക്ക് ചേട്ടൻ, ജിതിലേഷ് ചേട്ടൻ, ഫ്രാൻസിസ് എല്ലാവരും ഉണ്ടായിരുന്നു. എന്റെ കാലിൽ ആദ്യം അട്ടകടിച്ചപ്പോൾ പേടിച്ചു നിലവിളിച്ചു. പിന്നെ അട്ടയുമായി ഞാൻ നല്ല സൗഹൃദത്തിലായി. ആദിവാസികളുടെ കുടിയിലൊക്കെപോയി, അവരുടെ വിഷമങ്ങളൊക്കെ കേട്ടു. ചെങ്ങറ, അരിപ്പ തുടങ്ങിയ സമരഭൂമിയിലൊക്കെ താമസിച്ചു. അവരുടെ കൃഷിയിടങ്ങളൊക്കെ സന്ദർശിച്ചു. പന്നിശല്യത്തിൽ നിന്നും കൃഷിരക്ഷിക്കാനായി, ചൈനയിലെ വൻമതിൽ പോലെ വലിയ മതിൽ ചെങ്ങറയിൽ പണിതു കൊണ്ടിരിക്കുന്നു. സമരക്കാർ അനുഭവിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ചു പറഞ്ഞു. വളരെ പാവപ്പെട്ട ദളിത് വിഭാഗത്തിൽപ്പെടുന്ന കർഷകരും കൂലിപ്പണിക്കാരുമാണ് അവിടെ കുഞ്ഞുവീടുണ്ടാക്കി താമസിക്കുന്നത്. അവർ ഞങ്ങൾക്ക് നല്ല ഭക്ഷണവും കിടക്കാൻ അവരുടെ സമരപന്തലും തന്നു. വയനാട്, ജില്ലയിലെ ചെറുവയൽ രാമൻ മാമനും എനിക്ക് വലിയ അത്ഭുതമായി. വിത്ത് മാമന്റെ വീട്ടിൽ പോയതിനുശേഷം എനിക്ക് നെൽകൃഷി ചെയ്യണമെന്ന് മോഹമായി. ഞങ്ങളും ഈ വർഷം കൃഷി തുടങ്ങാൻ പോകുകയാണെന്ന് അമ്മയും അച്ഛനും പറഞ്ഞു. വിത്ത് മാമന്റെ പാടം പോലെ വീടും വലിയൊരു അത്ഭുതമാണ്. ഞാൻ ഇനിയും അവിടെ പോകും. ഞങ്ങൾ യാത്രയുടെ സമാപനത്തിലേക്ക് അടുത്തപ്പോൾ എല്ലാവർക്കും സങ്കടമായി. എനിക്ക് നല്ല കൂട്ടുകാരെ കിട്ടിയിരുന്നു. ശ്രേയ, കുഞ്ചു, സൂര്യചേച്ചി, അഷ്റഫ്, ഷമീർ മാഷ്, ഷംനാദ് നാരായണൻ അങ്ങനെ ധാരാളം പേർ. പിന്നെ സീബ മതിലകം (സീബാന്റി) ആയിരുന്നു കുട്ടികളുടെ കാര്യങ്ങൾ നോക്കിയിരുന്നത്. പിന്നെ യാമിനി ആന്റി, റംസിന ചേച്ചി എല്ലാവരുടെയും കൂടെ നല്ല യാത്ര. സന്തോഷ്, സഹദേവൻ, ജോൺസൺ, ഫാദർ വട്ടോലി, ഫ്രാൻസിസ് തുടങ്ങി എല്ലാ മാമൻമാരോടും വളരെയധികം നന്ദിയുണ്ട്. ഞാൻ ധാരാളം യാത്രകളും പരിസ്ഥിതി പ്രവർത്തനങ്ങളും നടത്തുമെന്ന ഉറപ്പിലാണ് പിരിഞ്ഞുപോയത്. ഈ യാത്ര ഒരിക്കലും മനസ്സിൽ നിന്നു മായില്ല അത്രയ്ക്കും സുന്ദരമായിരുന്നു. ●

Photo/Youth Dialogue



*ക്ലാസ്സ്-5, ഗവ. മോഡൽ ഗേൾസ് സ്കൂൾ, തൃശ്ശൂർ*



# പരുന്തുകളുടെ താഴ്‌വാരം

അനൂപ് എൻ.ആർ., ജിതിൻ എം.ഡി.

പശ്ചിമഘട്ട മലനിരകളിലെ ഏറ്റവും വലിയ വിടവായ പാലക്കാട് വിടവിനു വടക്ക്, നീലഗിരി മലനിരകളുടെ കിഴക്കൻ ചരിവിൽ സ്ഥിതി ചെയ്യുന്ന അതിസങ്കീർണ്ണവും പ്രകൃതിസൗന്ദര്യം നിറഞ്ഞു തുളുമ്പുന്നതുമായ ഭൂപ്രദേശമാണ് മോയാർ താഴ്‌വാരം. കൃത്യമായി പറഞ്ഞാൽ തെക്കുകിഴക്ക് നീലഗിരി പീഠഭൂമിക്കും വടക്കു കിഴക്കായി മൈസൂർ തലമലൈ പീഠഭൂമികൾക്കുമിടയിലാണ് ഈ താഴ്‌വാരത്തിന്റെ യഥാർത്ഥ സ്ഥാനം. പുരാതന കാലത്ത് ഭൂമിശാസ്ത്രപരമായ ചില പ്രതിഭാസങ്ങളാൽ നീലഗിരി പീഠഭൂമിയുടെ ക്രമേണയുള്ള ഉയർച്ച (upsing) ഈ താഴ്‌വാരത്തിന്റെ രൂപപ്പെടലിനു കാരണമായി. മാത്രവുമല്ല, ഈ പ്രതിഭാസം കൊണ്ട് ഈ താഴ്‌വാരത്തിന്റെ കിഴക്കെ അതിർത്തിയിൽ ഒരു ഗർത്തം (മോയാർ ഗർത്തം) രൂപപ്പെടുകയും ചെയ്തു. മോയാർ താഴ്‌വാരത്തിന്റെ കിഴക്കെ അതിർത്തിയിൽ മുതുമല വന്യജീവി സങ്കേതത്തിന്റെ തെക്കുനിന്നും ആരംഭിച്ച് ഏകദേശം 50 കി.മീ. നീളത്തിലാണ് ഈ ഗർത്തത്തിന്റെ സ്ഥാനം. പാലക്കാട് വിടവിന്റെ രൂപീകരണത്തിനും ഇതേ പ്രതിഭാസമാണ് കാരണമായതെന്നാണ് ഭൂമിശാസ്ത്രപരമായ നിഗമനം.

ഭൂമിശാസ്ത്രപരമായി ഒട്ടേറെ പ്രത്യേകതകളുള്ള ഈ പ്രദേശം വന്യജീവികളാലും ഏറെ സമൃദ്ധമാണ്. പശ്ചിമഘട്ടത്തെയും പൂർവ്വഘട്ടത്തെയും ബന്ധിപ്പിക്കുന്ന ഒരിടനാഴിയാണീ താഴ്‌വാരം. മഴമേഘങ്ങളുടെ കടന്നുവരവിനെ പ്രതിരോധിച്ച് നീലഗിരി മലനിരകൾ നിൽക്കുന്നതിനാൽ വളരെക്കുറച്ച് മഴമാത്രമാണ് തെക്കു പടിഞ്ഞാറൻ മൺസൂൺ കാലഘട്ടത്തിൽ താഴ്‌വരയിൽ ലഭിക്കുന്നത്. എന്നാൽ വടക്കു കിഴക്കൻ കാലവർഷത്തിൽ ഗണ്യമായ മഴ ലഭിക്കാറുണ്ട്.

മോയാർ താഴ്‌വാരത്തിലെ പരുന്തുവർഗങ്ങളെക്കുറിച്ചുള്ള പഠനമായിരുന്നു ഞങ്ങളുടെ പ്രൊജക്ടിനായി തെരഞ്ഞെടുത്തത്. ഭക്ഷ്യശൃംഖലയുടെ ഏറ്റവും ഉയരത്തിൽ നിൽക്കുന്ന ഈ ഇരപിടിയന്മാർ ജീവിക്കുന്ന ചുറ്റുപാടിൽ മറ്റു ജീവജാലങ്ങളുടെ (ഇരകളുടെ) എണ്ണം നിലനിർത്തി, ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. കഴുകന്മാരാകട്ടെ പ്രകൃതിയിലെ തോട്ടിയുടെ ധർമ്മമാണ് നിറവേറ്റുന്നത്. മൃതശരീരങ്ങൾ മാത്രം ഭക്ഷിക്കുവാനുള്ള പ്രകൃതമാണിക്കൂട്ടർക്ക്. പൊതുവെ വ്യത്യസ്തമായ പരുന്തുവർഗ്ഗങ്ങൾക്ക് ജീവനക്ഷമമായൊരു ചുറ്റുപാട് ആരോഗ്യമുള്ള ആവാസവ്യവസ്ഥയുടെ സൂചകമാണ്. ഭക്ഷ്യപിരമിഡിലെ സ്ഥാനവും മന്ദഗതിയിലുള്ള പ്രത്യുല്പാദന പ്രക്രിയയും, ഈ വിഭാഗക്കാരെ പൊതുവെ അപൂർവരും നിലനിൽപ്പിന് ഏറ്റവുമധികം ഭീഷണി നേരിടുന്ന പക്ഷിവർഗവുമാക്കുന്നു.

**കേവലം നാലുമാസം നടത്തിയ പഠനത്തിൽ മുപ്പത്തിമൂന്ന് ഇനത്തിൽപ്പെട്ട പരുന്തുവർഗ്ഗങ്ങളെ മോയാർ താഴ്‌വാരത്തുനിന്നും കണ്ടെത്തുകയുണ്ടായി. മാത്രവുമല്ല, വംശനാശത്തിന്റെ വക്കിലുള്ള ചുട്ടിക്കഴുകനുൾപ്പെടെ നാലുതരം കഴുകന്മാർ ഇവിടെ കൂടുകൂട്ടുന്നതായും കാണപ്പെട്ടു.**

വ്യാവസായിക വിപ്ലവത്തിനുശേഷമുള്ള, രാസവസ്തുക്കളുടെ അമിത ഉപയോഗവും ആവാസവ്യവസ്ഥയുടെ നാശവും പല പരുന്തുവർഗങ്ങളുടെയും എണ്ണത്തിൽ വൻ ഇടിവിന് കാരണമായി. ഈ പശ്ചാത്തലത്തിൽ ഉഷ്ണമേഖലാ പ്രദേശത്തു മാത്രം കണ്ടുവരുന്ന ഇരുപത്തേഴ് ശതമാനത്തോളം പരുന്തുവർഗങ്ങളെ തൊണ്ണൂറുകളുടെ തുടക്കത്തിൽതന്നെ നിലനിൽപ്പിനു ഭീഷണി നേരിടുന്ന ജീവികളുടെ IUCN പട്ടികയിൽ പെടുത്തുകയുണ്ടായി. പല പരുന്തുകളും ദീർഘദൂര ദേശാടകരാണ് എന്നത് ഇക്കൂട്ടരുടെ സംരക്ഷണത്തിന് വലിയ വെല്ലുവിളി ഉയർത്തുന്നു.

കേവലം നാലുമാസം നടത്തിയ പഠനത്തിൽ മുപ്പത്തിമൂന്ന് ഇനത്തിൽപ്പെട്ട പരുന്തുവർഗ്ഗങ്ങളെ മോയാർ താഴ്‌വാരത്തുനിന്നും കണ്ടെത്തുകയുണ്ടായി. മാത്രവുമല്ല, വംശനാശത്തിന്റെ വക്കിലുള്ള ചുട്ടിക്കഴുകനുൾപ്പെടെ നാലുതരം കഴുകന്മാർ ഇവിടെ കൂടുകൂട്ടുന്നതായും കാണപ്പെട്ടു. ഒരു പക്ഷേ, ലോകത്തിൽതന്നെ ഇത്രയും



വലിയ കിന്നരിപ്പരുന്ത് Mountain Hawk Eagle
Photo/Dileep Anthikad



ചുട്ടിക്കഴുകൻ White-rumped Vulture Photo/Vinay Darbal

ചെറിയ ഒരു ഭൂപ്രദേശത്ത് ഇത്രയുമധികം പരുന്തുവർഗങ്ങളെ കാണുവാൻ കഴിയുന്ന സ്ഥലങ്ങൾ വളരെ വിരളമാണ്. പരുന്തുകളുടെ പറക്കലിനെ സഹായിക്കുന്ന അന്തരീക്ഷത്തിലെ താപപ്രവാഹങ്ങളുടെയും താപമർദ്ദത്തിന്റെയും സ്വാധീനമായിരിക്കും ഇവരെ ആകർഷിക്കുന്ന ഒരു ഘടകം. മറ്റൊന്ന് വ്യത്യസ്ത ആവാസവ്യവസ്ഥകളുടെ വിന്യാസവും ഭക്ഷണലഭ്യതയുമാണ്. മുൻപ് ഇതേ സ്ഥലങ്ങളിൽ നടത്തിയ പഠനങ്ങളിലോ നിരീക്ഷണങ്ങളിലോ കാണാത്ത പല ദേശാടകരെയും ഇന്ന് ഈ താഴ്‌വാരത്ത് കാണാം. ആഗോള കാലാവസ്ഥാ വ്യതിയാനവുമായി വേണം ഇത് കൂട്ടിവായിക്കുവാൻ.

## മോയാറിലെ കഴുകന്മാർ

ഇരപിടിയന്മാരല്ലാത്ത, മൃതശരീരങ്ങൾ മാത്രം ഭക്ഷിക്കുവാനുള്ള പരിണാമ അനുകൂലനം നേടിയവരാണ് (scavengers) കഴുകന്മാർ. പൊതുവെ വലിയ കൂട്ടമായി ജീവിക്കാറുള്ള ഇക്കൂട്ടർ മൃതശരീരങ്ങൾ വളരെ വേഗം തിന്നുതീർത്ത് ചുറ്റുപാടിനെ വൃത്തിയാക്കി വയ്ക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. ഇത് പല രോഗങ്ങളുടെയും വ്യാപനത്തെ തടയുന്നു. വലിയ കൂട്ടമായി (coloneal) ജീവിക്കാറുള്ള ഇക്കൂട്ടർ കാഴ്ചയുടെ കാര്യത്തിൽ വളരെ പ്രശസ്തരാണ്.

ഒരു കാലത്ത് തെക്ക് കിഴക്കൻ ഏഷ്യയിൽ പ്രത്യേകിച്ച് ഉത്തര ഭാരതത്തിൽ സർവ്വസാധാരണമായിരുന്നു കഴുകന്മാർ. എന്നാൽ 1990-ന്റെ ആദ്യ പകുതിയിലാണ് കഴുകന്മാരുടെ എണ്ണത്തിൽ വരുന്ന വൻ കുറവ് ശ്രദ്ധിക്കപ്പെടുന്നത്. കന്നുകാലികളെ ഭക്ഷിക്കാത്തവരാണ് ഉത്തരേന്ത്യൻ ജനത. മാത്രവുമല്ല ഗോവധനിരോധനവും ഇവിടെ നിലനിൽക്കുന്നു. ഈ സാഹചര്യമായിരുന്നു ഇക്കൂട്ടരുടെ എണ്ണം നിലനിർത്തി പോന്നത്. എന്നാൽ Diclofenac എന്ന വേദനാ സംഹാരി ഇവിടങ്ങളിലെ കന്നുകാലികളിൽ വ്യാപകമായി ഉപയോഗിച്ചിരുന്നു. ഈ മരുന്നുപയോഗിച്ച കന്നുകാലികളുടെ മൃതശരീരം ഭക്ഷണമാക്കിയ കഴുകന്മാരുടെ വൃക്കകൾ തകരാറിലാകുകയും കൂട്ടത്തോടെ ചത്തൊടുങ്ങുകയുമായിരുന്നു. ഇത് ഏറ്റവുമധികം ബാധിക്കുന്നത് Gyps- ജനുസ്സിൽപ്പെട്ട കഴുകന്മാരെയാണെന്നും നിരീക്ഷിക്കപ്പെട്ടു. ലോകത്തിൽ ചുട്ടിക്കഴുകന്മാർ മാത്രം തൊണ്ണൂറ്റൊൻപത് ശതമാനത്തിലധികവും നാമാവശേഷമായി. മറ്റു വിഭാഗക്കാരുടെ എണ്ണത്തിലും ഗണ്യമായ കുറവ് ഈ ചെറിയ കാലയളവിൽ തന്നെ ശ്രദ്ധനേടി.

**ഇന്ന് ഭാരതത്തിൽ നിലനിൽക്കുന്ന കഴുകൻ വംശങ്ങളുടെ ആകെ ആശ്രയമാണ് മോയാർ താഴ്‌വാരവും അതിനോടു ചേർന്നു കിടക്കുന്ന നീലഗിരി ജൈവമേഖലയും. ഹൃദയഹാരിയായ വശ്യതയോടെ ഈ സുന്ദരഭൂമി നമ്മെ മാടിവിളിക്കുകയാണ്, അവളെ ആശ്രയിക്കുന്നവരെ സംരക്ഷിക്കാൻ.**

ഒരു കാലത്ത് സർവസാധാരണമായിരുന്ന ഈ ശവംതീനികൾ ഇന്ന് ഏറ്റവുമധികം വംശനാശഭീഷണി നേരിടുന്ന (Critically endangered) പക്ഷികളുടെ പട്ടികയിൽ ഇടം നേടിയിരിക്കുന്നു. ഈ കാരണത്താൽ തന്നെ ഭാരതത്തിന്റെ പലഭാഗങ്ങളിലായി മൂന്നിൽ പരം Captive breeding centers ബോംബെ നാച്ചുറൽ ഹിസ്റ്ററി സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ആരംഭിച്ചു. ഇതിന്റെ സത്യസന്ധതയും സംരക്ഷണ പ്രവർത്തന ആശയം നടപ്പാക്കുന്ന രീതിയും പലപ്പോഴും ചോദ്യം ചെയ്യപ്പെടുന്നു എന്നത് മറ്റൊരു പ്രതിസന്ധിയായി നിലനിൽക്കുന്നു.

ഉത്തര ഭാരതത്തിലുള്ളത്രയുമില്ലായിരുന്നെ

ങ്കിൽ കൂടിയും തെക്കേ ഇന്ത്യയിലും കഴുകന്മാർ ഉണ്ടായിരുന്നു. പശ്ചിമഘട്ടത്തിലെ അടഞ്ഞകാടുകളിൽ ഇവർക്ക് ഭക്ഷണം കണ്ടെത്തുക വളരെ പ്രയാസകരമാണ്. അതിനാൽതന്നെ ദക്ഷിണഭാരതത്തിന്റെ പടിഞ്ഞാറു ഭാഗത്ത് പശ്ചിമഘട്ട മലനിരകളോട് ചേർന്ന് ഇവരുടെ എണ്ണം കുറവായിരുന്നു. എങ്കിൽ പോലും, മുൻപു നടന്ന പഠനങ്ങളിൽ ഇക്കൂട്ടരെ ഇവിടങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പശ്ചിമഘട്ടത്തിൽ നിന്നും കിഴക്കോട്ടു പോകുന്തോറും നാട്ടിൻപുറങ്ങളിലും കാട്ടിലും ഒരു കാലത്ത് സർവസാധാരണ കാഴ്ചയായിരുന്നു ഇവർ.

## മോയാറിന്റെ പ്രാധാന്യം

ഇന്ന് ഭാരതത്തിൽ നിലനിൽക്കുന്ന വിവിധയിനം കഴുകൻവംശങ്ങളുടെ നല്ലൊരുപങ്കും നിലനിന്നു പോകുന്നത് ചില ഒറ്റപ്പെട്ട സംരക്ഷിത മേഖലകളിലാണ്. മോയാർ താഴ്‌വരയിലാകട്ടെ നാലിനം കഴുകന്മാരാണ് നിലനിൽക്കുന്നത്. ഇവിടെ എണ്ണത്തിൽ ഏറ്റവുമധികം കണ്ടെത്തിയിട്ടുള്ളത് ചുട്ടിക്കഴുകനെയാണ് (White-rumped Vulture). തവിട്ടു കഴുകൻ (Indian longbilled Vulture), കാതില കഴുകൻ (R.H.V.), തോട്ടിക്കഴുകൻ (Egyptian Vulture) എന്നിവയാണ് മറ്റുള്ളവ. ചുട്ടിക്കഴുകന്മാർ എല്ലാവർഷവും ഇവിടെ പ്രജനനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഓരോ വർഷവും നാൽപ്പതിലധികം കൂടുകൾ ഈ താഴ്‌വാരത്തിൽ നിരീക്ഷിക്കപ്പെടാറുമുണ്ട്.

ഇവിടെ കഴുകന്മാരുടെ നിലനിൽപ്പിന്റെ പ്രധാനകാരണം കാട്ടിലെ ഇരപിടിയന്മാരുമായുള്ള ആശ്രിതത്വമാണെന്നു പറയാം. വലിയ ഇരപിടിയന്മാർ കൊന്ന മൃഗങ്ങളുടെ ശരീരാവശിഷ്ടമാണ് ഈ താഴ്‌വാരത്തും ഇതിനോടു ചേർന്നു കിടക്കുന്ന നീലഗിരി ജൈവമേഖലയിലും കഴുകന്മാരുടെ പ്രധാന ഭക്ഷണം.

ഇന്ന് ഭാരതത്തിൽ നിലനിൽക്കുന്ന കഴുകൻ വംശങ്ങളുടെ ആകെ ആശ്രയമാണ് മോയാർ താഴ്‌വാരവും അതിനോടു ചേർന്നു കിടക്കുന്ന നീലഗിരി ജൈവമേഖലയും. ഇന്ന് ഭൂമിയിൽ നാമമാത്രമായ കഴുകന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് അത്യധികം പ്രാധാന്യമുള്ള പ്രദേശമാണിതെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഹൃദയഹാരിയായ വശ്യതയോടെ ഈ സുന്ദരഭൂമി നമ്മെ മാടിവിളിക്കുകയാണ്, അവളെ ആശ്രയിക്കുന്നവരെ സംരക്ഷിക്കാൻ. ●


തോട്ടിക്കഴുകൻ Egyptian Vulture Photo/Clement Francis

മോയാർ താഴ്‌വര Photo/Anoop N. R



# പശ്ചിമഘട്ടത്തിലെ ഉഭയജീവികൾ

സന്ദീപ്ദാസ്

മെയ് 2014-ൽ ഉത്തരകന്നടയിൽ നിന്നു കണ്ടെത്തിയ, തമ്മിൽ ഗുസ്തി പിടിക്കുന്ന പോലെ പിൻകാലുകളിൽ എഴുന്നേറ്റു നിന്നതിനു ശേഷം ഇണചേരുകയും മുട്ടയിട്ടതിനു ശേഷം അവ ചെളി മണ്ണുവെച്ചു പൊതിയുകയും ചെയ്യുന്ന കുംബാര തവള (Kumbara Night Frog) എന്ന Nyctibatrachus kumbara അടക്കം പശ്ചിമഘട്ടത്തിൽ ഇതുവരെ 201 ഇനം ഉഭയജീവികളെ കണ്ടെത്തിയിട്ടുണ്ട്. ഗുജറാത്തിൽ തുടങ്ങി ആറു സംസ്ഥാനങ്ങളിലൂടെ കടന്നു കന്യാകുമാരിയിൽ അവസാനിക്കുന്ന പശ്ചിമഘട്ട മലനിര വൈവിധ്യമാർന്ന ആവാസവ്യവസ്ഥകൾ കൊണ്ട് നിരവധി ഉഭയജീവികൾക്ക് വാസസ്ഥലമായി വർത്തിക്കുന്നു. കുറച്ചു കാലമായി കൂടുതലാരും ശ്രദ്ധിക്കാതിരുന്ന ഉഭയജീവി പഠനശാഖ (Batrachology) ഇന്ന് ഇന്ത്യയിൽ ഡോ. അനിൽ സക്കറിയ, ഡോ. ബിജു എസ്. ഡി., ഡോ. ദിനേശ് കെ. പി., ഡോ. ഗുരുരാജ തുടങ്ങി ഒട്ടനേകം ശാസ്ത്രജ്ഞരുടെ പ്രയത്നങ്ങളിലൂടെ വളർന്നു വരികയാണ്. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ പശ്ചിമഘട്ട മലനിരകളിൽ നിന്നു മാത്രം അൻപതിലധികം ഉഭയജീവികളെ കണ്ടെത്തുകയുണ്ടായി. മണ്ണിനടിയിൽ ജീവിക്കുന്ന പർപ്പിൾ ഫ്രോഗ് (Purple Frog) എന്ന മൂക്കൻ തവള, ഈറ്റക്കുള്ളിൽ ജീവിക്കുന്ന ഒക്ലാന്ദ്ര ഈറ്റത്തവള (Ochlandra Reed Frog),



Zakerana sauriceps

മനോഹരി ഈറ്റത്തവള (Manohari Reed Frog), വയനാട്ടിൽ നിന്നും കണ്ടെത്തിയ ഇന്ത്യയിലെ ഏറ്റവും ചെറിയ തവളയായ മിനിമസ് തവള (Miniature Night Frog), തെക്കേ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ആനമുടിയിലും ചുറ്റുമുള്ള പ്രദേശങ്ങളിലും മാത്രം കണ്ടുവരുന്ന ആനമുടി തവള (Anamudi Bush Frog) എന്നിവയെല്ലാം അതിൽ ചിലതാണ്.

വരും ലക്കങ്ങളിൽ ഓരോ തവളകളെയും





Raorchestes munnarensis



Indirana diplosticta



Hoplobatrachus crassus

പ്രത്യേകം പരിചയപ്പെടുത്തുന്നതിനു മുൻപ് പശ്ചിമഘട്ടത്തിൽ കാണുന്ന ഉഭയജീവിവിഭാഗങ്ങളുടെ ഒരു ആമുഖം താഴെ കൊടുക്കുന്നു.

ഉഭയജീവികളിൽ കാണുന്ന തവളകളും ചൊറിത്തവളകളും ഉൾപ്പെടുന്ന ഓർഡർ അന്യുറയും കുരുടികൾ അല്ലെങ്കിൽ സിസീലിയൻസ് ഉൾപ്പെടുന്ന ഓർഡർ ജിമ്നോഫിയോനയും മാത്രമാണ് പശ്ചിമഘട്ടത്തിൽ കാണുന്നത്. ഓർഡർ അന്യുറയിൽ (Anura) ചൊറിത്തവളകൾ ഉള്ള ബുഫോനിടെ (Bufonidae), നെൽപ്പാടങ്ങളിലും, വെള്ളക്കെട്ടുകളിലും, സമതലങ്ങളിലുമൊക്കെ കാണുന്ന തവളകൾ ഉൾപ്പെടുന്ന ദിക്രോഗ്ലോസിടെ (Dicroglossidae), കാട്ടരുവികളിൽ കല്ലുകൾക്കു മുകളിൽ കാണുന്ന പിലിഗിരി തവളകൾ ഉൾപ്പെടുന്ന മിക്രിക്സാലിടെ (Micrixalidae), മണ്ണിനടിയിൽ കാണുന്ന മൂക്കൻ തവള മാത്രമുള്ള നാസികാബട്രാകിടെ (Nasikabatrachidae), കാട്ടരുവികളിൽ കല്ലുകൾക്കടിയിലും വെള്ളത്തിലും കാണുന്ന, നോട്ടം മുകളിലേയ്ക്കു പോകുന്ന തരത്തിൽ തലയ്ക്കു മുകളിൽ കണ്ണുകളുള്ള നിക്ക്ടിബട്രാക്കിടെ (Nyctibatrachidae), മണവാട്ടി തവളയും സ്വർണ്ണ തവളയും കാട്ടു മണവാട്ടിയും ഉള്ള രാണിടെ (Ranidae), പാറകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന കാലുകൾ ഉള്ള വാൽമാക്രികൾ ഉള്ള ഇന്ദിരാണ തവളകൾ ഉൾപ്പെടുന്ന റാണിക്സാലിടെ (Ranixalidae), മരത്തവളകളും, ഈറ്റത്തവളകളും ഇലത്തവളകളും ഉൾപ്പെടുന്ന റാക്കോഫോറിടെ (Rhacophoridae) എന്നിങ്ങനെ ഒൻപതു തവള കുടുംബങ്ങളാണ് ഉള്ളത്. മിക്രിക്സാലിടെ, നാസികാബട്രാകിടെ, നിക്ക്ടിബട്രാക്കിടെ, റാണിക്സാലിടെ എന്നീ നാലു കുടുംബങ്ങൾ ഒഴികെ മറ്റെല്ലാ കുടുംബത്തിലും ഒന്നിൽ കൂടുതൽ ജനുസുകളിൽ ഉള്ള തവളകൾ ഉണ്ട്.

ഓർഡർ ജിമ്നോഫിയോനയിൽ ഇന്ത്യയിൽ കാണുന്ന മൂന്നു കുടുംബങ്ങളിൽ ഇക്തിയോഫിടെയും (Ichthyophiidae) ഇന്ഡോടിഫ്‌ലിടെയും (Indotyphlidae) മാത്രമാണ് പശ്ചിമഘട്ടത്തിൽ കാണുന്നത്. മൂന്നാമത്തെ കുടുംബമായ ചിക്ലിടെ (chikilidae) വടക്കു-കിഴക്കേ ഇന്ത്യയിൽ നിന്നു മാത്രമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ●



Raorchestes sps
Photos/Sandeep Das

## പശ്ചിമഘട്ടത്തിൽ കാണുന്ന ഉഭയജീവിവിഭാഗങ്ങൾ

| ORDER | FAMILY |
|---|---|
| ANURA | Bufonidae |
| | Dicroglossidae |
| | Micrixalidae |
| | Nasikabatrachidae |
| | Nyctibatrachidae |
| | Ranidae |
| | Ranixalidae |
| | Rhacophoridae |
| GYMNOPHIONA | Ichthyophiidae |
| | Indotyphlidae |

| FAMILY/GENUS/ NUMBER OF SPECIES | | |
|---|---|---|
| BUFONIDAE | Duttaphrynus | 10 |
| | Ghatophyrne | 2 |
| | Pedostibes | 1 |
| | Xanthophryne | 2 |
| DICROGLOSSIDAE | Euphlyctis | 3 |
| | Hoplobatrachus | 2 |
| | Zakerana | 14 |
| | Minervarya | 1 |
| | Sphaerotheca | 3 |
| MICRIXALIDAE | Micrixalus | 24 |
| MICROHYLIDAE | Kaloula | 1 |
| | Melanobatrachus | 1 |
| | Microhyla | 3 |
| | Ramanella | 6 |
| | Uperodon | 2 |
| NASIKABATRACHIDAE | Nasikabatrachus | 1 |
| NYCTIBATRACHIDAE | Nyctibatrachus | 27 |
| RANIDAE | Clinotarsus | 1 |
| | Hylarana | 3 |
| RANIXALIDAE | Indirana | 10 |
| RHACOPHORIDAE | Beddomixalus | 1 |
| | Ghatixalus | 2 |
| | Mercurana | 1 |
| | Polypedates | 3 |
| | Pseudophilautus | 3 |
| | Raorchestes | 45 |
| | Rhacophorous | 4 |
| ICHTHYOPHIIDAE | Ichthyophis | 7 |
| | Uraeotyphlus | 6 |
| INDOTYPHLIDAE | Gegeneophis | 10 |
| | Indotyphlus | 2 |

# അയലക്കാക്ക

പ്രവീൺ ജെ.

ഇതുവരെ നാം ഈ പംക്തിയിൽ പരിചയപ്പെട്ടത് കരയിൽ ജീവിക്കുന്ന പക്ഷികളെപ്പറ്റിയാണ് (Land birds). ഇനി ആദ്യമായി ഒരു കടൽപ്പക്ഷിയെ പരിചയപ്പെടാം. ജീവിതത്തിന്റെ ഭൂരിഭാഗവും തീരത്തുനിന്ന് അകലെ കടലിൽ കഴിയുകയും മുട്ടയിടാൻ മാത്രമായി കരയ്ക്കെത്തുകയും ചെയ്യുന്നവയാണ് കടൽപ്പക്ഷികൾ (Sea birds).

അറബിക്കടലിൽ കാലവർഷസമയങ്ങളിൽ സാധാരണമായി കണ്ടുവരാറുള്ള കടൽപ്പക്ഷിയാണ് അയലക്കാക്ക (Flesh-footed Shearwater). കാക്കയേക്കാൾ വലിപ്പവും കടുംതവിട്ടു നിറവുമുള്ള ഈ പക്ഷി താറാവുകളേപ്പോലെ വെള്ളത്തിൽ പാറിനടക്കുകയോ വെള്ളത്തിനു മുകളിലൂടെ അതിവേഗത്തിൽ പറക്കുകയോ ചെയ്യുന്നു. പറക്കുന്ന അവസരങ്ങളിൽ ചിറകുകൾ വെള്ളത്തിൽ സ്പർശിക്കുന്നതുകൊണ്ടാണ് ഇവയ്ക്ക് തിരവെട്ടി (Shearwater) എന്ന പേരു വന്നത്. ഇരുണ്ട അഗ്രഭാഗത്തോടുകൂടിയ വിളറിയ കട്ടിയുള്ള കൊക്കും പിങ്ക് നിറത്തിലുള്ള കാലുകളുമാണ് ഇവയ്ക്കുള്ളത്. പറക്കുമ്പോൾ നല്ല വെളിച്ചത്തിൽ ചിറകിന്റെ അടിഭാഗത്ത് നേരിയ തിളക്കമാർന്ന വെള്ളിനിറം കാണാം. ഗ്രീഷ്മകാലത്ത് ആസ്ത്രേലിയക്കു തെക്കുള്ള ദ്വീപുകളിലെ ഗുഹകളിൽ പ്രജനനം നടത്തി ഇവ കൂട്ടംകൂട്ടമായി നമ്മുടെ കടലിലേക്ക് ദേശാടനം നടത്തുന്നു. ആദ്യകൂട്ടം പക്ഷികൾ ഏപ്രിൽ അവസാനത്തോടെ എത്തിച്ചേരുമെങ്കിലും അധികം

> **ഗ്രീഷ്മകാലത്ത് ആസ്ത്രേലിയക്കു തെക്കുള്ള ദ്വീപുകളിലെ ഗുഹകളിൽ പ്രജനനം നടത്തി ഇവ കൂട്ടംകൂട്ടമായി നമ്മുടെ കടലിലേക്ക് ദേശാടനം നടത്തുന്നു. ആദ്യകൂട്ടം പക്ഷികൾ ഏപ്രിൽ അവസാനത്തോടെ എത്തിച്ചേരുമെങ്കിലും അധികം പക്ഷികളും ജൂൺ മാസത്തിലാണ് എത്താറുള്ളത്.**

പക്ഷികളും ജൂൺ മാസത്തിലാണ് എത്താറുള്ളത്. ഒക്ടോബറോടെ എല്ലാ പക്ഷികളും അറബിക്കടലിൽനിന്നും മടങ്ങിപ്പോയിരിക്കും. സാധാരണയായി കടൽത്തീരത്തുനിന്നു മാറി കടലിൽ കാണുന്ന ഇവയെ തീരങ്ങളിൽ നിന്നു കാണാൻ പറ്റാറില്ല. കടലിലേയ്ക്ക് ഒരു ബോട്ടിൽ പോയി വേണം ഇവയെ കാണാൻ. അയല, മത്തി, മറ്റു ചെറുമീനുകൾ എന്നിവയെ ഇവ ധാരാളമായി ആഹാരമാക്കുന്നു. ഉൾക്കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന ബോട്ടുകളെ പിൻതുടർന്ന് അവയിൽ നിന്നുള്ള അവശിഷ്ടങ്ങൾ ഭക്ഷിക്കാറുണ്ട്.

ശൈത്യകാലങ്ങളിൽ പകൽസമയം മുഴുവൻ ഭക്ഷണം തേടി അലയാറുണ്ടെങ്കിലും പ്രജനനകാലത്ത് ഇതിനു മാറ്റം സംഭവിക്കുന്നു. പകൽസമയങ്ങളിൽ തുറന്നകടലിൽ വെറുതെ സമയം ചെലവഴിക്കുന്ന ഇവ സൂര്യാസ്തമനത്തിനുശേഷം പ്രജനനത്തിനായി കണ്ടെത്തിയ സ്ഥലത്തേക്ക് എത്തിച്ചേരുന്നു. തുടർന്ന് ഇവയുടെ ഭക്ഷണശേഖരണവും സന്താനപരിപാലനവുമെല്ലാം രാത്രികാലങ്ങളിലാണ്. ഒന്നു-രണ്ടു മീറ്റർ വരെ നീളമുള്ള മാളങ്ങളിൽ ഒരു തവണ ഒരു വെള്ള മുട്ടയിടുകയും ഏകദേശം 53 ദിവസം കൊണ്ട് അടയിരുന്ന് കുഞ്ഞുവിരിയുകയും ചെയ്യുന്നു. കുഞ്ഞുങ്ങൾ പൂർണ്ണവലിപ്പമെത്താൻ വീണ്ടും ഒരു അറുപതു ദിവസം കൂടിയെടുക്കും.

ഈ ഇനം പക്ഷികളുടെ എണ്ണത്തിൽ വലിയ കുറവു സംഭവിച്ചിട്ടില്ലെങ്കിലും സാധാരണ കടൽപ്പക്ഷികൾ അനുഭവിക്കുന്ന ഭീഷണികൾ ഇവയും നേരിടേണ്ടതായി വരുന്നു. പലതരം സമ്മർദ്ദങ്ങൾകൊണ്ട് ഇവ കൂടുകെട്ടുന്ന തുരുത്തുകളിലെ പ്രജനന ആവാസകേന്ദ്രങ്ങൾക്ക് ശോഷണം സംഭവിക്കുന്നു. മനുഷ്യസഹായത്താൽ ദ്വീപുകളിൽ എത്തപ്പെടുന്ന എലികൾ ഈ പക്ഷികളുടെ മാളത്തിൽ കടന്നു മുട്ടകൾ ഭക്ഷിക്കുന്നു. പല ദ്വീപുകളിലും സജാതീയരായ കടൽപ്പക്ഷികൾ ഇതേ ഭീഷണി നേരിടുകയും അവിടെ നിന്ന് അവ അപ്രത്യക്ഷരാവുകയും ചെയ്തിരിക്കുന്നു. പക്ഷിസമൂഹത്തെ ഒന്നാകെ നോക്കിയാൽ ഏറ്റവുമധികം ഭീഷണി നേരിടുന്നത് കടൽപ്പക്ഷികളാണെന്നതാണ് വസ്തുത. പൂർണ്ണവളർച്ചയെത്താതെ മുട്ടകളും കുഞ്ഞുങ്ങളും നഷ്ടമാവുന്നു എന്നുള്ളതാണ് ഈ പക്ഷികളുടെ നിലനിൽപ്പിനെ ബാധിക്കുന്ന മുഖ്യ ഭീഷണി. ●



അയലക്കാക്ക Flesh-Footed Shearwater
Photo/ Ashwini Kumar Bhat

# കിളിതീനിപ്പൂവ്

വി.സി. ബാലകൃഷ്ണൻ

ഉത്തരമലബാറിൽ മീനമാസത്തിലെ പൂരം നാളുമായി ബന്ധപ്പെട്ട് കാമദേവനെ ആരാധിക്കുന്ന അനുഷ്ഠാനമാണ് പൂരം. പൂരത്തിന് പൂവിടാൻ ഉപയോഗിക്കുന്നത് പ്രധാനമായും ഈഴച്ചെമ്പകപ്പൂവാണ്. ചാണം കൊണ്ടുണ്ടാക്കുന്ന കാമന്റെ രൂപത്തിന് വിവിധങ്ങളായ പൂക്കൾ വേണം. അതിൽ ഏറ്റവും ശ്രേഷ്ഠമത്രേ കിളിതീനിപ്പൂവ്. ചിലയിടങ്ങളിൽ കിളിഞ്ഞിൽ, കിളീന എന്നീപേരുകളിലും ഇതറിയപ്പെടുന്നു. മലംപരത്തി എന്ന പേരിലും ഈ സസ്യം അറിയപ്പെടുന്നു. ഇന്തോ-മലേഷ്യൻ മേഖലയിലും ചൈനയിലും വളരുന്ന ഒരു ഇടത്തരം വൃക്ഷമാണിത്. കേരളത്തിലെ അർദ്ധനിത്യഹരിതവനങ്ങളിലും ആർദ്ര ഇലപൊഴിയും വനങ്ങളിലും കാണപ്പെടുന്നു.

25 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ഈ വൃക്ഷത്തിന് മൂന്ന്-അഞ്ച് ഇടയ്ക്കുള്ള പിസ്താകാരത്തിലുള്ള വലിയ ഇലകളാണുള്ളത്. ഇലകൾ ഏകാന്തര ക്രമത്തിൽ വിന്യസിച്ചിരിക്കും. അഞ്ചു ഫോളിക്കിൾ (Folicle) വീതമുള്ള

**കേരളത്തിൽ കാസർകോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ മാത്രമേ ഈ വൃക്ഷം ഇതേവരെ കണ്ടെത്തിയിട്ടുള്ളൂ.**

സംയുക്തഫല (aggregate fruit)ങ്ങളാണ് ഓരോ പൂവിൽനിന്നും ഉണ്ടാകുന്നത്. പൂക്കൾക്ക് തിളങ്ങുന്ന ഓറഞ്ചുകലർന്ന ചുവപ്പുനിറമാണ്. പൂക്കുന്നതിനുതൊട്ടുമുമ്പ് ഇലപൊഴിക്കുന്ന സ്വഭാവം ഈ വൃക്ഷത്തിനുണ്ട്. വിരൽപോലെ നീണ്ട ഭംഗിയുള്ള പൂക്കൾ ശാഖാഗ്രങ്ങളിലാണുണ്ടാകുന്നത്. ജനുവരി മുതൽ മാർച്ച്-മെയ് വരെയാണ് പൂക്കാലം. മെയ് ആകുന്നതോടെ കായ്കൾ മൂപ്പെത്തുകയും ജൂൺമാസത്തോടെ വിത്തുകൾ പൊഴിഞ്ഞു വീഴുകയും ചെയ്യുന്നു.

സ്റ്റെർക്കൂലിയേസിയേ (Sterculiaceae) സസ്യകുടുംബത്തിലെ അംഗമായ കിളിതീനിപ്പൂവിന്റെ ശാസ്ത്രനാമം *Firmiana* എന്നാണ്. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ലൊമ്പാർഡിയിലെ (ആസ്ത്രേലിയ) ഗവർണറായിരുന്ന കാൾ ജോസഫ് വോൺ ഫിർമിയാ (Karl Joseph Von Firmian) നോടുള്ള ആദരസൂചകമായാണ് ഈ സസ്യജനുസ്സിന് ഫിർമിയാന എന്ന് നാമകരണം നടത്തിയിരിക്കുന്നത്. വർണ്ണപ്പകിട്ടുള്ളത് എന്ന അർത്ഥമുള്ളതാണ് സ്പീഷീസ് നാമം. ഫിർമിയാന ജനുസ്സിൽപെടുന്ന പതിനാറോളം സ്പീഷീസുകൾ ഉണ്ട്. കേരളത്തിൽ ഇതിന്റെ ഒരു സ്പീഷീസ് മാത്രമേ കാണപ്പെടുന്നുള്ളൂ. (Bonefire Tree, Coloured Sterculia) എന്നിവയാണ് ഇംഗ്ലീഷിലുള്ള പേരുകൾ.

കേരളത്തിൽ കാസർകോഡ്, കണ്ണൂർ, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ മാത്രമേ ഈ വൃക്ഷം ഇതേവരെ കണ്ടെത്തിയിട്ടുള്ളൂ. പീച്ചിയിലുള്ള കേരളവന ഗവേഷണസ്ഥാപനത്തിൽ ഈ വൃക്ഷങ്ങൾ മാർച്ച് മാസത്തിൽ പൂത്തുനിൽക്കുന്നതുകാണാം. കണ്ണൂർ ജില്ലയിൽ പട്ടാനൂർ, ഉളിയിൽ, ബക്കളം, വെള്ളോറ എന്നിവിടങ്ങളിൽ പാതയോരത്ത് ഒറ്റപ്പെട്ട ചില വൃക്ഷങ്ങൾ ഇപ്പോഴും ബാക്കി നിൽക്കുന്നുണ്ട്.

കണ്ണൂർ ജില്ലയിൽ കെട്ടിയാടപ്പെടുന്ന 'കടാങ്കോട്ട് മാക്കം' എന്ന തെയ്യത്തിന്റെ തോറ്റംപാട്ടിൽ കുഞ്ഞുമാക്കത്തിന് ആദ്യത്തെ പുരപ്പൂ ഇടാൻ വേണ്ടി കാര്യസ്ഥനായ ഈയവനാടൻ കിളിതീനിപ്പൂവ് തേടിപ്പോകുന്നതിന്റെ വർണ്ണനയുണ്ട്. മാക്കത്തിന്റെ കന്നിപ്പൂരം കേമമാക്കുന്നതിനായി കിളിച്ചിന്തുപാടി കിളികളെ മെരുക്കി കിളിതീനിപ്പൂവുമായി മടങ്ങുകയാണ് കാര്യസ്ഥൻ.

കാമന്റെ രൂപങ്ങൾക്ക് അരപതിക്കാൻ അതിരാണിപ്പൂവും വയറു വയ്ക്കാൻ വയരപ്പൂവും പൊക്കുവയ്ക്കാൻ എരിഞ്ഞിപ്പൂവും മാറ് പതിയ്ക്കാൻ പാലപ്പൂവും നാവു വയ്ക്കാൻ കറുകക്കൊടിയും കാതുവയ്ക്കാൻ കുമുദിൻപൂവും മുടിചമയ്ക്കാൻ കവുങ്ങിൻപൂവും വേണം. മുരിക്കിൻപൂവു കൊണ്ട് ചുണ്ടും കുന്നിക്കുരുകൊണ്ട് കണ്ണും വെക്കുന്നു. എന്നാൽ വിരലുവെക്കാനായി കിളിതീനിപ്പൂവുതന്നെവേണം. 'കിളിതീനിപ്പൂവില്ലാത്ത ഇക്കാലത്ത് നമ്മുടെ കാമരൂപങ്ങൾ വിരലറ്റു പോയിരിക്കുന്നു' (ഡോ. ഇ. ഉണ്ണികൃഷ്ണൻ, വിരലറ്റ കാമരൂപങ്ങൾ, പാതകൾ പുഴയെ മായ്ച്ചത്)

മറ്റുപല നാട്ടു-വനസസ്യങ്ങൾപോലെതന്നെ കിളിതീനിപ്പൂക്കളും നാശത്തിന്റെ വക്കിലേക്ക് എത്തിയിരിക്കുന്നു. ●

കിളിതീനിപ്പൂവ് Bonefire Tree Photo/ V C Balakarishnan





# കരിമീൻ

അൻവർ അലി, ഡോ. രാജീവ് രാഘവൻ

എട്രോപ്ലസ് സൂറത്തെൻസിസ് (Etroplus suratensis) എന്ന ശാസ്ത്രീയ നാമവും ഗ്രീൻ ക്രോമൈഡ്, പേൾ സ്പോട്ട് എന്നീ ആംഗലേയ നാമങ്ങളുമുള്ള കരിമീൻ മലയാളിയുടെ തീൻമേശയിലെ ഏറ്റവും വിശിഷ്ടമായ വിഭവമാണ്. കരിമീൻ ഉൾപ്പെടുന്ന സിക്ലിഡേ മത്സ്യകുടുംബത്തിലെ ഉപകുടുംബമായ എട്രോപ്ലിനെയിലാണ് നമ്മുടെ നാട്ടിലെ എട്രോപ്ലസ് ജീനസിൽപെട്ട പളളത്തി (എട്രോപ്ലസ് മാക്കുലേറ്റസ്) കാനറ കരിമീൻ (എട്രോപ്ലസ് കാനറൻസിസ്) എന്നിവ ഉൾപ്പെടുന്നത്. എട്രോപ്ലസ് ജീനസിലെ മേല്പറഞ്ഞ മൂന്നിനങ്ങളും ഉപദ്വീപീയ ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും തദ്ദേശീയരാണ്. കരിമീനെയും പളളത്തിയെയും ഓരുജല മത്സ്യങ്ങളായാണ് പരിഗണിക്കുന്നതെങ്കിലും കേരളത്തിലെയും ശ്രീലങ്കയിലെയും നദികളിലെയും അരുവികളിലെയും ആവാസവ്യവസ്ഥയിൽ ഇവ സുലഭമായി കാണപ്പെടുന്നു.

ഗുജറാത്ത് സംസ്ഥാനത്തിലെ സൂറത്ത് നഗരത്തെ അടിസ്ഥാനമാക്കിയാണ് കരിമീനിന് സൂറത്തൻസിസ് എന്ന സ്പീഷിസ് നാമം ലഭിച്ചത്. എന്നാൽ ഏറ്റവും രസകരമായ വസ്തുത, സൂറത്ത് നഗരത്തിനടുത്തോ ഗുജറാത്ത് സംസ്ഥാനത്തിൽ തന്നെയോ ഈ മത്സ്യം വിവരണം ചെയ്യപ്പെടുന്ന സമയത്ത് കണ്ടുവന്നിരുന്നില്ല എന്നതാണ്. ഡോ. ഫ്രാൻസിസ് ഡേ എന്ന മത്സ്യഗവേഷകൻ അഭിപ്രായപ്പെടുന്നത് ഈ മത്സ്യത്തെ അവതരിപ്പിച്ച് വിവരണം ചെയ്ത മാർക്ക് എലിസർ ബ്ലോച്ച് എന്ന ശാസ്ത്രജ്ഞന് ഈ മത്സ്യത്തെ പഠനത്തിനായി ലഭിച്ചത് ഒരു പാതിരിയിൽ നിന്നാണെന്നും സൂറത്തിൽ സ്ഥിരതാമസമാക്കിയിരുന്ന അദ്ദേഹം അവിടെനിന്നാണ് ആ മത്സ്യത്തെ കൊണ്ടുവന്നതെന്ന് അനുമാനിച്ച് സൂറത്തൻസിസ് എന്ന പേരു നൽകിയെന്നുമാണ്.

ഏതാണ്ട് ദീർഘ വൃത്താകൃതിയിൽ വശങ്ങളിൽ നിന്ന് പതിഞ്ഞ ശരീരമാണ് കരിമീനിന്റേത്. മേൽത്താടി കീഴ്ത്താടിയേക്കാൾ അല്പം മുമ്പോട്ട് തള്ളി നിൽക്കുന്നു. മുതുചിറക് അംസീയ ചിറകിന് മുകളിലായി തുടങ്ങുന്നു. മുതുചിറകിലെ നാലാമത്തെ മുള്ളിന് താഴെയായി ശ്രോണീ ചിറക് തുടങ്ങുന്നു. മുതുചിറകിനും ഗുദ ചിറകിനും മൂർച്ചയേറിയ മുള്ളോടു കൂടിയ ഭാഗവും മൃദുകിരണങ്ങളോടുകൂടിയ ഭാഗവുമുണ്ട്. മുൾഭാഗത്തിന് മൃദുകിരണഭാഗത്തേക്കാൾ നീളം കൂടുതലുണ്ട്. മുതുചിറകിൽ നീണ്ടു മൂർച്ചയുള്ള 18 മുതൽ 19 മുള്ളുകളും 14-16 മൃദുകിരണങ്ങളും കാണപ്പെടുന്നു. ഗുദചിറകിൽ 12 മുള്ളുകളും 11-12 മൃദുകിരണങ്ങളും കാണപ്പെടുന്നു. വാൽചിറക് 16 പ്രബലകിരണങ്ങളാൽ നിർമ്മിതമായിരിക്കുന്നു.

ശരീരത്തിന് പൊതുവെ ഇരുണ്ട പച്ചനിറമാണ്. മുകളിൽ നിന്ന് നെടുകെ ഉദരഭാഗം വരെ കറുത്ത് വീതികൂടിയ ചായ്‌വോടുകൂടിയ എട്ടു നാടകൾ ഉണ്ട്. ഇതിൽ ആദ്യത്തെ നാട ചെകിളയുടെ അടുത്തും അവസാനത്തേത് വാൽചിറകിലുമായി സ്ഥിതിചെയ്യുന്നു. ഓരോ ശല്ക്കത്തിനും നടുവിലായി പവിഴസമാനമായ വെളള കുത്തുകൾ കാണപ്പെടുന്നു. അതേസമയം, ഉദരഭാഗത്തായി ക്രമരഹിതമായ കറുത്ത ബിന്ദുക്കളും കാണപ്പെടുന്നു. മുതുചിറകും വാൽചിറകും ശ്രോണിചിറകും, ഗുദചിറകും ഇരുണ്ട ഈയ്യനിറത്തിലും അംസീയചിറക് കറുത്ത പാടത്തോടുകൂടി മഞ്ഞനിറത്തിലും കാണപ്പെടുന്നു.

സന്താന വാത്സല്യത്തിന്റെ മികച്ച മാതൃകയാണ് കരിമീനുകളുടെ കുടുംബജീവിതം. മാതൃപിതൃസംരക്ഷണത്തിൽ മുട്ടകളുടെയും കുഞ്ഞുങ്ങളുടെയും സംരക്ഷണം ഉൾപ്പെടുന്നു. പ്രജനനകാലത്ത് ചില മത്സ്യങ്ങൾ ജോഡികളായി തിരിഞ്ഞ് ആഴം കുറഞ്ഞ ഭാഗത്ത് അനുയോജ്യമായ സ്ഥലം മുട്ടയിടുന്നതിനായി തിരഞ്ഞെടുക്കുന്നു. മാതാവ് ബീജ

**മുട്ടയിൽ നിന്നും വിരിഞ്ഞിറങ്ങുന്ന നവജാത മത്സ്യകുഞ്ഞുങ്ങളെ തള്ള മത്സ്യം വായിലെടുത്ത് കുഴിയിലേക്ക് മാറ്റുന്നു. പിന്നീട് ദിവസം തോറും കുഴികളുണ്ടാക്കി കുഞ്ഞുങ്ങളെ അവയിലേക്ക് മാറ്റി സംരക്ഷിച്ചു കൊണ്ടിരിക്കുന്നു.**

സങ്കലനം നടന്ന മുട്ടകൾക്ക് അരികിലായി നിലകൊണ്ട് അംസീയചിറകുകളുപയോഗിച്ച് വീശിക്കൊണ്ടിരിക്കും. ആൺമത്സ്യവും പെൺമത്സ്യവും കൂടിനരികിലായി മുട്ടവിരിയുന്നതിനനുസൃതമായി സംരക്ഷണകുഴികൾ തീർക്കുന്ന പ്രക്രിയയിൽ ഏർപ്പെടുന്നു.

മുട്ടയിൽ നിന്നും വിരിഞ്ഞിറങ്ങുന്ന നവജാത മത്സ്യകുഞ്ഞുങ്ങളെ തള്ളമത്സ്യം വായിലെടുത്ത് കുഴിയിലേക്ക് മാറ്റുന്നു. പിന്നീട് ദിവസം തോറും കുഴികളുണ്ടാക്കി കുഞ്ഞുങ്ങളെ അവയിലേക്ക് മാറ്റി സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. ഏകദേശം ഒരു മാസം പ്രായമാകുന്നതുവരെ അതായത് 1.8 സെ.മീ. വളരുകയും പ്രായമായവയുടെ ശരീരഘടന ആർജ്ജിക്കുകയും ചെയ്യുന്നതുവരെ ഈ സംരക്ഷണം തുടരുന്നു.

കുഞ്ഞുങ്ങൾ 50 മി.മീറ്റർ നീളംവയ്ക്കുന്നതുവരെ അവയുടെ മുതുചിറകിൽ വാലിനോടടുത്ത് കണ്ണിന്റെ ആകൃതിയിൽ (പീലിക്കണ്ണ്) വെളളയാൽ ചുറ്റപ്പെട്ട് ഒരു കറുത്തപൊട്ടുണ്ടായിരിക്കും. ഇതിനു പുറമെ വാൽചിറകിന് തൊട്ടുമുമ്പ് ഒരു കറുത്ത പാടും കാണാവുന്നതാണ്. ഈ ദശയിൽ ബുഭുക്ഷു മത്സ്യങ്ങളിൽ നിന്നും ഉപദ്രവകാരികളായ ജീവികളിൽ നിന്നും രക്ഷനേടുന്നതിനുള്ള അനുകൂലനമായി കരുതപ്പെടുന്നു.

സസ്യാഹാര പ്രതിപത്തി, ത്വരിതഗതിയിലുള്ള വളർച്ച, മറ്റു മത്സ്യങ്ങൾക്ക് ഉപദ്രവം ചെയ്യാതെ ജീവിയ്ക്കാനുള്ളകഴിവ്, പ്രയാസമില്ലാതെ കൃഷിയിടത്തിൽ മുട്ടയിട്ടു പെരുകുന്ന സ്വഭാവം, പരിവഹനസമയത്തെ കെടുതികളെ അതിജീവിയ്ക്കുവാനുള്ള കുഞ്ഞുങ്ങളുടെ കരുത്ത്, നല്ല വിപണന സാധ്യത എന്നീ ഗുണങ്ങൾ കരിമീനിനെ ഒരു മികച്ച വളർത്തു മത്സ്യമാക്കി മാറ്റുന്നു. ഏറ്റവും കൂടിയത് 30 സെന്റിമീറ്റർ നീളവും ഒന്നര കിലോഗ്രാം തൂക്കവും കരിമീനിന് സിദ്ധിയ്ക്കും.

നാടൻ സ്വയം വർദ്ധകമത്സ്യയിനത്തിന് ഉത്തമ ഉദാഹരണമായ കരിമീൻ മലേറിയ, മന്ത്, ചിക്കൻഗുനിയ, ഡെങ്കിപ്പനി, ഗിനിപ്പുഴു രോഗം എന്നീ ജല-കൊതുക് ജന്യ മാരക രോഗ നിവാരണത്തിനുപകരിക്കുന്ന ഒരു മികച്ച കൊതുക്-കൂത്താടി നിർമ്മാർജ്ജന മത്സ്യം കൂടിയാണ്.

ശരീരത്തിന് ഒലിവ് പച്ചകലർന്ന തവിട്ടു വർണ്ണവും ശൽക്കങ്ങളിലും ചിറകുകളിലും പവിഴമണികൾ പോലുള്ള വെളളപ്പുള്ളികളുമുള്ള ഈ മത്സ്യം അലങ്കാരമത്സ്യം എന്ന നിലയിലും പ്രാധാന്യമുള്ളതാണ്.



കരിമീൻ Green chromide Photo/Ralf Britz

ജലസസ്യങ്ങളെ ആഹരിക്കുന്ന മത്സ്യങ്ങളെ ഉപയോഗിച്ച് കളസസ്യങ്ങളെ പൊതുജലാശയങ്ങളിൽ നിന്നും മത്സ്യകുളങ്ങളിൽ നിന്നും നിർമ്മാർജ്ജനം ചെയ്യുന്ന ജൈവീക മാർഗ്ഗരീതിയിൽ വളരെ നന്നായി ഉപയോഗിക്കാവുന്ന മത്സ്യയിനമാണ് കരിമീൻ.

കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽ നിന്നുള്ള ആകെ മത്സ്യോല്പാദനത്തിന്റെ 4.16% കരിമീനാണെന്ന് കേരള ഗവൺമെന്റിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. 2010-2011 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ ജലാശയങ്ങളിൽ നിന്ന് 4858 മെട്രിക്ക് ടൺ കരിമീൻ ഉത്പാദിപ്പിക്കപ്പെട്ടു. കരിമീൻ കൃഷി മേഖല നിരവധിപേർക്ക് തൊഴിലവസരവും ഉപജീവനമാർഗ്ഗവും സൃഷ്ടിക്കുന്നു.

കേരള സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതവുമായി അഭേദ്യബന്ധമുള്ളതും ഭക്ഷ്യസംബന്ധമായി വളരെ പ്രാധാന്യമുള്ളതുമായ ഈ മത്സ്യത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ 2010-ലെ കേരളപ്പിറവി ദിനത്തിൽ കരിമീനിനെ നമ്മുടെ സംസ്ഥാനമത്സ്യമായി പ്രഖ്യാപിക്കുകയും '2011 വർഷം' കരിമീൻ വർഷമായി ആചരിക്കുകയും ചെയ്തു.

പ്രകൃതി-പ്രകൃതിവിഭവ സംരക്ഷണ രംഗത്തെ പ്രധാനപ്പെട്ട അന്താരാഷ്ട്ര സംഘടനയായ

**ശരീരത്തിന് ഒലിവ് പച്ചകലർന്ന തവിട്ടുവർണ്ണവും ശൽക്കങ്ങളിലും ചിറകുകളിലും പവിഴമണികൾ പോലുള്ള വെള്ളപ്പുള്ളികളുമുള്ള ഈ മത്സ്യം അലങ്കാരമത്സ്യം എന്ന നിലയിലും പ്രാധാന്യമുള്ളതാണ്.**

ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ (IUCN) പുറത്തിറക്കിയ റെഡ് ഡാറ്റാ ബുക്ക് പ്രകാരം കരിമീനിന്റെ സംരക്ഷണപദവി Least concern (അല്പപരിഗണനനാർഹമായ വിഭാഗം) എന്നാണ്. ഇതിനർത്ഥം കരിമീനിന് യാതൊരുവിധ വംശനാശഭീഷണിയും ഇല്ലെന്നല്ല. ഇവ 'വംശനാശഭീഷണി നേരിടുന്നവ' (Threatened Category) എന്ന വിഭാഗത്തിൽപെടാതിരുന്നത് വൈവിധ്യമാർന്ന ആവാസവ്യവസ്ഥകളിലെ നിലവിലെ ലഭ്യതകൊണ്ടും പ്രജനന സവിശേഷതകൾകൊണ്ടും മറ്റ് അനുകൂല ജീവന സവിശേഷതകളാലുമാണ്. എന്നാൽ, കരിമീനിന്റെ സ്വാഭാവിക ആവാസവ്യവസ്ഥകളായിട്ടുള്ള ജലസ്രോതസ്സുകളിന്മേലുള്ള കയ്യേറ്റം, നിയമവിരുദ്ധവും അശാസ്ത്രീയവുമായ മത്സ്യബന്ധനരീതികൾ, അമിതചൂഷണം, വർദ്ധിച്ചുവരുന്ന ഗാർഹിക-വ്യാവസായിക മലിനീകരണം, സ്വാഭാവിക പ്രജനനകേന്ദ്രങ്ങളായ കണ്ടൽകാടുകളുടെ നശീകരണം, മണൽവാരൽ മുതലായ ഭീഷണികൾ ഇവയുടെ സംരക്ഷണ പദവിക്ക് കോട്ടം തട്ടിച്ചേക്കാവുന്ന ഘടകങ്ങളാണ്. ●

# യാക്കും കാട്ടെരുമയും

ഡോ. പി.ഒ. നമീർ

കാട്ടുപോത്തിനെ കൂടാതെ ഇന്ത്യയിൽ കാണുന്ന പശുകുടുംബത്തിലെ മറ്റു രണ്ടിനം അംഗങ്ങളെയാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്. ഇവ രണ്ടുംതന്നെ വടക്കേ ഇന്ത്യയിലാണ് കാണപ്പെടുന്നത്.

## യാക്ക്

ഹിമാലയ സാനുക്കളിലെ 4000-6100 മീറ്റർ വരെ ഉയരമുള്ള ശൈത്യ മരുഭൂമിയിൽ കാണപ്പെടുന്ന പശുകുടുംബത്തിലെ ഒരു വന്യജീവിയാണ് യാക്ക് (Yak). ഇതിന്റെ ശരീരമാസകലം രോമാവൃതമാണ്. കുതിരയുടേതുപോലെ കട്ടിയുള്ള നീണ്ട വാലുണ്ട്. വാലടക്കം, ശരീരമാസകലം കറുപ്പുകലർന്ന തവിട്ടു നിറമാണ്. ജമ്മുകാശ്മീരിലെ ലഡാക്ക് മേഖലയിലാണ് ഇവ കാണപ്പെടുന്നത്. യാക്കിന്റെ ഒരിനത്തെ ഇണക്കി വളർത്തുമൃഗമായി ഹിമാലയത്തിൽ ഉപയോഗിച്ചു വരുന്നു. സിക്കിമിലും അരുണാചൽ പ്രദേശിലും മറ്റും കുന്നിൻപുറങ്ങളിലേക്ക് ഭാരം ചുമക്കുന്നതിനായി വളർത്തുയാക്കുകളെയാണ് ഉപയോഗിക്കുന്നത്. അത്യധികം വംശനാശ ഭീഷണി നേരിടുന്ന യാക്കുകൾ ഐ.യു.സി.എന്നിന്റെ ചുവപ്പുപട്ടികയിൽ 'Vulnerable' എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## കാട്ടെരുമ

മദ്ധ്യേന്ത്യയിലും, വടക്കുകിഴക്കൻ ഇന്ത്യയിലുമാണ് കാട്ടെരുമകളെ (Wild Buffalo) കാണുന്നത്. മദ്ധ്യേന്ത്യയിൽ ഛത്തീസ്ഗഢിലെ ഇന്ദ്രാവതി, ഭൈരംഗഢ്, ഉഡന്തി, പാമേർ എന്നീ വന്യജീവി സാങ്കേതങ്ങളിലും, ഒറീസ്സയിലെ കോരാപ്പൂട് ജില്ലയിലും ഇവയെ ക്കാണാം. വടക്കു-കിഴക്കൻ ഇന്ത്യയിൽ കാസിരംഗ, മാനസ്, Dibru-Saikowa, Laokhawa, Burra Saporri എന്നിവിടങ്ങളിലും കാണപ്പെടുന്നു. ഇന്ത്യക്കു പുറത്ത് നേപ്പാൾ, മ്യാൻമാർ, തായലന്റ്, കമ്പോഡിയ എന്നിവിടങ്ങളിലും ശ്രീലങ്കയിലും ഇവയെ കാണാം. ചതുപ്പു നിറഞ്ഞ ഉയർന്ന പുൽമേടുകളാണ് ഇവയുടെ പ്രിയങ്കരമായ ആവാസവ്യവസ്ഥ. ചതുപ്പിൽ പൂണ്ട് കിടക്കുന്ന സ്വഭാവമുള്ളവയാണിവ. പുല്ലാണ് പ്രധാനമായും ഭക്ഷിക്കുന്നതെങ്കിലും, ചതുപ്പു പ്രദേശങ്ങളിൽ കാണുന്ന മറ്റുസസ്യങ്ങളും ഇവ ഭക്ഷിക്കാറുണ്ട്. ഇവയുടെ ആവാസവ്യവസ്ഥക്കു സമീപപ്രദേശങ്ങളിലുള്ള നെൽകൃഷിയിടങ്ങളിലും, കരിമ്പിൻതോട്ടങ്ങളിലും ഇവ ഭക്ഷണംതേടി എത്താറുണ്ട്.

കറുപ്പു കലർന്ന ചാരനിറമാണിവയ്ക്ക്. ഇവയുടെ കാലിന്റെ മുട്ടിനു താഴെ മങ്ങിയ വെളുത്ത നിറമാണ്. വളരെ വലിയ കൊമ്പുകളാണിവയുടേത്. രണ്ടുതരത്തിലുള്ള കൊമ്പുകൾ കാണാറുണ്ട്. ഒരിനം അർദ്ധവൃത്താകൃതിയിൽ വശങ്ങളിലേക്ക് വളർന്നവയാണ്, മറ്റിനം കൊമ്പ് മുകളിലേക്ക് ഉയർന്ന് അകത്തേക്ക് വളഞ്ഞിരിക്കുന്നതുമാണ്. കാട്ടെരുമകളെ നാട്ടെരുമകളിൽ നിന്നും തിരിച്ചറിയുവാൻ സഹായിക്കുന്ന സവിശേഷതകളാണ് വലിയ കൊമ്പുകൾ, വലിയ കാൽചുവട് കൂടാതെ വളവില്ലാത്ത നേർരേഖയിലുള്ള പുറംഭാഗം എന്നിവ.

അത്യധികം വംശനാശഭീഷണി നേരിടുന്ന കാട്ടെരുമകൾ ഐ.യു.സി.എന്നിന്റെ ചുവപ്പുപട്ടികയിൽ 'Endangered' എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ●

യാക്ക് (Yak) Photos/ Praveen P Mohandas





കാട്ടെരുമ (Wild Buffalo)





കാട്ടുപൂവരശ് (Rhododendron) Photos/ N A Naseer

# കാട്ടുപൂവരശ്

**ആർ. വിനോദ്കുമാർ**

ഇന്ത്യയിലെ ദേശജാതി വൃക്ഷങ്ങളിൽ ഒന്നാണ് കാട്ടുപൂവരശ് (Rhododendron, *Rhododendron arboreum J.E. Smith.*). ഒരു കാലത്ത് ഇന്ത്യയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഈ മരം ഇപ്പോൾ നേപ്പാൾ, ശ്രീലങ്ക, മ്യാൻമാർ, ചൈന എന്നിവിടങ്ങളിലും കാണപ്പെടുന്നതായി സൂചനകളുണ്ട്. ഇന്ത്യയിൽ നിന്ന് ബ്രിട്ടീഷുകാരാണ് ഇത് പുറത്തു കൊണ്ടു പോയതെന്ന് കരുതുന്നു. വെള്ളക്കാരുടെ ഹൃദയം കവർന്ന ഒരു പൂമരമാണിത്. ഇന്ത്യയിൽ കാശ്മീർ മുതൽ നാഗാലാന്റ് വരെയുള്ള ഹിമാലയ മേഖലകളിലും പശ്ചിമഘട്ടം ഉൾപ്പെടെയുള്ള ജൈവവൈവിധ്യമേഖലകളിലും വളരുന്നു. നാഗാലാൻഡ്, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിലെ സംസ്ഥാനപുഷ്പവും ഉത്തരാഖണ്ഡ്, സിക്കിം എന്നീ സംസ്ഥാനങ്ങളുടെ ഔദ്യോഗിക വൃക്ഷവുമാണിത്.

പശ്ചിമഘട്ടത്തിന്റെ ദക്ഷിണമേഖലയിൽ വളരെ വിരളമായി ഈ മരം കാണപ്പെടുന്നുണ്ട്. കേരളത്തിലെ സൈലന്റ് വാലി, ആനമുടിചോല, മതികെട്ടാൻ ചോല, പാമ്പാടുംചോല എന്നീ ദേശീയോദ്യാനങ്ങളിൽ ഈമരം കത്തെിയിട്ടുണ്ട്. കടുത്ത വംശനാശത്തിന്റെ വക്കിലെത്തി നില്ക്കുന്ന ഇതിന്റെ പുഷ്പം നേപ്പാളിന്റെ ദേശീയ പുഷ്പമാണ്. വൃക്ഷം പോലെ വളരുന്നത് എന്നാണ് ജീനസ് നാമം കൊണ്ട് ഉദ്ദേശിക്കുന്നത്.

ജൈവവാംശ സമ്പന്നമായ, നീർവാർച്ചയുള്ള, നനവാർന്ന മണ്ണാണ് ഈ മരത്തിന്റെ വളർച്ചയ്ക്ക് അനുയോജ്യം. അമ്ലതയുള്ള മണ്ണിൽ നന്നായി വളരും. കഠിനമായ ചൂട് താങ്ങാൻ സാധിക്കാത്ത ഇത് തണലിലും നന്നായി വളരും. നിത്യഹരിതവൃക്ഷമായ കാട്ടുപൂവരശിന്റെ ഇലകൾ ലഘുവാണ്. 7-19 സെ.മീറ്ററോളം നീളമുള്ള ഇലകൾക്ക് ഇരു പച്ച നിറമാണ്. വീതിയുള്ള ഇലകൾക്ക് ആയതാകാരം. ഏകാന്തരമായി വിന്യസിച്ചിരിക്കുന്ന ഇവയുടെ അരികുകൾ അഖണ്ഡമാണ്. മുകൾഭാഗം അരോമിലമാണെങ്കിലും അടിഭാഗം വെള്ളി നിറത്തിലോ തവിട്ടു നിറത്തിലോ ഉള്ള രോമങ്ങളാലാവൃതമായിരിക്കും.

**പൂക്കളിലെ തേനിൽ നിന്നുണ്ടാക്കുന്ന വൈൻ വയറുകടി, വയറിളക്കം എന്നിവയ്ക്കു ഫലപ്രദമായ ഔഷധമാണ്. മീൻമുള്ള് തൊണ്ടയിൽ കുടുങ്ങിയാൽ ഇതിന്റെ പൂവിതളുകൾ നൽകുന്നത് ആശ്വാസം നല്കാറുണ്ട്.**

പൂക്കാലം ആരംഭിക്കുന്നത് ജനുവരി മാസത്തിലാണ്. ഇത് രണ്ടു മാസത്തോളം തുടരാറുണ്ട്. പൂക്കൾ കുലകളായി കാണപ്പെടുന്നു. ചില്ലകളുടെ അഗ്രങ്ങളിലാണ് പൂങ്കുലകളുണ്ടാകുന്നത്. കടും ചുവപ്പു നിറമാണ് പൂക്കൾക്ക്. രക്തവർണ്ണമെന്ന് വിശേഷിപ്പിക്കാം. കുടമണിയുടെ ആകൃതിയുള്ള ഇവ 15-20 എണ്ണം ചേർന്ന് ഇടതിങ്ങിയ കൂട്ടമായിട്ടാണ് ഉണ്ടാകുന്നത്. അഞ്ചു സെ.മീ വ്യാസവും അത്ര തന്നെ നീളവുമുണ്ടാകും. ദ്വിലിംഗപുഷ്പങ്ങളാണ്. ബാഹ്യദളങ്ങളും ദളങ്ങളും അഞ്ചു വീതം കാണും. പത്തു സ്വതന്ത്രകേസരങ്ങൾ. ഊർധ്വവർത്തിയായ അണ്ഡാശയം. ധാരാളം ബീജാണ്ഡങ്ങളുണ്ടാവും. ഫലം ദീർഘായതാകാരമുള്ള ക്യാപ്സ്യൂളായിരിക്കും. ഇതിന് പച്ചനിറം. കട്ടിയുള്ള ഫലകഞ്ചുകമുള്ള ഇതിനുള്ളിൽ ധാരാളം വിത്തുകളുണ്ടാവും. വിത്തിന് ജീവനക്ഷമത കുറവായതിനാൽ സ്വാഭാവിക പുനരുത്ഭവം വിരളമായിട്ടാണ് നടക്കുന്നത്.

ഇതിന്റെ തടിയ്ക്ക് വെള്ളയും കാതലുമുണ്ട്. കാതലിന് മിതമായ ഈടും ബലവുമുണ്ട്. നേപ്പാൾ സ്വദേശികളായ ഗൂർഖകൾ ഉപയോഗിക്കുന്ന 'ഖുക്രി' എന്ന ആയുധത്തിന്റെ പിടി, പെട്ടികൾ എന്നിവ നിർമ്മിക്കാൻ ഇത് ഉപയോഗിക്കുന്നു. കൊല്ലൻമാരുടെ ആലയിൽ ഉപയോഗിക്കാൻ വേണ്ടി കരി തടിയിൽ നിന്നുണ്ടാക്കാറുണ്ട്. വിറകായും കാട്ടുപൂവരശിൻ തടി ഉപയോഗിക്കുന്നു.

എല്ലാത്തിനും ഉപരിയായി ഇതൊരു മികച്ച കാട്ടുപൂവാണ്. കാട്ടിൽ ഈ മരം പൂത്തുനില്ക്കുന്ന കാഴ്ച മാനത്ത് മാരിവില്ല് കാണുന്ന പോലെ ഏറ്റവും മനോഹരമാണ്. പൂക്കളിലെ തേനിൽ നിന്നുണ്ടാക്കുന്ന വൈൻ വയറുകടി, വയറിളക്കം എന്നിവയ്ക്കു ഫലപ്രദമായ ഔഷധമാണ്. മീൻമുള്ള് തൊണ്ടയിൽ കുടുങ്ങിയാൽ ഇതിന്റെ പൂവിതളുകൾ നൽകുന്നത് ആശ്വാസം നല്കാറുണ്ട്. ജലദോഷം കുറയ്ക്കാൻ പട്ടയിൽനിന്നുണ്ടാക്കുന്ന മൂക്കിപ്പൊടി ഉത്തമമാണ്. തളിരിലകൾ അരച്ചുണ്ടാക്കുന്ന കുഴമ്പ് നെറ്റിയിൽ പുരട്ടുന്നത് തലവേദനയ്ക്കു ആശ്വാസം നൽകും. ●

# തേളിയൻ പാമ്പ്

ഡോ. മുഹമ്മദ് ജാഫർ പാലോട്ട്

നാട്ടിൻപുറങ്ങളിൽ സാധാരണയായി കാണുന്ന ഒരിനം പാമ്പാണിത്. മുക്കാൽ മീറ്ററോളം നീളത്തിൽ വളരുന്ന തവിട്ടു നിറത്തിലുള്ള ഈ പാമ്പിന്റെ ശരീരത്തിന്റെ നാലിലൊരുഭാഗം വരുന്ന ഇളം മഞ്ഞ കലർന്ന വെളുത്ത നിറത്തിലുള്ള പാർശ്വവരകൾ ഇവയെ വേഗം തിരിച്ചറിയാൻ സഹായിക്കുന്നു. തീരെ ഉപദ്രവകാരിയല്ലാത്ത ഈ പാമ്പിനെ സമതല പ്രദേശങ്ങളിലാണ് സാധാരണയായി കാണുന്നത്. മഴക്കാലത്ത് ഇവ ചെറുകൂട്ടങ്ങളായി സഞ്ചരിക്കാറുണ്ട്. ഈ ഇനത്തിൽപ്പെട്ട ഒരു പാമ്പിനെ കൊന്നാൽ പത്തെണ്ണമെങ്കിലും ഒന്നിനുപിറകെ ഒന്നായി എത്തുമെന്ന അന്ധവിശ്വാസം നാട്ടിൻപുറങ്ങളിലുണ്ട്. അതുകൊണ്ട് ഇവയ്ക്ക് 'പടകൂട്ടി' എന്നൊരു പേരുമുണ്ട്. തെയ്യൻ പാമ്പ്, ദൈവത്താൻ കുട്ടി, പുൽപാമ്പ് എന്നിങ്ങനെയും ഇവയെ വിളിക്കാറുണ്ട്. ഇംഗ്ലീഷിൽ Striped Keelback *(Amphiesma stolatum)* എന്നാണറിയപ്പെടുന്നത്.

ശല്യപ്പെടുത്തിയാൽ ഇവ മൂർഖൻ പാമ്പിനെ പോലെ കഴുത്തിന്റെ ഭാഗം ഒട്ടൊന്നുവീർപ്പിച്ച് കാണിക്കാറുണ്ട്. ഇങ്ങനെ കഴുത്ത് വികസിപ്പിക്കുമ്പോൾ ശല്ക്കങ്ങൾക്കിടയിൽ ചുവപ്പ് കലർന്ന നീലനിറങ്ങൾ കാണാറുണ്ട്. മൂർഖന്റെ കുട്ടികളാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ ഈ കൊച്ചു വിരുതന് പ്രത്യേക കഴിവുണ്ട്. പകൽ സമയത്താണ് ഇരതേടാനിറങ്ങുന്നത്. നെൽവയലുകൾ, കുന്നിൻപുറങ്ങൾ, പുൽമേടുകൾ,

**മൂർഖന്റെ കുട്ടികളാണെന്ന് തെറ്റിദ്ധരിപ്പിക്കാൻ ഈ കൊച്ചു വിരുതന് പ്രത്യേക കഴിവുണ്ട്. പകൽ സമയത്താണ് ഇര തേടാനിറങ്ങുന്നത്.**

പൂന്തോട്ടങ്ങൾ, കുളത്തിനും തോടുകൾക്കിടയിലുമുള്ള കുറ്റിക്കാടുകൾ എന്നിവിടങ്ങളിലൊക്കെ ഈ പാമ്പിനെ കാണാം. കഴിഞ്ഞ 15 വർഷമായി മാടായിപ്പാറയിൽ നടത്തുന്ന മഴ ക്യാമ്പിൽ ക്യാമ്പംഗങ്ങൾ സ്ഥിരമായി കാണുന്ന ഒരു പാമ്പിനമാണ് തേളിയൻ. തവളകളാണ് പ്രധാന ഭക്ഷണം. പല്ലി, ഓന്ത്, അരണ, മത്സ്യങ്ങൾ എന്നിവയും ഇവയുടെ ആഹാരപട്ടികയിൽ ഇടം കണ്ടെത്തിയിട്ടുണ്ട്. മഴക്കാലത്താണ് പ്രജനനം. 5-15 മുട്ടകൾ വരെയിടാറുണ്ട്. പെൺപാമ്പുകൾ ഒരു മാസക്കാലത്തോളം അടയിരിക്കാറുണ്ട്. മുട്ടവിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾക്ക് ഒൻപതു സെ.മീ. വരെ നീളം കാണും. കുഞ്ഞുങ്ങൾ പ്രാണികൾ, ചെറു തവളകൾ, വാൽമാക്രികൾ എന്നിവയാണ് ഭക്ഷിക്കുന്നത്. ഏഷ്യയിലെ ഒട്ടുമിക്ക രാജ്യങ്ങളിലും തേളിയൻ പാമ്പുണ്ട്. ഇവയുടെ രണ്ട് നിറഭേദങ്ങൾ നമ്മുടെ ഇന്ത്യയിലുണ്ട്. കൂടുതൽ ചുവപ്പ് കലർന്നനീല നിറത്തിലുള്ള erythrostictus varitey യാണ് നമ്മുടെ നാട്ടിൽ കൂടുതലായും കാണുന്നത്.

ഇവയുടെ അടുത്ത രണ്ടു ബന്ധുക്കൾ പശ്ചിമഘട്ട മലനിരകളിലെ എൻഡമിക് ഇനങ്ങളാണ്. കാട്ടു നീർക്കോലി (Beddome's Keelback, *Amphiesma beddomei*) എന്നയിനം നമ്മുടെ കാടുകളിലെ അരുവികൾക്കടുത്ത് കഴിയാനിഷ്ടപ്പെടുന്നവയാണ്. ചൊറിയൻ തവളകളാണ് ഈ പാമ്പിന്റെ പ്രധാനഭക്ഷണം. തവിട്ടുനിറത്തിലുള്ള പാമ്പിന്റെ കണ്ണിനു പുറകിലായുള്ള കറുത്തപട്ട തിരിച്ചറിയാൻ സഹായിക്കുന്നു. മറ്റൊരു ബന്ധുവായ മലനീർക്കോലി (Hill Keelback, *Amphiesma monticola*) ഗോവയ്ക്ക് തെക്കുള്ള പശ്ചിമഘട്ടമലനിരകളിലാണ് കണ്ടുവരുന്നത്. കാട്ടുനീർക്കോലിയോട് ഏറെ സാദൃശ്യമുള്ള ഈ പാമ്പിനെ തിരിച്ചറിയുന്നത് തലയിലും കണ്ണിനടുത്തുമുള്ള വെളുത്ത അടയാളങ്ങൾ നോക്കിയാണ്. ●

തേളിയൻ പാമ്പ് (Striped Keelback) Photo/Sudhir Sawant





വിറവാലൻ (Tailed Jay)
Photo/Koodu Magazine

# വിറവാലൻ

**ബൈജു പാലുവള്ളി**

കിളിവാലൻ ശലഭങ്ങൾ (Papilionidae) എന്ന ചിത്രശലഭ കുടുംബത്തിലെ ഒരു അംഗമാണ് വിറവാലൻ ശലഭങ്ങൾ. എപ്പോഴും ചിറകുകൾ വിറപ്പിച്ചുകൊണ്ട് വേഗത്തിൽ പറന്നു നടക്കുന്ന ഈ ശലഭത്തിന് വിറവാലൻ (Tailed Jay) എന്ന പേര് അന്വർത്ഥമാണ്. നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും കാടുകളിലും ഇവയെ കാണാം. അതിവേഗം പറന്നു നടക്കുമ്പോൾ ഇവയുടെ നിറം തിരിച്ചറിയുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതിരാവിലെ ഇവ ഇലയുടെ ഉപരിതലത്തിൽ ചിറകുകൾ വിടർത്തി വെയിൽ കായാനിരിക്കുമ്പോൾ നിറങ്ങൾ വ്യക്തമായി കാണാൻ സാധിക്കും. പൂന്തോട്ടങ്ങളിലെ സ്ഥിരം സന്ദർശകരാണ് ഇവർ. വിറവാലൻ ശലഭങ്ങളുടെ കറുപ്പുനിറം കലർന്ന ഇരുണ്ട തവിട്ടുനിറത്തിലുള്ള ചിറകുകളിൽ തിളങ്ങുന്ന ഇളം പച്ച നിറത്തിൽ പൊട്ടുകളും വരകളുമുണ്ട്. ചിറകിന്റെ അടിഭാഗം മങ്ങിയ തവിട്ടും, ഇളം പച്ചയും കലർന്ന നിറത്തിൽ കറുപ്പ്, ചുവപ്പ്, പച്ച എന്നീ നിറങ്ങളിലുള്ള പൊട്ടുകൾ കാണാം. രണ്ട് പിൻചിറകുകളിലും വാലുണ്ട്. പെൺശലഭങ്ങളുടെ പിൻചിറകിലുള്ള വാലിന് താരതമ്യേന നീളം കൂടുതലായിരിക്കും. ഇവയുടെ ചിറകളവ് 85-100 മില്ലീമീറ്ററാണ്. ഇവ പൂക്കളിൽ ഇരുന്ന് തേൻ കുടിക്കാറില്ല. വായുവിൽ ചിറകടിച്ച് നിന്നുകൊണ്ടാണ് ഇവ തേൻ കുടിക്കുന്നത്.

അരണമരം, ചെമ്പകം, സീതപ്പഴം, അത്തിമരം, വഴന, മുള്ളാത്ത എന്നിവയാണ് വിറവാലന്റെ പ്രധാന ആഹാരസസ്യങ്ങൾ. ഇലയുടെ അടിയിലും തണ്ടിലും വെള്ളനിറത്തിലുള്ള ഉരുണ്ട മുട്ട ഇടുന്നു. ദിവസം കഴിയുന്തോറും മുട്ടയുടെ നിറത്തിന് വ്യത്യാസം ഉണ്ടാകുന്നു രണ്ടുദിവസം കഴിയുമ്പോൾ ഇളം മഞ്ഞനിറത്തിലും വിരിയാറാകുമ്പോൾ ഇരുണ്ട തവിട്ടു നിറത്തിലുമായിത്തീരുന്നു. മുട്ടവിരിഞ്ഞ് പുറത്തുവരുന്ന ശലഭപ്പുഴുവിന് ആദ്യഘട്ടത്തിൽ ഇരുണ്ട തവിട്ടുനിറമായിരിക്കും. മുതുകിൽ മഞ്ഞ കലർന്ന വെള്ള നിറത്തിലുള്ള ഒരു അടയാളം കാണാം. തലയുടെ ഭാഗത്ത് വണ്ണം കൂടിയും പിന്നിലേക്ക് പോകുന്തോറും വണ്ണം കുറഞ്ഞും കാണാം. ശത്രുസാന്നിദ്ധ്യമുണ്ടായാൽ തലയുടെ മുകൾ ഭാഗത്തുനിന്ന് പെട്ടെന്ന് പുറത്തേക്ക് നീട്ടാവുന്ന ഇളം പച്ചനിറത്തിലുള്ള രണ്ട് കൊമ്പുകൾ (Osmaterium) ഉണ്ട്. ആദ്യഘട്ടത്തിൽ ഇരുണ്ട തവിട്ടുനിറത്തിലുള്ള ലാർവകൾ ദിവസങ്ങൾക്കുള്ളിൽ ഇളം പച്ച നിറമായി മാറുന്നു.

**പ്യൂപ്പകൾ സാധാരണ ഇളം പച്ചനിറത്തിലുള്ളവ ആയിരിക്കും. എന്നാൽ ചിലപ്പോൾ ഇളം മഞ്ഞനിറത്തിലും കാണപ്പെടുന്നുണ്ട്. പ്യൂപ്പയുടെ മധ്യഭാഗം നേർത്ത ഒരു നാരുകൊണ്ട് ഇലയുമായോ തണ്ടുമായോ ബന്ധിപ്പിച്ചിരിക്കും.**

പ്യൂപ്പകൾ സാധാരണ ഇളം പച്ചനിറത്തിലുള്ളവ ആയിരിക്കും. എന്നാൽ ചിലപ്പോൾ ഇളം മഞ്ഞനിറത്തിലും കാണപ്പെടുന്നുണ്ട്. പ്യൂപ്പയുടെ മധ്യഭാഗം നേർത്ത ഒരു നാരുകൊണ്ട് ഇലയുമായോ തണ്ടുമായോ ബന്ധിപ്പിച്ചിരിക്കും. തണ്ടിലോ ഇലയിലോ ചെറുതായൊന്നു തട്ടിയാൽ പ്യൂപ്പ പിടയുകയും പുളയുകയും ചെയ്യുന്നതുകാണാം. ശത്രുക്കളിൽനിന്നും രക്ഷ നേടാനുള്ള ഒരു ഉപായമാണിത്. രണ്ടാഴ്ചയാകുമ്പോൾ പ്യൂപ്പ പൊട്ടി ശലഭം പുറത്തേക്ക് വരുന്നു. ചിലപ്പോൾ രണ്ടാഴ്ച എന്നത് മാസങ്ങളോളം നീണ്ടുപോകുന്നതായും നിരീക്ഷിച്ചിട്ടുണ്ട്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലും തെക്കു കിഴക്കൻ ഏഷ്യയിലും വിറവാലൻ ശലഭങ്ങൾ ധാരാളമായി കണ്ടുവരുന്നു. ●

ഇവിടെ ഇങ്ങനെ ഒരാൾ നമ്മുടെയിടയിൽ ജീവിച്ചിരിക്കുന്നുണ്ട്. പലപ്പോഴും വേണ്ടരീതിയിൽ തിരിച്ചറിയപ്പെടാത്ത ഒരാൾ. അവരെ തെരഞ്ഞുകണ്ടെത്തുകയാണ് കൂട്. പ്രകൃതിയ്ക്കും സമൂഹത്തിനും തന്റേതായ സംഭാവനകൾ നൽകിയവർ, പലപ്പോഴും നിശ്ശബ്ദരായി. നിങ്ങൾക്കും പലപ്പോഴും നിങ്ങളുടെ ചുറ്റുമുള്ള ചില സവിശേഷവ്യക്തിത്വങ്ങളെ മറ്റുള്ളവരുടെ മുന്നിൽ പരിചയപ്പെടുത്തണമെന്ന് തോന്നിയേക്കാം. അങ്ങനെയുള്ളവരെക്കുറിച്ചുള്ള വിവരങ്ങൾ ഞങ്ങളെ അറിയിക്കുക.

കൂട് മാസിക, കൊരട്ടി പി.ഒ. തൃശ്ശൂർ 680308 ☎ 9495504602 ✉ koodumasika@gmail.com f facebook.com/KooduMagazine


പ്രേംകുമാർ, മൂഴിക്കുളംശാല

Photo/Koodu Magazine

# ബദൽജീവിതത്തിന്റെ പർണ്ണശാല

എറണാകുളം ജില്ലയിൽ പാറക്കടവിനടുത്താണ് മൂഴിക്കുളം എന്ന ഗ്രാമം. അവിടെയാണ് പ്രേംകുമാർ മൂഴിക്കുളംശാല സ്ഥാപിച്ചിരിക്കുന്നത്. പ്രേംകുമാർ എന്നുമാത്രം പറഞ്ഞാൽ അതു പൂർണ്ണമാവില്ല, അദ്ദേഹത്തിന്റെ പേരിനൊപ്പം മൂഴിക്കുളം ശാല എന്നു ചേർക്കുമ്പോഴാണ് ഒരു ബദൽജീവിതത്തിന്റെ സാദ്ധ്യതകൾ ലോകത്തിനു മുന്നിൽ തുറന്നിട്ട വ്യക്തിയും സ്ഥാപനവും ഒന്നാവുന്നത്. രണ്ടരയേക്കറോളം സ്ഥലത്ത് ഒരു പരിസ്ഥിതിസൗഹൃദ ജീവിതം, ഒപ്പം ഒരു ഗ്രാമീണ സർവ്വകലാശാല എന്ന ആശയവും. ഇരുപത്തിരണ്ടോളം നാലുകെട്ടുകളും ഇരുപത്തൊമ്പതോളം ഒറ്റമുറിവീടുകളുമുള്ള ഒരു പാർപ്പിട സമുച്ചയം. മറ്റൊരു ലോകം അല്ലെങ്കിൽ മറ്റൊരു ജീവിതം സാദ്ധ്യമാണ് എന്ന് ലോകത്തിന്റെ മുമ്പിൽ ഉറക്കെ പ്രഖ്യാപിക്കുന്ന ഒരു കേന്ദ്രമാണ് മൂഴിക്കുളംശാലയുടെ ഈ ആസ്ഥാനം.

മതിലുകളില്ലാത്ത, രാസവളങ്ങളും കീടനാശിനികളും പ്രവേശിപ്പിക്കാൻ പാടില്ലാത്ത, ടാറിങ്ങ് ചെയ്യാത്ത, തേയ്ക്കാത്ത, അഞ്ചു സെന്റിൽ പണിയാവുന്ന ഏറ്റവും വലിയ നാലുകെട്ടും ഒരു സെന്റിൽ പണിയാവുന്ന ഒറ്റമുറിവീടുകളുമൊക്കെയുള്ള ചാലക്കുടിപ്പുഴയുടെ തീരത്തുള്ള നിശ്ശബ്ദമായൊരിടം. അതുപോലെ ബദൽ വിദ്യാഭ്യാസത്തിനുള്ള ഒരു സാദ്ധ്യത, ഒരു പ്രകൃതി സ്കൂൾ എന്ന ആശയവും (ഒരു സ്വാഭാവിക പഠനകേന്ദ്രം) നടപ്പിലാക്കാനായി മനസ്സിലുണ്ട്. അതുകൊണ്ടുതന്നെ കുട്ടികളെ കേന്ദ്രീകരിച്ചുള്ള ക്യാമ്പുകൾ പലപ്പോഴും ഇവിടെ നടത്താറുണ്ട്. കൂടാതെ പരിസ്ഥിതിസൗഹൃദവീടുകളുടെ പ്രചരണം. നാട്ടറിവുകൾ. പ്രകൃതി കൃഷിയുമായി ബന്ധപ്പെട്ടിട്ടുള്ള ചെറുപ്രവർത്തനങ്ങൾ.

1200 വർഷങ്ങൾക്കു മുൻപ് കുലശേഖരൻ സ്ഥാപിച്ച ചേരസാമ്രാജ്യവുമായി ബന്ധപ്പെട്ട ഒന്നാണ് മൂഴിക്കുളം ശാല. ആ സാമ്രാജ്യത്തിൽ സർവ്വകലാശാല പോലെ പ്രവർത്തിച്ചിരുന്ന വലിയ നാലു വിദ്യാഭ്യാസകേന്ദ്രങ്ങളുണ്ടായിരുന്നു. അതിലൊന്നാണ് മൂഴിക്കുളം ശാല. അക്കാലത്ത് കേരളത്തിലെ ഗ്രാമങ്ങളിൽ ഏറ്റവും ഔന്നത്യത്തിൽ നിന്നിരുന്നത് മൂഴിക്കുളം ഗ്രാമമാണത്രേ.

എറണാകുളത്ത് ഡിസി ബുക്സിൽ ജോലി ചെയ്യുമ്പോൾതന്നെ പ്രേമൻ, മൂഴിക്കുളംശാല എന്ന ആശയത്തിലേക്ക് മനസ്സുകൊണ്ട് അടുത്തുകഴിഞ്ഞിരുന്നു. പരിസ്ഥിതിയും പൈതൃകവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മ എന്ന നിലയിൽ തുടങ്ങിയതാണിത്. സംഗീതം, സാഹിത്യം, ബദൽ വിദ്യാഭ്യാസം ഇവയെല്ലാം ഒരുമിപ്പിച്ച് സമഗ്രമായൊരു കാഴ്ചപ്പാടിൽ ജീവിതത്തെ, സമൂഹത്തെ അല്ലെങ്കിൽ പ്രപഞ്ചത്തെ നോക്കിക്കാണുക എന്നുള്ള അടിസ്ഥാനത്തിലാണ് മൂഴിക്കുളം ശാലയുടെ തുടക്കം. അവിടെ വെച്ചുതന്നെ 'ഞാറ്റുവേല' എന്ന പേരിൽ മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഒരു മഴക്കാല ക്യാമ്പ് എല്ലാ വർഷവും നടത്താറുണ്ടായിരുന്നു. മഴയും സാഹിത്യവും സംഗീതവും കൃഷിയും സംസ്കൃതിയും എല്ലാം ബന്ധപ്പെടുത്തിയിട്ടുള്ള ഒരു ഉത്സവം തന്നെയായിരുന്നു അത്. ഇപ്പോഴും ഞാറ്റുവേല എന്നുകേൾക്കുമ്പോൾ ത്തന്നെ മൂഴിക്കുളംശാലയെക്കുറിച്ച് ഓർക്കുന്നവരുണ്ട്. ഒരു ഞാറ്റുവേല കലണ്ടർ ആദ്യം രൂപകൽപന ചെയ്ത് പുറത്തിറക്കിയതും ശാലതന്നെയാണ്. ഫിസിക്സിലുള്ള ബിരുദം യുക്തിസഹമായൊരു ചിന്തക്ക് വഴിതെളിച്ചിട്ടുണ്ടെന്നല്ലാതെ വേറെ പ്രയോജനമൊന്നുമുണ്ടായിട്ടില്ലെന്നും അദ്ദേഹത്തിന്റെ വാക്കുകൾ.

ആക്റ്റിവിസത്തിലും ഒട്ടും പുറകിലല്ല പ്രേംകുമാർ. കാതിക്കുടം നിറ്റാജലാറ്റിൻ സമരമുഖത്ത് എത്തിച്ചേർന്ന് കുറച്ചുനാൾ മുന്നിൽ നിന്നുതന്നെ ആ സമരത്തെ നയിച്ചിട്ടുണ്ട്. ശരിക്കുപറഞ്ഞാൽ കാതിക്കുടം സമരത്തെ ഇത്രയും മുഖ്യധാരയിലേക്കു കൊണ്ടുവരാനുള്ള പ്രധാന കാരണക്കാരിലൊരാൾ പ്രേംകുമാറാണ്. ജീവിതത്തെ വ്യത്യസ്തമായ ഒരു പരീക്ഷണമായി കാണുകയും ആ പരീക്ഷണം വിജയകരമായി പ്രാവർത്തികമാക്കുകയും ചെയ്യുന്നു എന്നുള്ളതാണ് മൂഴിക്കുളം ശാലയിലൂടെയുള്ള പ്രേമന്റെ സന്ദേശം. ●

# മാറഞ്ചേരിയിൽ വിരുന്നുകാർക്കൊരു പാർപ്പിടം


Photo/Koodu Magazine

കേരളത്തിൽ ഏറ്റവുംകൂടുതൽ നീർത്തട ദേശാടനപക്ഷികൾ എത്തുന്ന മാറഞ്ചേരി കോൾമേഖലയിൽ പക്ഷികൾക്ക് ചേക്കേറാൻ പുതുവൃക്ഷങ്ങൾ എന്ന ആശയവുമായി ലൈറ്റ്മാജിക്ക് ഫോട്ടോക്ലബ്. കേരള കോൾ റിസർച്ച് ആന്റ് റിസോഴ്സ് സെന്റർ, ഐ ഫോർ ഇന്ത്യ മീഡിയാ കൺസോർഷ്യം, മാറഞ്ചേരി ഗവ.ഹയർ സെക്കണ്ടറി സ്കൂൾ നേച്ചർ ക്ലബ്ബ്, വിവിധ കോൾപടവ് കമ്മിറ്റികൾ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

സീസണിൽ ഇന്ത്യയുടെ വിവിധഭാഗങ്ങളിൽനിന്നും വിദേശത്തുനിന്നും ആയിരക്കണക്കിന് നീർത്തട ദേശാടന പക്ഷികളാണ് ഇവിടെ എത്താറുള്ളത്. എന്നാൽ ഇവക്ക് ചേക്കേറാനും കൂടുകെട്ടാനും മതിയായ ഇടങ്ങളില്ലാത്തതിനാൽ സമീപ പ്രദേശങ്ങളിലെ പുരയിടങ്ങളിലേക്ക് പറന്നുവരുന്നതും അവിടെവെച്ച് പക്ഷിവേട്ടക്ക് വിധേയമാകുന്നതും ഇവിടെ സാധാരണമാണ്. ഈ പ്രശ്നത്തിനൊരു പരിഹാരം എന്നതാണ് വിരുന്നുകാർക്കൊരു പാർപ്പിടം പദ്ധതി ലക്ഷ്യംവെക്കുന്നത്. കോൾ നിലത്തെ വീതികൂടിയ ബണ്ടുകളുടെ ഓരങ്ങളിൽ മണ്ണൊലിപ്പ് തടയാൻ സഹായിക്കുന്ന വേരുപടലത്തോടുകൂടിയതും പക്ഷികളെ ആകർഷിക്കുന്നതും ഉയരംവെക്കാതെ പടർന്നുപന്തലിക്കുന്നതും പൂക്കളും ചെറുപഴങ്ങളും ഉണ്ടാകുന്നതുമായ തെരഞ്ഞെടുത്ത 50-ഓളം തരം മരങ്ങളാണ് ഇവിടെ നട്ടു പരിപാലിക്കുന്നത്.

**ഉയരംവെക്കാതെ പടർന്നുപന്തലിക്കുന്നതും പൂക്കളും ചെറുപഴങ്ങളും ഉണ്ടാകുന്നതുമായ തെരഞ്ഞെടുത്ത 50 -ഓളം തരം മരങ്ങളാണ് ഇവിടെ നട്ടു പരിപാലിക്കുന്നത്.**

മഴക്കാലത്ത് വെള്ളക്കെട്ട് ഉയരുന്ന പ്രദേശങ്ങളിൽ യാതൊരു മുൻകരുതലുകളും ഇല്ലാതെ മണ്ണടിച്ച് നികത്തി നിർമ്മിക്കുന്ന ബണ്ടുകളിൽ ഈ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിക്കുന്നതോടെ മണ്ണൊലിപ്പ് തടയാനും, അതുവഴി വർഷാവർഷം സംഭവിക്കുന്ന ബണ്ടുപൊട്ടി കൃഷി നശിക്കുക എന്ന ദുരന്തത്തിന് ഒരു പരിധിവരെ അറുതി വരുത്താനും ഈ പദ്ധതി വഴി സാധിക്കുമെന്നും സംഘാടകർ പറഞ്ഞു.

മാറഞ്ചേരി കുമ്മിപ്പാലം ബണ്ടിൽ പദ്ധതിയുടെ ഉദ്ഘാടനം ആദ്യ വൃക്ഷത്തൈ നട്ടുകൊണ്ട് പരിസ്ഥിതി പ്രവർത്തക അമ്പിളി ടീച്ചർ നിർവ്വഹിച്ചു. മാറഞ്ചേരി പഞ്ചായത്ത് എൻ.ആർ.ഇ.ജി.എസ്. അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീജിത്ത് വേളയാതിക്കോട്, കോൾ റിസർച്ച് ആന്റ് റിസോഴ്സ് സെന്റർ പ്രൊജക്ട് കോർഡിനേറ്റർ ജമാൽപനമ്പാട്, ഐ ഫോർ ഇന്ത്യ പ്രധിനിധി റഫീക്ക് പട്ടേരി, ലൈറ്റ്മാജിക്ക് ഫോട്ടോ ക്ലബ്ബ് സെക്രട്ടറി രെദു ദേവ് പൊന്നാനി എന്നിവർ നേതൃത്വം നൽകി.

രണ്ടാംഘട്ടത്തിൽ, കൃഷി-മൃഗസംരക്ഷണ വകുപ്പുകൾ, കെഎൽഡിസി, പികെഡിഎ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പൊന്നാനിക്കോളിലെ മുഴുവൻ ബണ്ടുകളിലേക്കും വ്യാപിപ്പിക്കാനും, അമിതമായ രാസ കീട-കളനാശിനി പ്രയോഗം മൂലം കോൾമേഖലയിൽനിന്നും അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന മിത്രകീടങ്ങളായ എട്ടുകാലികൾ, തുമ്പികൾ, പൂമ്പാറ്റകൾ, ചെറുകിളികൾ എന്നിവയെ ആകർഷിക്കുന്ന പൂക്കളോടുകൂടിയ ജൈവവേലികൾ, രാമച്ചം, തീറ്റ-ഓടപ്പുൽ എന്നിവ വെച്ച് പിടിപ്പിച്ച് ബണ്ട് ബലപ്പെടുത്താനും, ഒരു സ്വാഭാവിക ജൈവ ആവാസ വ്യവസ്ഥ പുനർസൃഷ്ടിക്കാനുമാണ് വിഭാവനം ചെയ്യുന്നത്. ●

*കൂടുതൽ വിവരങ്ങൾക്ക്: ജമാൽ പനമ്പാട് 9846795905.*

# ഭാരതം കൂടുതൽ ഹരിതമാകുന്നു

കാർബൺ പുറന്തള്ളുന്നതിന്റെ തോതു കുറയ്ക്കാൻ ഇന്ത്യ പുതിയ നയങ്ങൾ നിർമ്മിക്കുന്നു. ആഗോളമായി കാർബൺ പുറന്തള്ളുന്നതിൽ മുൻപന്തിയിലുള്ള രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. പക്ഷേ, വനനശീകരണം മൂലമുള്ള അധികരിച്ച കാർബൺ വിസർജ്ജനത്തിനു തടയിടുന്നതിനായി പുതിയ നയങ്ങൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ലോകരാഷ്ട്രസംഘടനയുടെ (UN), REDD+ (Reducing Emissions from Deforestation and forest Degradation) പദ്ധതിക്കനുസൃതമായി പുതിയ നയരേഖയുണ്ടാക്കിയിരിക്കുകയാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം. ലോകത്തിലെ പല അംഗരാഷ്ട്രങ്ങൾ ഒത്തുചേർന്നൊരു കൂട്ടായ പ്രവർത്തനമാണ് REDD+. 2008-ൽ പ്രവർത്തനം തുടങ്ങിയ ഈ പദ്ധതിപ്രകാരം ദൈനംദിന ജീവിതത്തിനായി കാടിനെ ആശ്രയിക്കുന്ന സമുദായങ്ങൾക്ക് വനനശീകരണം കുറയ്ക്കുന്നതിനായി സാമ്പത്തിക സഹായം നൽകുന്നു.

'ഹരിതഗൃഹവാതകങ്ങളുടെ അമിതമായ വിസർജ്ജനം മൂലമുള്ള കാലാവസ്ഥാവ്യതിയാനമാണ് ഇന്നത്തെ ഏറ്റവും കഠിനമായ വെല്ലുവിളി', മന്ത്രാലയത്തിന്റെ കുറിപ്പിൽ പറയുന്നു. കാർബൺ ഡൈ ഓക്സൈഡിന്റെ (പ്രധാനപ്പെട്ട ഒരു ഹരിതഗൃഹ വാതകം) വിസർജ്ജനത്തിനുള്ള പ്രധാന കാരണങ്ങൾ വനനശീകരണവും വനശോഷണവുമാണ്.

മരങ്ങൾ മുറിച്ചുമാറ്റുന്നതിനു പകരം പ്രാദേശികസമൂഹങ്ങൾക്ക് അവർക്കു ചുറ്റുമുള്ള വനങ്ങൾ സംരക്ഷിക്കുന്നതിന് സാമ്പത്തികസഹായങ്ങൾ നൽകും. കാടുകൾ ലോകത്തിലെ ഏറ്റവും വലിയ കാർബൺ സൂക്ഷിപ്പുകേന്ദ്രങ്ങളായി കണക്കാക്കപ്പെടുന്നതിനാൽ വനനശീകരണത്തിനു തടയിടാനായാൽ അതുമൂലമുണ്ടാകുന്ന ആഗോളതാപനത്തെയും കാർബൺ വിസർജ്ജനത്തിലൂടെയുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനത്തെയും നിയന്ത്രിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

REDD+ പദ്ധതിയിൽ ഇന്ത്യ പങ്കാളിയാവുന്നു എന്നത് ഒരു നാഴികക്കല്ലാണ്. കാരണം, ഇന്ത്യയുടെ ഇരുപതു ശതമാനത്തിലധികം പ്രദേശം നിബിഡവനങ്ങളാൽ ആവൃതമായിരിക്കുന്നു. മൊത്തത്തിൽ ഇന്ത്യക്കാകെ 92.20 മില്യൺ ഹെക്ടർ വനമേലാപ്പുണ്ട്. വനങ്ങളാൽ ആവൃതമായ രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യക്ക് പത്താം സ്ഥാനമുണ്ട്. പക്ഷേ, ഏറ്റവും കൂടുതൽ കാർബൺ വിസർജ്ജിക്കുന്ന രാജ്യങ്ങളുടെ പട്ടികയിലും ഇന്ത്യ വളരെ മുകളിലാണ്.

ഈ പുതിയനയത്തിന്റെ നിർമ്മാണവേളയിൽ REDD+ നിബന്ധനകൾ ദേശീയതലത്തിലും പ്രാദേശികമായും നടപ്പാക്കാൻ കഴിയുമെന്ന് ഇന്ത്യ പ്രത്യാശിക്കുന്നു. വനനശീകരണം കുറക്കുക എന്നതാണ് ആത്യന്തിക ലക്ഷ്യമെന്നിരിക്കേ ഇത് പ്രാവർത്തികമാക്കുന്നത് അത്ര എളുപ്പമുള്ള ഒന്നല്ല. നേപ്പാളിൽ പ്രാദേശിക വനസമുദായങ്ങൾ അവർക്ക് ഈ പദ്ധതി മൂലം വരുമാനം കുറഞ്ഞതായാണ് പരാതിപ്പെടുന്നത്. REDD+ എന്നത് ആത്യന്തികമായി ഒരു പാരിസ്ഥിതിക പദ്ധതിയാണ്. ദാരിദ്ര്യത്താൽ കഷ്ടപ്പെടുന്ന വനസമുദായങ്ങളുടെ ഉന്നമനത്തിനായി ഈ പദ്ധതികൊണ്ട് കാര്യമായെന്തെങ്കിലും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. ●

# കേരളത്തിൽ കൂടു കൂട്ടാൻ പെലിക്കൻ

പുള്ളിച്ചുണ്ടൻ കൊതുമ്പനം (Spot-billed Pelican) എന്ന പെലിക്കനുകളെ കേരളത്തിൽനിന്നും മുൻപും റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും അവ കൂടുകൂട്ടുന്നത് ആദ്യമായാണ് പക്ഷിനിരീക്ഷകരുടെ ശ്രദ്ധയിൽ പെടുന്നത്. തിരുനൽവേലിയിലെ കൂന്തൻകുളത്തും മൈസൂരിനടുത്തുള്ള രംഗണത്തിട്ടിലും പെലിക്കൻ കൂട് കണ്ടിട്ടുണ്ടെങ്കിലും കേരളത്തിൽ ഇവ കൂടുകൂട്ടുന്നതായി രേഖപ്പെടുത്തിയിട്ടില്ല. ഈ വർഷം കണിമംഗലം കോൾനിലങ്ങളിലും ഇവയുടെ ഒരു കൂട്ടം ഉണ്ടായിരുന്നു. പശ്ചിമകൊച്ചിയിലെ പൊക്കാളിപ്പാടത്തുള്ള ഒരു തെങ്ങിലാണ് ഇവയുടെ കൂടുകൾ മെയ് ആദ്യവാരം കണ്ടെത്തിയത്. തെങ്ങിന്റെ മണ്ടയിൽ ഇരുവശത്തുമായാണ് രണ്ടു കൂടുകളുണ്ടായിരുന്നത്. നാലു കുഞ്ഞുങ്ങളെയും കണ്ടിരുന്നു. പൂർണ്ണ വളർച്ചയെത്താത്ത കുഞ്ഞുങ്ങളായിരുന്നു അവ. ഒരു കൂട്ടം കാക്കകൾ ചുറ്റുമുള്ള തെങ്ങുകളിൽ ഇരുന്നുകൊണ്ട് ഇടയ്ക്ക് പറന്നു കുഞ്ഞുങ്ങളെ ഉപദ്രവിക്കുന്നുമുണ്ടായിരുന്നു. പെലിക്കൻ മുട്ടകൾ മോഷ്ടിക്കുന്ന കാക്കകളെ കൂന്തൻകുളത്ത് കണ്ടിട്ടുണ്ടെങ്കിലും ഇത്ര വലിയ കുഞ്ഞുങ്ങളെ കാക്കകൾ ഉപദ്രവിക്കുന്നത് ആദ്യമായിട്ടാണ് ശ്രദ്ധയിൽപ്പെടുന്നത്. മനുഷ്യസാമീപ്യം മനസിലാക്കിയാൽ പക്ഷികൾ കൂട് ഉപേക്ഷിച്ചു പോകുന്നത് സാധാരണമായതിനാൽ യഥാർത്ഥ സ്ഥലം വെളിപ്പെടുത്തേണ്ട എന്നാണ് പക്ഷിനിരീക്ഷകർ തീരുമാനിച്ചിട്ടുള്ളത്. പെലിക്കൻ കേരളത്തിൽ കൂടുകൂട്ടി കുഞ്ഞുങ്ങളെ വിരിയിച്ചു എന്ന വാർത്ത ഏതു പ്രകൃതി സ്നേഹിയെ സംബന്ധിച്ചും ശുഭ സൂചകമാണ്. ഇത് നിലനിൽക്കണമെങ്കിൽ അവയുടെ സംരക്ഷണം ഉറപ്പു വരുത്തേണ്ടതാണ്. ഒളിഞ്ഞും തെളിഞ്ഞുമുള്ള വേട്ടയാടൽ ഇപ്പോഴും നമ്മുടെ പാടശേഖരങ്ങളിൽ കാണാം. ●

Photo/Sachin San





## സതാവോ കൊല്ലപ്പെട്ടു

ലോകത്തിലെ ഏറ്റവും വലിയ ആന എന്നു വിശേഷിപ്പിക്കപ്പെടുന്ന സതാവോ, വേട്ടക്കാരുടെ വിഷം പുരട്ടിയ അമ്പുകളാൽ കൊല്ലപ്പെട്ടു. കെനിയയിലെ കിഴക്കൻ സാവോ ദേശീയോദ്യാനത്തിലായിരുന്നു നാൽപ്പത്തഞ്ചു വയസ്സിലധികം പ്രായമുള്ള ഈ ആഫ്രിക്കൻ ആന ജീവിച്ചിരുന്നത്. നിലത്തുവരെ മുട്ടുന്ന കൊമ്പുകളായിരുന്നു സതാവോവിന്റെ ഏറ്റവും വലിയ പ്രത്യേകത. അതുതന്നെയാണ് ഈ ഗജശ്രേഷ്ഠന്റെ ജീവൻ കവർന്നതും. രണ്ടുമീറ്ററിലധികം നീളമുള്ളതായിരുന്നു കൊമ്പുകൾ. കെനിയയുടെ അഭിമാനമായിരുന്നു സതാവോ. കെനിയയിൽ ആനക്കൊമ്പുകൾക്കുവേണ്ടിയുള്ള വേട്ട വളരെ വ്യാപകമാണ്. സതാവോവിനും ഇവന്റെയൊപ്പമുള്ള മറ്റു കൊമ്പന്മാർക്കും പ്രത്യേക സുരക്ഷയുണ്ടായിരുന്നിട്ടുപോലും വേട്ടക്കാർ ആനക്കൊമ്പിനുവേണ്ടി ഇതിനെ കൊല്ലുകയായിരുന്നു. കെനിയയിൽ 2013-ൽ മാത്രം 20,000-ലധികം ആനകളെ ആനക്കൊമ്പുകൾക്കുവേണ്ടി വേട്ടക്കാർ കൊന്നൊടുക്കിയിട്ടുണ്ട്.

## ചെറിയ ഫോട്ടോഗ്രാഫറുടെ വലിയ ചിത്രങ്ങൾ

വയനാട് കല്ലൂർ സ്വദേശിയായ എ.വി. അഭിജിത്തിന്റെ ഫോട്ടോ പ്രദർശനം കോഴിക്കോട് ലളിതകലാ അക്കാദമി ആർട്ട് ഗാലറിയിൽ നടന്നു. കൗമാരക്കാരനായ അഭിജിത്തിന്റെ ചിത്രങ്ങൾ പ്രകൃതിയിലേക്കു തുറക്കുന്ന കാമറക്കണ്ണുകളായിരുന്നു. അപൂർവ്വമായ പക്ഷികളുടെയും പാമ്പുകളുടെയും പൂമ്പാറ്റകളുടെയും വന്യജീവികളുടെയും മറ്റുമായി 60 ചിത്രങ്ങളാണ് പ്രദർശനത്തിനുണ്ടായിരുന്നത്. ഭാരതീയവിദ്യാഭവൻ വിദ്യാർത്ഥിയായ അഭിജിത്ത് രണ്ടുവർഷമായി പ്രകൃതിയുടെ സൗന്ദര്യം കാമറയിൽ പകർത്തുന്നതിൽ ഉത്സുകനാണ്. വയനാട് പ്രകൃതി സംരക്ഷണസമിതിയും ഭാരതീയ വിദ്യാഭവൻ വയനാട് കേന്ദ്രവും ചേർന്നാണ് 'സോങ്ങ് ഓഫ് ശ്യാമ' എന്നു പേരിട്ടിരിക്കുന്ന ഈ പ്രദർശനം സംഘടിപ്പിച്ചത്. പ്രശസ്ത വന്യജീവി ഫോട്ടോഗ്രാഫർ ഡോ. എം.എസ്. മയിൽവാഹനനാണ് ഉദ്ഘാടനം നിർവ്വഹിച്ചത്.

## തണൽ നടുന്നവരുടെ സംഗമം

കേരളത്തിലങ്ങോളമിങ്ങോളം വൃക്ഷത്തൈകൾ നട്ട് നാളേക്കായി തണലൊരുക്കുന്നവരുടെ സംഗമം തൃശ്ശൂർ സാഹിത്യ അക്കാദമിയിൽ നടന്നു. തൈനടൽ ഒരു ജീവിതചര്യയാക്കി മാറ്റി ലക്ഷക്കണക്കിന് തൈകൾ നട്ടുപിടിപ്പിച്ച പാലക്കാട് കല്ലൂർസ്വദേശിയായ ബാലനായിരുന്നു ഏറ്റവും ശ്രദ്ധിക്കപ്പെട്ടത്. വനമിത്ര പുരസ്കാരം ലഭിച്ചിട്ടുള്ള ഈ അറുപത്തിനാലുകാരൻ പരിസ്ഥിതി കേരളത്തിന് വളരെ വലിയ സംഭാവനയാണ് നൽകിയിട്ടുള്ളത്. വിദ്യാധരൻ, സി.വി. ശ്യാംകുമാർ, വേണുഗോപാൽ, വർഗ്ഗീസ്, ഡോ. സീതാരാമൻ, സി.എം. ജോയ്, അബ്ദുൾ റഹ്മാൻ, മോഹൻദാസ്, അരീഫലി, ദീപുമാഷ് എന്നിവരെ മംഗളപത്രം നൽകി ആദരിച്ചു. ഡേവിസ് വളർക്കാവിന്റെ നേതൃത്വത്തിലാണ് പരിപാടി സംഘടിപ്പിക്കപ്പെട്ടത്.



# ജയകുമാറിന് പരിസ്ഥിതി പുരസ്കാരം

തിരുവനന്തപുരത്തുള്ള തണലിന്റെ ട്രസ്റ്റിയും പരിസ്ഥിതിപ്രവർത്തകനുമായ സി. ജയകുമാറിന് മണപ്പുറം ഗ്രൂപ്പിന്റെ സ്ഥാപകനായ വി.സി. പത്മനാഭൻ സ്മാരക പരിസ്ഥിതി പുരസ്കാരം. ഏറെ വർഷങ്ങളായി കേരളത്തിന്റെ കാർഷിക സംരക്ഷണ രംഗത്ത് ക്രിയാത്മകമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളയാളാണ് ജയകുമാർ. ജൂൺ 28-ന് തൃശ്ശൂർ വച്ചു നടന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു. ●

# വിസ്മയമായി മൂന്നാംകണ്ണ്

കൊച്ചി നഗരത്തിലെ വന്യജീവിപ്രേമികൾക്ക് ദൃശ്യ വിരുന്നൊരുക്കി മൂന്നാംകണ്ണ് എന്ന വന്യജീവി ഫോട്ടോഗ്രാഫി പ്രദർശനം സമാപിച്ചു. മോഹൻ തോമസ്, തോമസ് വിജയൻ, ഷഫീക് എന്നിവർ ലോകത്തിന്റെ പല രാജ്യങ്ങളിൽ നിന്നും പകർത്തിയ വന്യജീവികളുടെയും പക്ഷികളുടെയും ചിത്രങ്ങളായിരുന്നു പ്രദർശനത്തിനുണ്ടായിരുന്നത്. നഗരം കണ്ട ഏറ്റവും ജനത്തിരക്കേറിയ ഫോട്ടോ എക്സിബിഷനായിരുന്നു ഇത്. രാജ്യങ്ങളുടെ നിയന്ത്രണരേഖകൾക്കുമപ്പുറത്ത് വന്യജീവികളുടെ സൗന്ദര്യം ഏറ്റവും മനോഹരമായി പകർത്തിയതിന്റെ തുടിപ്പ് ഒട്ടുംതന്നെ ചോർന്നുപോകാതെയുള്ള ഫ്രെയിമുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടു. ജൂൺ 19 മുതൽ 23 വരെ ഡർബാർഹാളിലാണ് പ്രദർശനം നടന്നത്. ●



Photo/Seema Suresh

# 'ഇന്ത്യയിലെ സസ്തനികൾ' പുസ്തകപ്രകാശനം

വൈൽഡ്ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായ വിവേക്മേനോന്റെ 'ഇന്ത്യൻ മാമ്മൽസ്' എന്ന ഫീൽഡ് ഗൈഡ് കേരള കാർഷിക സർവ്വകലാശാലയിൽ വെച്ച് ഡോ. ജേക്കബ് ചീരൻ ജൂൺ 16-ന് പ്രകാശനം ചെയ്തു. ഡോ. വി.എസ്. വിജയനാണ് ആദ്യപ്രതി സ്വീകരിച്ചത്. ഇന്ത്യയിലെ സസ്തനികളെക്കുറിച്ചുള്ള ഏറ്റവും ആധികാരികമായ ഫീൽഡ്ഗൈഡാണ് വിവേക്മേനോന്റേത്. മനോഹരമായ ചിത്രങ്ങളോടുകൂടിയ ഈ പുസ്തകത്തിൽ ഇന്ത്യയിലെ നാന്നൂറിലധികം സസ്തനികളെക്കുറിച്ചുള്ള വിവരണങ്ങളുണ്ട്, ആയിരത്തിലധികം ചിത്രങ്ങളും. ഒരു ആനപ്രേമിയായ വിവേക്മേനോൻ, അറിയപ്പെടുന്ന വന്യജീവി സംരക്ഷകനും നിരവധി വന്യജീവി പുസ്തകങ്ങളുടെ രചയിതാവും വൈൽഡ്ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ സ്ഥാപകനുമാണ്. കൂടാതെ വളരെയധികം രാജ്യങ്ങളിൽ വന്യജീവിസംരക്ഷണവിഷയങ്ങളുമായി ബന്ധപ്പെട്ട് ഉപദേഷ്ടാവായും പ്രവർത്തിക്കുന്നു. ●



# കാടിനെ ചെന്ന് തൊടുമ്പോൾ

പ്രശസ്ത വന്യജീവി ഫോട്ടോഗ്രാഫറും പരിസ്ഥിതി സംരക്ഷണ പ്രവർത്തകനുമായ എൻ.എ. നസീറിന്റെ നടന്നുമറഞ്ഞ കാടോർമ്മകളും അനുഭവങ്ങളും ചേർത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന 'മലമുഴക്കി' എന്ന പരമ്പര മാതൃഭൂമി ബുക്സ് 'കാടിനെ ചെന്ന് തൊടുമ്പോൾ' എന്ന പേരിൽ പുറത്തിറക്കുന്നു. ജൂലൈ 19 ശനിയാഴ്ച വൈകീട്ട് നാലുമണിക്ക് തൃശ്ശൂർ സാഹിത്യ അക്കാദമി ഹാളിൽ വച്ചാണ് പുസ്തകപ്രകാശനം നടക്കുന്നത്. ●


# ഓർഡർ ഫോം

ഞാൻ കൂട് മാസികയുടെ വരിക്കാരനാകാൻ ആഗ്രഹിക്കുന്നു:

○ 1 വർഷം ₹450　○ 2 വർഷം ₹850　○ 3 വർഷം ₹1250

○ മണിഓർഡർ　○ ഡ്രാഫ്റ്റ്　○ ചെക്ക്　○ ബാങ്ക് ട്രാൻസ്ഫർ

നമ്പർ: ..........

തീയതി: ..........

രൂപ: ..........

ബാങ്ക്: ..........

പേര്: ..........

മേൽവിലാസം: ..........

ജില്ല: ..........

സംസ്ഥാനം ..........

പിൻ: ..........

ഫോൺ: ..........

ഇ-മെയിൽ: ..........

**Method of Payment** Cheque/DD in favor of **Kootu Prakrithiyude Spandanam**
**Our Bank Details:** Canara Bank, Koratty, Thrissur
Current A/c No. 3480201000027 | MICR: 680015024 | IFSC: CNRB0003480
For all bank transfers, send the details to subscribekoodu@gmail.com

Koodu Magazine, Pazhayi Building
Koratty P.O., Thrissur, Kerala,
India - 680308.
Phone: +91 9495504602
E-Mail: subscribekoodu@gmail.com
www.koodumagazine.com

ഇ-മെയിലിലൂടെ വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ അഡ്രസ്സിനോടൊപ്പം ബാങ്ക് ട്രാൻസ്ഫർ വിവരങ്ങൾ കൂടി ചേർത്ത് മെയിൽ ചെയ്യുക


D
سفريات الفاخر ذ.م.م
DELUXE TRAVELS W.L.L.
Call the Express!
Business & Holiday trips, Visa services
Hotel and car bookings, Worldwide ticketing & Reservations.
Deluxe Travels, P.O. Box: 16041, Doha - Qatar, Tel: (+974) 4444 7201, 4444 7310, 4435 6641, Fax: (+974) 4432 4926




Printed and Published by Muraleedharan V., Veluthamessery, Cheruvaloor P.O., Thrissur 680308,
on behalf of Muraleedharan V., and Printed at Nirmala HiPrint, Ayyanthole, Thrissur and published at Koratty PO,
Thrissur District, Kerala 680308. Editor: Muraleedharan V.